KOTTAYAM PUBLIC LIBRARY

Call No 803 KOS.H Acc. No 4505

Author കോശി എം. ഡി.

Title ഹാസ്യോപന്യാസങ്ങൾ.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ഗദ്യോപന്യാസങ്ങൾ

Edited by

M. KOSHY M. A. L. T.

എസ്സ്. ആർ. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

എസ്സ്. ആർ. പ്രസ്സ്,
തിരുവനന്തപുരം.
1125

KOTTAYAM
TRAVANCORE.

NATIONAL BOOK STALL
KOTTAYAM
KALARICKAL BAZAR

# വിഷയവിവരം


1. വിഹംഗമവിജയം
2. നമ്മുടെ ശത്രുക്കൾ
3. ഐശ്വര്യം
4. പോൾഡുഷെയ്‌ല്യ
5. വിശ്വാമിത്രൻ
6. കീർത്തികാംക്ഷ
7. നാസ്തിക്യം
8. അല്പപ്രാണികൾ
9. ശാസ്ത്രാഭിവൃദ്ധി
10. കപ്പും സാസറും
11. സ്നേഹം
12. മനഃസംസ്കാരം
13. വ്യവസായം.

# ഗദ്യോപന്യാസങ്ങൾ

No. 4505

## വിഹംഗമവിജയം

ഒരു പക്ഷിയുടെ ജീവിതാവസ്ഥയിൽ വിജയസൂചകമായ ഏതോ ഒരു ചൈതന്യമുണ്ടെന്നു കാണാം. വിഹഗം വായുവിൽ വിശ്രമിക്കുന്നു; അതിനെ അധീനപ്പെടുത്തുന്നു; അതിനെ അതിലംഘിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ താൻതന്നെയാണു വായുവെന്നുള്ള സ്വാത്മബോധത്തോടുകൂടി വിഹംഗമങ്ങൾ വിജയിക്കുകയും വിശേഷാല്പംഷേണ വർത്തിക്കുകയും ചെയ്യുന്നുവെന്നാത്രേ റസ്കിൻ പറയുന്നതു്.

എത്ര സമഗ്രതയോടുകൂടി പക്ഷികൾ പ്രഭാതാൽ പ്രഭൃതി നിശാഗമം വരെ ഉത്സാഹഭരിതരായി പാടിക്കൊണ്ടു പറന്നു നടക്കുന്നു! വായുവിലുള്ള അവയുടെ സ്വാധീനശക്തിയെ അവ എത്രമാത്രം അനായാസേന പ്രത്യക്ഷമാക്കുന്നു! ആവിയന്ത്രങ്ങളിൽനിന്നു വ്യത്യസ്തമായ വിധത്തിൽ ഇന്ധനവ്യയമല്പംപോലുമില്ലാതെ, അവ തങ്ങളുടെ ചലനങ്ങളെ എത്ര നിഷ്പ്രയാസമായി സാധിക്കുന്നു! ഒരു സന്ദേശവാഹിയായ കപോതം മണിക്കൂറൊന്നിനു് അമ്പതു മൈൽവീതം നാലുമണിക്കൂറു തുടരെ പറന്നതായും, മറെറാന്നു് ഒരു മണിക്കൂർ എട്ടു മിനിററിൽ നൂററിനാല്പത്തഞ്ചു മൈൽ സഞ്ചരിച്ചതായും പക്ഷിപര്യവേക്ഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

സാധാരണ ഒരു ചെറുപറവയ്ക്കുപോലും ഒരു മണിക്കൂറിൽ മുപ്പതുമൈൽ ദൂരം പറക്കുന്നതിനു സാധിക്കുന്നതാണ്. ഒരു സംഘം ഇരണ്ടകൾ അതിവേഗം പൊയ്ക്കൊണ്ടിരിക്കുന്ന ആവിവണ്ടിയെ സമീപിക്കുന്നതും, ആ വഴി തന്നേ വണ്ടിയേക്കാൾ വേഗം കടന്നുപോയി അപ്രത്യക്ഷമാകുന്നതും നാം കാണുന്നുണ്ടല്ലോ. പല പക്ഷികൾക്കും മണിക്കൂറൊന്നിൽ അമ്പതു മൈൽവീതം സഞ്ചരിക്കാവുന്നതും, ഈ രീതിയിൽ അനേകം മണിക്കൂറുകൾക്ക് അവയുടെ ഗതി തുടരാവുന്നതുമാണ്. മനുഷ്യനു് ഇപ്പോൾ സാധിതപ്രായമായിരിക്കുന്ന വിദൂരവിജയത്തിന്റെ ഗുരുനാഥന്മാർ വിഹംഗമങ്ങളാണെന്നു വിശ്വസിക്കുന്നതിൽ വിരോധാഭിപ്രായത്തിനു വകയില്ല.

സുവർണ്ണപത്രങ്ങളും ശാന്തപ്രകൃതിയുമുള്ള ഒരുമാതിരി വിഹഗങ്ങളുടെ ഒരു വലിയ സംഘം വർഷകാലത്തു് അമേരിക്കാഖണ്ഡത്തിൽനിന്നു രണ്ടായിരം മൈലകലെയുള്ള ഹവൈയിൻ ദ്വീപങ്ങളിൽ അധിവസിക്കുന്നുവത്രെ. വസന്താരംഭത്തിൽ അസ്വാസ്ഥ്യം ജനിക്കയാൽ അവിടെനിന്നു രണ്ടായിരം മൈൽ അകലെയുള്ള അലാസ്കയിലേക്ക് അവ ആത്മരക്ഷാർത്ഥം പറന്നെത്തുകയാണു ചെയ്യുന്നതു്. അവിടെ അവററ അല്പകാലം വിശ്രമിക്കുകയും അതിന്നിടയ്ക്കു് സന്താനോല്പാദനം കഴിച്ചു് കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്തശേഷം വീണ്ടും സമുദ്രതരണംചെയ്തു് വിജയകോലാഹലപൂർവ്വം തങ്ങളുടെ ഒഴിഞ്ഞുകിടന്നിരുന്ന കൂടുകളിൽ പ്രവേശിക്കുന്നു. സ്നേഹപൂർവ്വം വീശിക്കൊണ്ടിരിക്കുന്ന വായുഭഗവാനൊഴികെ മാർഗ്ഗദർശകമായി മററു



പക്ഷികൾ

യാതൊരു ലക്ഷ്യവുമില്ലാതെയും, യാത്രയ്ക്കിടയിൽ വിശ്രമത്തിന് ഒരു താവളവും ആഹാരവുംപോലും കൂടാതെയും ഈ ചെറുപറവകൾ ഇത്രദൂരം കടന്നുപോകുന്നതു് കായികമായ ഒരസാദ്ധ്യതയാണെന്നു തോന്നിയേക്കാമെങ്കിലും യഥാർത്ഥത്തിൽ വർഷംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരത്ഭുതപ്രദർശനമാണു മേൽ പ്രസ്താവിച്ചിട്ടുള്ളതെന്നു് പല പര്യവേക്ഷകന്മാർക്കും അനുഭവപ്പെട്ടിട്ടുണ്ടു്.

ആഹാരസമ്പാദനത്തിന് പക്ഷികൾ പ്രയോഗിക്കുന്ന കൗശലങ്ങൾ അസംഖ്യങ്ങളും അത്ഭുതാവഹങ്ങളുമാണു്. ചിലതു് ചിത്രശലഭങ്ങളെപ്പോലെ അവയുടെ ദീർഘരസനകളെ പുഷ്പങ്ങളുടെ അഗാധമായ അടിക്കിണ്ണങ്ങളിൽ കടത്തി മധുമകരന്ദരസത്തെ അപഹരിച്ചു് ആസ്വദിക്കുന്നു. മരംകൊത്തികൾ മദ്യസംഭരണത്തിന് മഹാസാലകരവൃക്ഷങ്ങളുടെ മണ്ടകളിൽ മനുഷ്യപ്രതിഷ്ഠിതങ്ങളായ മൺകുടങ്ങളെ ഭേദിച്ചു് മധുപാനംചെയ്തു മനസ്സംതൃപ്തിയടയുന്നു. ന്യൂസിലൻ്റിലുള്ള ഒരുവക തത്തകൾ അജമാംസാസക്തിമൂലം ആടുകളുടെ സന്ധിബന്ധങ്ങളെ കൊത്തി വിടുർത്തി ഇവയെ ഹിംസിക്കുകപോലും ചെയ്യുന്നവരത്രെ. കാക്കത്തമ്പുരാട്ടികൾ അമൃതേത്തുകഴിക്കുന്നതു് അല്പപ്രാണികളെയാണെന്നു നാം കാണുന്നുണ്ടല്ലോ. എന്നാൽ ഇവയെക്കാൾ എല്ലാം വിചിത്രമായിരിക്കുന്നതു് ഗ്രീസിലെ ഗൃദ്ധ്രങ്ങൾ അവിടെയുള്ള കൂർമ്മങ്ങളോടു ചെയ്യമാറുന്ന സമ്പ്രദായമത്രെ. ഈ ആമകൾ നമ്മുടെ നാട്ടിലുള്ളവയെപ്പോലെതന്നേ ആകമാനം അഭേദ്യമായ ഓട്ടികൊണ്ടു് ആവൃതമായിരിക്കുന്ന ജന്തുക്ക

ളാണ്. തലയും കാലുകളും വാലുപോലും ഉള്ളിലേയ്ക്കു വലിക്കുന്നതിനു നിഷ്പ്രയാസം സാധിക്കുന്നതുകൊണ്ടു് ആമ ആത്മാവിനെപ്പോലെ, അഭിച്ഛേദ്യമായ ഒരു സാധനമാണെന്നു പറയാം. സ്വശരീരത്തെ ഉത്തരക്ഷണത്തിൽ ദുർഗ്ഗമമായ ഒരു ദുർഗ്ഗമാക്കിത്തീർക്കാവുന്ന ഈ ജന്തുവിനെ ഉപദ്രവിക്കുന്നതിനു് എന്തുപായമാണു് ഉപയോഗപ്പെടുത്തുന്നതു്? ഗ്രീസിലെ ഗൃദ്ധ്രങ്ങൾ അവയുടെ കാൽമുള്ളുകളിൽ ആമകളെ റാഞ്ചിയെടുത്തു് ആകാശത്തിൽ അത്യന്തം ഉൽപതിക്കുകയും, അത്ര ഉയരത്തിൽനിന്നു ഊററ മ്പാറകളുടെ പുറത്തേയ്ക്കു് പൊട്ടിത്തെറിച്ചുപോകുമാറു് അവയെ അധഃപതിപ്പിക്കുകയുമാണു ചെയ്യുന്നതു്. അനേക ശതാബ്ദങ്ങൾക്കു മുൻപിൽ ഈ കഴുകന്മാരിൽ ഒരു വിദ്വാൻ ഈ വിധത്തിൽ ഈസ്ചിലസ്സ് എന്ന മഹാകവിയുടെ കഷണ്ടിത്തല വെള്ളപ്പാറയാണെന്നുള്ള തെററിദ്ധാരണ കൊണ്ടു് ഒരാമയെ അതിന്മേൽ ഇട്ടുകളയുകയാൽ അദ്ദേഹം അകാലനിര്യാണമടയേണ്ടിവന്നതായ ഒരു ശോകപര്യവസായിയായ ചണ്ഡകാവ്യം യവനസാഹിത്യത്തിലുള്ളതായി കാണാം.

വിഹംഗമവിജ്ഞയങ്ങളിൽ വിശേഷമായ മറെറാരു സംഗതി അവയുടെ സാമുദായികജീവിതസമ്പ്രദായമാണു്. ദൃഷ്ടാന്തമായി കാക്കക്കൂട്ടം ഒരു നിരർത്ഥകമായ സംഘം അല്ലെന്നു സൂക്ഷിച്ചാൽ അറിയാം. നിയമങ്ങളോട്ട് സദൃശമായി അന്യൂനമായ നടപടിക്രമംകൊണ്ടും ഐകകണ്ഠ്യേന പ്രവർത്തിക്കുന്നതിനുള്ള അതിശയമായ ശക്തി കൊണ്ടും, കാക്കകളുടെ കൂട്ടുകെട്ടു് ഒരു ഉൽകൃഷ്ടമായ

സാമുദായബന്ധമാണെന്നുള്ളതു് പ്രത്യക്ഷമാണു്. ഒരു കാക്കയ്ക്കു തന്റെ അയൽവാസിയായ സഹോദരന്റെ കൂട്ടുകളിലുള്ള ചില ചുള്ളികൾ ചോരണംചെയ്യുന്നതു് അനുവദനീയമായി ഗണിക്കപ്പെടുന്നുവെങ്കിലും, ആ കൂടിനെ ആകമാനം ആക്രമിക്കുന്നതും അപഹരിക്കുന്നതും ഒരു സാമുദായികാപരാധമായും ശിക്ഷാർഹമായുമത്രെ സഹോദരസംഘക്കാർ തീരുമാനിച്ചിരിക്കുന്നതു്. വായസങ്ങൾ ഒന്നിച്ചുകൂട്ടുന്നതു് എന്തുദ്ദേശത്തോടുകൂടിയാണെന്നും, അവയുടെ സഭകളിൽ എന്തെല്ലാം വിഷയങ്ങൾ ആലോചനയ്ക്കു വരുന്നുണ്ടെന്നും, ഏതെല്ലാം പ്രമേയങ്ങൾ അവതരിപ്പിക്കുന്നുണ്ടെന്നും മനുഷ്യനു് അജ്ഞാതമായിരിക്കുന്നതേയുള്ളു. എങ്കിലും, അപ്രകാരമുള്ള സന്ദർഭങ്ങളിൽ ധാരാളം പ്രസംഗങ്ങളും പ്രായോഗികമായ നിശ്ചയങ്ങളും നടക്കുന്നുണ്ടെന്നുള്ളതു് നിസ്സംശയമാണു്. കാക്കകളും കൊക്കുകളും തത്തകളുമാണു് സാമുദായികമായ ജീവിതത്തിൽ നൈസർഗ്ഗികമായ വാസനയും പ്രതിപത്തിയും കാണിക്കുന്ന വിഹംഗമവർഗ്ഗക്കാർ. സമ്മേളിക്കുന്നതിലും പ്രവർത്തിക്കുന്നതിലും വിഹരിക്കുന്നതിലും ഒരു വർഗ്ഗീയമായ മനോഭാവം ഇവയ്ക്കുണ്ടെന്നുതന്നെയാണു തോന്നുന്നതു്.

വികാരങ്ങളേയോ വിചാരങ്ങളേയോ പ്രകടിപ്പിക്കുന്നതിനു ശരീരാവയവങ്ങളുടേയോ, സാധനസാമഗ്രികളുടേയോ സമർത്ഥമായ പ്രയോഗചാതുര്യമാണു കലയെന്നു വ്യാഖ്യാനിക്കാമെങ്കിൽ, പക്ഷികളുടെ പല ചേഷ്ടകളും കലാസീമകൾക്കുള്ളിലോ അടുത്തോ നില്ക്കുന്നതായി കാണാം. ജീവിതസന്തുഷ്ടിയുടേയും പ്രേമത്തിന്റേയും നിരർഗ്ഗളമായ പ്രവാഹത്തെ മാത്രമല്ല, അവയുടെ ഗാനങ്ങൾ സൂചിപ്പി

ക്കുന്നതു്. സംഗീതകലയ്ക്കുള്ള ഒരു ഗുണവിശേഷമായ ഹൃദയാഹ്ലാദപ്രദത്വം പക്ഷികളുടെ പാട്ടുകളിൽ അന്തർലീനമായിരിക്കുന്നുവെന്നു പറയുന്നതു് അല്പംപോലും അതിശയോക്തിയല്ല. ഈ ചേതോഹരമായ കോലാഹലങ്ങൾ സംഗീതകലയെപ്പോലെതന്നെ അതിലളിതമായ ധ്വന്യത്ഥവും സ്വാനുഭവത്വവും സമ്പൂർണ്ണമായി അന്തർഭവിച്ചിരിക്കുന്ന മധുനിഷ്യന്ദികളായ ഗീതഗോവിന്ദങ്ങളാണു്, വിഹംഗമങ്ങളുടെ വിഹായസവിഹാരങ്ങളും വിശിഷ്ടനൃത്തങ്ങളും ഇതുപോലെതന്നെ നൃത്തകലയോടു് അതിസാമ്യം വഹിക്കുന്നുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണു്. പ്രസ്തുത കലകളിൽ അഭിജ്ഞനായ കേരളകാളിദാസൻ,

അകാരത്തിൻസുഷമയിതുപോലേതുപക്ഷിക്കുപാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ;
ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ, ഭവാനീശനാം നാശനായ.

എന്നു് സ്വാനുഭവത്തിൽനിന്നു് സങ്കല്പിച്ചിരിക്കുന്ന കവിതാതല്പര്യത്തിന്റെ അനശ്വരമായ അസ്വാദ്യതയ്ക്കുള്ള കാരണം മറ്റെങ്ങും തന്നെ നാം ആരായേണ്ടതായിട്ടില്ല.

---

# നമ്മുടെ ശത്രുക്കൾ

മനുഷ്യന്റെ ഉദ്ഗതിക്ക് വിഘാതങ്ങളായിരിക്കുന്നതു വിഷജന്തുക്കളും സാംക്രമികരോഗാണുക്കളുമാണ്. നാം അരണ്യമഹാമൃഗങ്ങളെപ്പോലും ആക്രമിച്ച് വിജയികളായി അടിമപ്പെടുത്തിയിട്ടുണ്ടെങ്കിലും, അല്പപ്രാണികളുടെ ആക്രമണത്തിൽ ചിലപ്പോൾ അതീവ ഭയാകുലരായി അവശതയിലുണ്ടുപോകുന്നു. നാം വാരണവീരന്മാരെ ചൊല്പ്പടി നടത്തുകയും, മൃഗരാജാക്കന്മാരെക്കൊണ്ട് സർക്കസ്സുകളിപ്പിക്കുകയും, വ്യാഘ്രവരാഹങ്ങളെ വേട്ടയാടുകയും, കാണ്ടാമൃഗങ്ങളെ അവയുടെ കണ്ടകകന്ദരങ്ങളിൽ കടന്ന് എതിരിടുകയും ചെയ്യുന്നല്ലോ. ഉഷ്ട്രം, ഗർദ്ദഭം, അശ്വം മുതലായ മൃഗങ്ങളെ നാം വാഹനങ്ങളാക്കിയിരിക്കുന്നു. പട്ടി, പശു, ആട് മുതലായവയെ നാം നമ്മുടെ ഗാർഹികാവശ്യങ്ങൾക്കു വേണ്ടി കീഴടക്കി വളർത്തുകയും ചെയ്യുന്നുണ്ട്. കിംബഹുനാ നാം മൃഗലോകത്തെ അടക്കമാനം മനുഷ്യസേവനത്തിനുതകത്തക്കവണ്ണം സ്വാധീനപ്പെടുത്തിയിരിക്കുന്നെന്ന് നിസ്സംശയമായി പറയാം.

പല അല്പപ്രാണികളെപ്പോലും മനുഷ്യൻ തന്റെ സഹകാരികളായും സഹായികളായും സ്വീകരിച്ചിട്ടുണ്ട്. പട്ടുപുഴുക്കൾ, തേനീച്ചകൾ മുതലായവ ഇതിന് ദൃഷ്ടാന്തങ്ങളാണ്. അരക്ക കിട്ടുന്നതു് ഒരു മാതിരി അല്പപ്രാണികളിൽ നിന്നാണ്; നാട്ടുവൈദ്യന്മാർ ശസ്ത്രക്രിയയ്ക്കു പകരം ശാസ്ത്രീയമായി ചോരട്ടകളെ കടിപ്പിച്ചാണ് ദുഷ്ടരക്തം വലിച്ചെടുത്തു കളയുന്നതു്. ഏവംവിധം മനുഷ്യ

ലോകം പല മൃഗങ്ങൾക്കും പല അല്പപ്രാണികൾക്കും കടപ്പെട്ടാണിരിക്കുന്നത്.

എന്നാൽ മനുഷ്യലോകത്തിൽ ദുഷ്ടന്മാരും, ശിഷ്ടന്മാരും, നിരുപദ്രവികളും ഉള്ളതുപോലെതന്നെ അല്പപ്രാണികളുടെ കൂട്ടത്തിലും ഈ മൂന്നു വർഗ്ഗക്കാരുമുണ്ട്. ഇവയിൽ മരണകാരികളായ ചില ചെറുപ്രാണികളാണു് മനുഷ്യന്റെ ഉയർച്ചയ്ക്കുള്ള മാർഗ്ഗങ്ങളിൽനിന്നു് മഹാവിപത്തുകളുണ്ടാക്കുന്നത്. ഈ തരത്തിലുള്ള അല്പപ്രാണികളെ ഹിംസ്രമൃഗങ്ങളായ സിംഹവ്യാഘ്രങ്ങളെക്കാളും, വിപൽകാരികളായ വിഷപ്രാണികളെക്കാളും നാം ഭയപ്പെടേണ്ടിയിരിക്കുന്നു. ജീവജാലങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നവനായ മനുഷ്യൻ ഊതിയാൽ പറന്നുപോകുന്ന ഒരു കൊതുകിന്റെ ബലിസാധനമായിരിക്കുന്നുവെന്നുള്ള വിധിവിലാസം വിചിത്രമെന്നേ പറയാനുള്ളൂ. അത്ഭുതാവഹങ്ങളായ അനവധി കാര്യങ്ങളെ സാധിച്ചിട്ടുള്ളവനും അനേക ശക്തികളെ കീഴടക്കിയിരിക്കുന്നുവെന്നു് സ്വയം അഭിമാനിക്കുന്നവനുമായ മനുഷ്യൻ, ഒരണുപ്രാണിയുടെ ആജ്ഞയ്ക്കനുസരണമായി മരിക്കുകയോ ഇരിക്കുകയോ ചെയ്തുകൊള്ളണമെന്നത്രേ വിധികല്പിതം. അതു് അക്രമിക്കുന്നുവെങ്കിൽ അവൻ മരിക്കുകയും, ഇല്ലെങ്കിൽ ജീവിച്ചിരിക്കുകയും ചെയ്യുന്നു. ഒരു കൊതുകിനോ, ഈച്ചയ്ക്കോ, വിക്രമാദിത്യനേയോ, കാളിദാസനേയോ സംഹരിക്കുന്നതിനു് സാധിക്കുന്നതാണെന്നുള്ള സംഗതി അവിശ്വസനീയമായി തോന്നിയേക്കാമെങ്കിലും അത്യന്തം പരമാർത്ഥമാണു്. ശാസ്ത്രകലയിൽ ശാശ്വതമായ യശഃസ്തംഭങ്ങളെ സ്ഥാപി

ക്കുന്നതിനു ശക്തിയുള്ള മസ്തിഷ്ക്കങ്ങൾ മനുഷ്യദൃക്കുകൾക്ക് അഗോചരമായ ഒരണുപ്രാണിയുടെ ഏകദേശമാത്രയിൽ മലീമസമായി മണ്ണോട്ടു ചേൎന്നുപോകുന്നുണ്ടല്ലോ.

ഉഷ്ണമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സന്നിപാതാദിജ്വരങ്ങളുടെ ഉത്ഭവത്തിനു വിഷാണുക്കളാണു് നിദാനമായിരിക്കുന്നതു്. സാംക്രമികജ്വരങ്ങളെല്ലാം പരോപജീവികളായ പരമാണുക്കളിൽനിന്നു് പടൎന്നുപിടിക്കുന്നതാണെന്നു് പൌരസ്ത്യപാശ്ചാത്യഭിഷഗ്വരന്മാർ ഉൽഘോഷിക്കുന്നതു് നാം എല്ലാവരും കേട്ടിരിക്കുമല്ലോ. ഒരുതരം വിഷവാഹികളായ ഈച്ചകളുടെ ആധിക്യവും ആക്രമണവുംമൂലം തെക്കേ അമേരിക്കയിൽ ചില പ്രദേശങ്ങളിൽ കുതിരകൾക്കു് സ്വൈരമായി ജീവിക്കുന്നതിനു് പ്രയാസമായിരിക്കുന്നു. പരിഷ്കൃതരായ മനുഷ്യൎക്കോ അവരോടുകൂടിയുള്ള ഗാൎഹികമൃഗങ്ങൾക്കോ അധിവാസയോഗ്യമല്ലാത്ത പല സ്ഥലങ്ങളും ആഫ്രിക്കാഖണ്ഡത്തിൽ ഇന്നുമുണ്ടു്. കിരാതന്മാൎക്കും, വന്യമൃഗങ്ങൾക്കും മാത്രമേ അവിടങ്ങളിൽ ഉപജീവിക്കാവൂ. പല തലമുറകളായി അവിടെ വസിച്ചുവരുന്ന ഈ വകക്കാരിൽപോലും ആരോഗ്യസമ്പന്നന്മാർ മാത്രമേ കൊതുകുകളുടേയും ഈച്ചകളുടേയും കൊത്തുകൊണ്ടു് ചാകാതെ ഇരിക്കുന്നുള്ളു.

ഈവിധ വിപത്തുകൾ ഉഷ്ണമേഖലയിൽ മാത്രമല്ല ഉണ്ടാകുന്നതു്. യൂറോപ്പുഖണ്ഡത്തിലുള്ള രാജ്യങ്ങളിലും ഏഷ്യയിൽ മററു മേഖലകളിലുള്ള രാജ്യങ്ങളിലും പ്ലേഗ് എന്നുള്ള ഭയങ്കരവ്യാധി അനേകശതാബ്ദങ്ങളായി കൂത്താടി

കൊണ്ടുതന്നെയിരിക്കുന്നു. ഇംഗ്ലണ്ടിൽ ഒരു കാലത്തുണ്ടായി അസംഖ്യമാളുകളെ അപഹരിച്ചുകൊണ്ടുപോയ ബ്ലാക്ക്ഡത്ത് എന്ന ഘോരസംഭവത്തെപ്പററി നാം ചരിത്രത്തിൽ വായിച്ചിട്ടുണ്ടല്ലോ. ശുചീകരണവിഷയത്തിലും, ആരോഗ്യനിയമാനുഷ്ഠാനത്തിലും ശ്രേഷ്ഠാന്തി പ്രദർശിപ്പിച്ചുവരുന്ന പരിഷ്കൃതങ്ങളായ പാശ്ചാത്യരാജ്യങ്ങളിൽ ഈ മഹാവ്യാധിയുടെ അക്രമണത്തിന്റ സൗകര്യങ്ങൾ കുറഞ്ഞിരിക്കുകയാണെങ്കിലും, മററു പ്രദേശങ്ങളിൽ ഇക്കാലത്തും ഇതു് സ്വച്ഛന്ദവിഹാരം ചെയ്തുകൊണ്ടുതന്നെയിരിക്കുന്നുവെന്നു് അനുദിനപത്രങ്ങളിലെ വാർത്താവിതരണപംക്തികളിൽനിന്നു് നമുക്കു് കാണാവുന്നതാണു്. പ്രസ്തുത സാംക്രമികരോഗത്തിനു് ഹേതുഭൂതമായിരിക്കുന്നതു് സംപൂജ്യനായ ഗണപതിയുടെ വാഹനമെന്നു നാം സങ്കല്പിച്ചിരിക്കുന്ന മൂഷികശ്രേഷ്ഠനല്ലെങ്കിലും ഒരുമാതിരി ഈച്ചകളെ പേറിനടക്കുന്ന എലികളാണെന്നു് തെളിഞ്ഞിരിക്കുന്നു. വണിഗ്ജനന്മാരുടെ ഭാണ്ഡങ്ങളിലും, പെട്ടികളിലും ഒളിച്ചുപതുങ്ങിയിരുന്നു് ഇവ ഒരിടത്തുനിന്നും മറെറാരിടത്തു് കടന്നുകൂട്ടുകയും, അവരിൽ ചിലരോടൊപ്പം വ്യാജമായ വ്യാധിവ്യാപാരത്തിൽ ഏർപ്പെട്ടു് ജനസഞ്ചയത്തിനു് വ്യാകുലതയും, വ്യയവും വിപത്തും വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നുവെന്നതു് വൈദ്യപരീക്ഷണങ്ങളെക്കൊണ്ടു് വ്യക്തമായിട്ടുണ്ടു്. മലേറിയാ എന്നു പറയപ്പെടുന്ന വിഷമജ്വരം പ്രചരിക്കുന്നതു് കൊതുകുകളുടെ ശല്യം കൊണ്ടാണെന്നു് ശാസ്ത്രജ്ഞന്മാരുടെ ദീർഘമായ പരിശോധനയുടെ ഫലമായി ഇപ്പോൾ സാമാന്യജനങ്ങൾ

പോലും ഗ്രഹിച്ചിരിക്കുന്നു. ഇതുകൊണ്ടുണ്ടാകുന്ന ഭയങ്കര വിപത്തിന്റെ പരിണാമത്തെ തീവ്രമായ ഹൃദയവേദനയോടുകൂടിയല്ലാതെ വിചാരത്തിനുപോലും വിഷയമാക്കുന്നതിനു നിവൃത്തിയില്ല. പ്രസിദ്ധമായ പെനാമാകൃനാൽ നിർമ്മിക്കുന്നതിന് പ്രതിബന്ധമായിരുന്നത് പ്രധാനമായി കൊതുക്കളുടെ വിഷപ്രയോഗശക്തിയല്ലാതെ മറെറാന്നുമല്ലായിരുന്നു.ആ തോടുവെട്ടുന്നതിൽ ഏർപ്പെട്ടിരുന്നവരെ കൊതുക്കൾ പോർക്കളത്തിലെന്നപോലെ കോടിക്കണക്കിൽ കൊന്നു തള്ളിക്കൊണ്ടിരുന്നു. ശേഷിച്ചവർ പ്രാണഭീതിയോടുകൂടി അവിടെ നിന്നു പലായനം ചെയ്യുകയും തൽഫലമായി ചെയ്തുതീർത്ത ജോലിതന്നെ നാമാവശേഷമായി തീരുകയുംചെയ്തു. റൊനാൾഡ് റാസ്സ് എന്ന ശാസ്ത്രജ്ഞൻ തന്റെ ഭൂതക്കണ്ണാടിയുടെ സഹായത്താൽ വിഷമജ്വരപ്രചരണത്തിൽ വിജൃംഭശക്തിയുള്ള ഈ വിഷജന്തുക്കളുടെ വിചിത്രചരിത്രം വിശദീകരിച്ചു് അവയുടെ ഉപദ്രവങ്ങളിൽനിന്ന് മനുഷ്യരെ വിമുക്തരാക്കുന്നതിനുള്ള വിദ്യ കണ്ടുപിടിച്ചതിനുശേഷമേ, പ്രസ്തുതപ്രദേശം വാസയോഗ്യമായിത്തീർന്നുള്ളു. റോസ്സിന്റെ പരിശ്രമങ്ങളുടെ ഫലമായി ഉഷ്ണമേഖലയിലും ഉപോഷ്ണമേഖലകളിലും നാഗരികതപാത്തെ സംപ്രാപിക്കുന്നതിന് സദ്ഉദ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന രാജ്യങ്ങൾക്കുകൂടി വിഷമജ്വരത്തിന്റെ പീഡകളിൽനിന്ന് വിമോചനം സിദ്ധിക്കാനിടയില്ലയോ എന്ന പ്രശ്നം എവിടെയും ഇപ്പോൾ ആലോചനാവിഷയമായിത്തീർന്നിട്ടുണ്ടു്.

ഈ സംഗതികളിലെല്ലാംനിന്ന് പ്രസ്പഷ്ടമാകുന്നത്, ലോകവിജയത്തിൽ മനുഷ്യൻ സ്തുത്യർഹമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും, അവൻെറ അത്യന്തഭയങ്കരന്മാരായ അരാതിവർഗ്ഗക്കാർ അവനു കീഴടങ്ങാതെ ആടക്കളങ്ങളിൽ അത്തുവിളിച്ചുകൊണ്ടിരിക്കുന്നതേ ഉള്ളൂ എന്നാണു്. മററു ശത്രുക്കളെല്ലാം മനുഷ്യനു കീഴടങ്ങി; അവ അവൻെറ സേവകന്മാരോ സഹകാരികളോ ആയി. എന്നാൽ ഏറാക്കുറെ അവിജ്ഞാതവും അക്ഷീണവുമായ ആത്മചൈതന്യമുള്ള അനന്തകോടി അണുപ്രാണികൾ അജയ്യരായി അലഞ്ഞുനടന്നു് അതിക്രമം ചെയ്യുന്നതിനെ നാം അശരണരായി ഇന്നും അനുഭവിച്ചുംകൊണ്ടുതന്നെയാണിരിക്കുന്നത്. അതുകൊണ്ടു മനുഷ്യനു് ഇനിമേൽ ഉണ്ടാകേണ്ട വിജയം ജന്തുവർഗ്ഗത്തിൽ തൻെറ ജന്മവിരോധിയായി അവശേഷിച്ചിരിക്കുന്നതും വിഷശരപ്രയോഗചാതുര്യമേറുന്നതുമായ അല്പപ്രാണികളോടു് സമരം ചെയ്തു് സമ്പാദിക്കേണ്ടിയിരിക്കുന്നുവെന്നുള്ളതു് അത്ഭുതാവഹമായിതോന്നാമെങ്കിലും, അക്ഷരംപ്രതി വാസ്തവമാണു്.

# ഐശ്വൎയ്യം

ലക്ഷ്മിയും സമ്പത്തും ഐശ്വൎയ്യവുമെല്ലാം പണത്തിൻെറ പൎയ്യായങ്ങളാണു്. ലക്ഷണങ്ങളെക്കൊണ്ടുള്ള ലക്ഷ്മിയെക്കാൾ പത്തുകളെക്കൊണ്ടുള്ള ലക്ഷ്മിക്കു് വൈരുദ്ധ്യമൊന്നുമില്ല. അതു് അവസ്ഥയിൽ കുറഞ്ഞതാനാലും പ്രപഞ്ചദൎപ്പണത്തിൽ പ്രതിഫലിച്ചുകാണുന്ന ആത്മീയശക്തിയുടെ നാരായവേരാണു്. ഭാഷ മാററി പറയുകയാണെങ്കിൽ "പണമേ ഗുണം" എന്ന പഴമൊഴിയെ വേദവാക്യംപോലെ വിലവയ്ക്കേണ്ടതാകുന്നു.

"അൎത്ഥേന സൎവ്വം വശം" സംശയമില്ല. പഴയ കാലത്തും പണത്തിൻെറ വിലയ്ക്കു് യാതൊരു കുറവുമുണ്ടായിരുന്നില്ല. ഇനിയൊട്ടുണ്ടാകയുമില്ല. "സൎവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തേ" എന്നു് പറഞ്ഞ പണ്ഡിതൻ,

"വിദ്യാവൃദ്ധൻ തപോവൃദ്ധൻ
വയോവൃദ്ധനുമെന്നിവർ
ധനവൃദ്ധൻെറ വാതുക്കൽ
കാവൽ കാക്കുന്നു നിത്യവും"

എന്നു് പറഞ്ഞ മഹാമനസ്കൻെറ മതമകനായിരിക്കണം. "സ്ഥലവും ഐശ്വൎയ്യവും സമ്പാദിക്കുക! കഴിയുമെങ്കിൽ മാനമായി സമ്പാദിക്ക! അതില്ലെങ്കിൽ എങ്ങിനെയെങ്കിലും ഐശ്വൎയ്യവും സ്ഥലവും സമ്പാദിക്ക." പ്രസിദ്ധ ഇംഗ്ലീഷു കവിയായ പോപ്പ് പറഞ്ഞതാണു് മേൽ കാണിച്ചതു്. അതുകൊണ്ടു് ലക്ഷ്മീസഹായം ഏവൎക്കും അവശ്യം അവശ്യമാകുന്നു.

മലയാളികൾ "മിതവ്യയത്തെ" അത്രമാത്രം അഭിനന്ദിക്കുന്ന കൂട്ടത്തിലല്ല. ഇക്കാലത്തു പ്രത്യേകിച്ചും നമ്മുടെ നാട്ടുകാർ "എല്ലുമുറിയെ പണിയെടുക്കാറുണ്ടു്." പണിയെടുക്കുന്നതിന്നനുസരിച്ചു് അവൎക്കു "വരായ" യുമുണ്ടു്. എന്നാൽ അതു "വെറും വരായ"യാക്കിക്കലാശിപ്പിക്കുന്നതു കൊണ്ടു മററു ലോകത്തിന്റെ ഏതു ഭാഗവും സമ്പാദ്യം കൊണ്ടു നമ്മെ അതിക്രമിച്ചു നില്ക്കുന്നു. ഒരു പഴയ തത്വജ്ഞാനി തന്റെ മകനോടു പറഞ്ഞതു്, "മകനേ! നീ ഒരു ധനികനായിത്തീരുമോ എന്നു നിശ്ചയിക്കുന്നതു നിന്റെ സമ്പാദ്യമല്ല; നിന്റെ ചെലവാണു്" എന്നായിരുന്നു.

ധനികനായാലും ഇല്ലെങ്കിലും വരാൻപോകുന്ന ആവശ്യങ്ങളെ നിൎവ്വഹിക്കുവാൻവേണ്ടി വല്ലതും സമ്പാദിക്കുന്നതു ന്യായവും ഉചിതവുമാകുന്നു. "ദാരിദ്ര്യം വാതുക്കൽ കൂടി അകത്തു കടക്കുമ്പോഴേയ്ക്കു് സ്നേഹം, ജനവാതിലിൽ കൂടി പുറത്തുചാടുന്നു" ഇതു് ഒരു സാരമില്ലാത്ത പഴഞ്ചൊല്ലാണു്. എന്നാൽ, തന്റെ കളത്രപുത്രാദികൾ, ഉടുക്കാനോ, ഉണ്ണുവാനോ, വിശ്രമത്തിനോ, ചികിത്സ ചെയ്യാനോ തിട്ടങ്ങിക്കാണുന്നതു് വലിയ വേദനയാകുന്നു.

നിങ്ങൾ ശരിയായി വേല ചെയ്തിരുന്നെങ്കിൽ, അഥവാ വേല ചെയ്തിരുന്നിട്ടും ആക്ഷേപാൎഹമല്ലെങ്കിലും അനാവശ്യമായ എന്തെങ്കിലും ദുൎവ്യയം ചെയ്‌വാൻ നിങ്ങൾ മടിച്ചിരുന്നെങ്കിൽ, അവരെ ഉൽക്കണ്ഠയിൽനിന്നും ഉദ്വേഗത്തിൽനിന്നും രക്ഷിക്കുമായിരുന്നുവെന്നു തോന്നുന്നതും അസഹ്യമാണു്. പണത്തിനുവേണ്ടി മാത്രമുള്ള മിതവ്യയം നിസ്സാരം

തന്നെ; സംശയമില്ല. എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മിതവ്യയം വേണ്ടതും, മാനുഷികവുമാകുന്നു.

എല്ലാപ്പോഴും കണക്കവെയ്ക്കുക, അതു ശ്രദ്ധയോടെ വെയ്ക്കുക. ഇതുകൊണ്ടു് എല്ലാ ചെലവുകളും വിവരമായി കണക്കു ബുക്കിൽ എഴുതേണമെന്നർത്ഥമില്ല. എന്നാൽ പണം ഏതു വഴിക്കു പോകുന്നുവെന്നും, നിങ്ങൾക്കു എത്രമാത്രം സാധനങ്ങൾ ആവശ്യമുണ്ടെന്നും അറിവാൻ തക്കവണ്ണം കണക്കവെയ്ക്കുക. തന്റെ വരവും ചെലവും അറിയുന്നവൻ ഒരിക്കലും അധികച്ചെലവിൽ ചാടുകയില്ല. കയ്യും കണക്കമില്ലാത്തവർ ചെയ്യുന്നതൊക്കെ കണ്ണടച്ചു കൊണ്ടാണു്. കണ്ണും മിഴിച്ചുകൊണ്ടു നാശത്തിന്റെ അടിവാരത്തു ചെന്നു മുട്ടുന്നവരാരുമില്ല.

നിങ്ങൾ എന്തുചെയ്യുന്നതും, അപ്പോൾ വരവിന്നനുസരിച്ചായിരിക്കണം. എല്ലാ കൊല്ലത്തിലും, കുറഞ്ഞൊന്നായാലും സമ്പാദിക്കുക; മുഖ്യമായി കടം വാങ്ങരുതു്. ഒരാൾക്കു് 20 ക. വരവും 19 ക. 15 ണ. 6 പൈ. ചെലവും ആയാൽ ഫലം സുഖം. 20 ക. വരവും 20 ക. 6 പൈ. ചെലവും ആയാൽ ഫവം വ്യസനം. എന്നാൽ അതുകെയുള്ള വ്യത്യാസം ഒരണ മാത്രം.

കടം അടിമത്തമാണെന്നു പറയുന്നതു് ഒട്ടും കടുപ്പമല്ല. "കടത്തിലാകുന്നവൻ സങ്കടത്തിലാവുന്നു." ജീവിതകാലത്തിൽ അസുഖകരങ്ങളായ പല കൂട്ടങ്ങളുമുണ്ടു്. ഒരു വലിയ ലോകപരിജ്ഞാനിയായ ഹോറോസ്സ് ഗ്രീലി, ഭംഗിയായും ഉണ്മയായും പറഞ്ഞിട്ടുള്ളതു്:—"വിശപ്പു്, തണുപ്പു്,

കീറത്തുണികൾ, അജ്ഞാനം, അവമാനം, ശങ്ക, അന്യായ കർമ്മങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം ഇവയെല്ലാം അസുഖങ്ങൾ തന്നെ; എന്നാൽ, ഇതിലെല്ലാററിലും വെച്ചു തികഞ്ഞ അസുഖം കടമാകുന്നു. ഒരിക്കലും കടത്തിൽ പെടരുതു്. നിങ്ങൾക്കു ഒരാഴ്ചയിൽ അമ്പതു പൈസ സമ്പാദ്യമുണ്ടെങ്കിൽ അതുകൊണ്ടു് അരി വാങ്ങുക. അന്യന് ഒരു റുപ്പിക കടമാകുന്നതിൽ ഭേദമാണിതു്."

"ലോകം"—കോബ്ഡൻ പറഞ്ഞിരിക്കുന്നു—"എല്ലായ്പോഴും രണ്ടുതരത്തിൽ തിരിക്കപ്പെട്ടിരിക്കുന്നു. ഒന്നു സമ്പാദിച്ചവർ രണ്ടു ചെലവഴിച്ചവർ—മിതവ്യയക്കാരും, അമിതവ്യയക്കാരും. വലിയ വലിയ എടുപ്പുകൾ, യന്ത്രശാലകൾ, പാലങ്ങൾ, കപ്പലുകൾ മുതലായി മനുഷ്യരെ സുഖപരിഷ്കൃത രീതിയിലാക്കി തീർക്കുന്ന എല്ലാ വലിയ ഏർപ്പാടുകളും സമ്പാദിച്ചവർ ചെയ്തതാണു; അവരവരുടെ ആദായത്തെ വെറുതെ ചെലവിട്ടവർ എന്നും മുമ്പറഞ്ഞവരുടെ ദാസന്മാരുമാണു്. ഇതു് ഈ വിധത്തിലേ വരാവൂ എന്നുള്ളതു പ്രകൃതിയുടേയും ദൈവത്തിന്റേയും നിയമമാകുന്നു. എന്നല്ല; സമ്പാദിക്കാതേയും, മനസ്സിരുത്താതേയും, മടിയന്മാരായിരിക്കുന്ന ഏതെങ്കിലും കൂട്ടർ തന്നെത്താൻ ഉയരുമെന്നു് പറയുന്നതു് പാപമാണു്." കാര്യസംബന്ധമായല്ലാതെ കടം വാങ്ങുകയും കൊടുക്കുകയും അരുതു്. "അരുതു കടം വാങ്ങിക്കയുമരുതു കടം വാങ്ങുകയും" എന്നാണു് ആംഗലേയമഹാകവി ഷേക്സ്പീയരുടെ വിവേകപൂർവ്വമായ അഭിപ്രായം. "കടം അതിനീചമായ ദാരിദ്ര്യമാകുന്നു." "ആർക്കു കടമില്ലാതാകുന്നുവോ അവൻ ധനവാനാകുന്നു" "കടത്തിൽ ഉണർ

ന്നെഴുന്നേൽക്കുന്നതിൽ ഭേദം അത്താഴം കഴിക്കാതെ ഉറങ്ങുകയാണ്." തീർച്ചയായും, അത്താഴം കഴിക്കാതിരുന്നാൽ അപമാനമില്ല; "കടമൊരുൽകടകാളക്കൂടം" എന്നു പറഞ്ഞ യോഗ്യൻ ധനത്തെപ്പററി ഉറച്ച ജ്ഞാനം സമ്പാദിച്ചിരിക്കണം. എന്നാൽ "നിങ്ങൾക്കു കളവാൻ കഴിയുന്നതേ കടം കൊടുക്കാവൂ" എന്നുള്ളതു് അധികം അർത്ഥഗർഭമായ ഒരുപദേശമാകുന്നു. എന്തെന്നാൽ നിങ്ങൾ കടം കൊടുത്തവരുടെ പക്കൽനിന്നു പണവും കിട്ടുകയില്ല. നന്ദിയും കിട്ടുകയില്ല. നിങ്ങൾ അവരെ എല്ലായ്പോഴും ഉപദ്രവിച്ചതായേ അവർ കരുതുകയുള്ളു. അതുകൊണ്ടു കൊടുക്കുവാൻ കഴിയുന്നതു വെറുതെ കൊടുത്തുകളക. അതു തിരിച്ചുകിട്ടുമെന്നാശിക്കേണ്ട.

ആരംഭത്തിൽ കുറച്ചുകുറച്ചായേ പണം വരുന്നുള്ളു എന്നുവെച്ചു് അധൈര്യപ്പെടരുതു്. അതു് ഒരു തിരിച്ചിലിലില്ലാത്ത നീളൻ ഇടവഴിയാണ്. ഇനി ആദ്യത്തിലേ എളുപ്പമായി പണം കിട്ടിപ്പോയാലും അതെല്ലാം ഒന്നായി ചെലവിടരുതു്. ഒരു മഴക്കാലത്തേയ്ക്കു് കുറച്ചെടുത്തു കരുതിവെയ്ക്കുക. ദുർമാർഗ്ഗങ്ങളെപ്പോലെ സന്മാർഗ്ഗങ്ങൾക്കും ഇട മുറിച്ചിലുകൾ ഉണ്ടെന്നു ഓർക്കുക. കാലം ചെല്ലുന്തോറും നിങ്ങൾക്കു നിശ്ചയമായും, നിങ്ങളുടെ മടിശ്ശീലകൊണ്ടു് അധികമധികം ആവശ്യങ്ങളുണ്ടാകും. തുടക്കത്തിലേ ധാരാളം പണം കിട്ടിയതുകൊണ്ടു പല വ്യാപാരികളും പൊളിഞ്ഞിട്ടുണ്ടു്.

ധനികനാവാൻ "പരക്കം പായരുതു്" റസ്കിൻ പറയുന്നു—"നിങ്ങൾ ചിത്രത്തിന്നു വില കാണുന്നില്ലെങ്കിൽ, ഒരു കാലത്തു ചിത്രം വിലകണ്ടുകൊള്ളും." എപ്പോഴും പണ

ത്തിന്നു ദൂര നന്നല്ല. വലിയ സമ്പാദ്യത്തിന്നു ചുരുക്കം ചിലർക്കേ ആശിച്ചുകൂടൂ. എങ്കിലും ഉത്സാഹംകൊണ്ടും മിതവ്യയംകൊണ്ടു ഉപജീവനം കഴിപ്പാൻ ആക്കും കഴിയും. നിർമ്മര്യാദമായി പണം സമ്പാദിച്ച കഥ പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ട്. വാസ്തവത്തിൽ മര്യാദയോടുകൂടി ദാരിദ്ര്യം വരുന്നതു ദുർല്ലഭമാകുന്നു. കുറച്ചുമ്മവരല്ല ദരിദ്രന്മാർ; ഉള്ളതിൽ ഏറെ ആവശ്യപ്പെടുന്നവരാണ്.

ഷർ ജോസ് ചേമ്പർ, തന്റെ ഒരു രസകരമായ പ്രസംഗാവസരത്തിൽ, തന്റെ ശിഷ്യന്മാരെയും അവരുടെ സ്ഥിതിയേയും പററി ഒരു കണക്കു കാണിക്കയുണ്ടായി. ആയിരത്തിൽ 200 പേർ ഉദ്യോഗം വിട്ടവർ വളരെ പണം സമ്പാദിക്കയോ അകാലമരണം പ്രാപിക്കയോ ചെയ്തവരാണ്. ബാക്കി 800 പേരിൽ 600 പേർ, മതിയാംവണ്ണം—ചിലർ ശ്രദ്ധാർഹമാംവണ്ണം—അഭിവൃദ്ധിനേടി. ആകെയുള്ളവരിൽ 56 പേർമാത്രമേ ഒന്നിനും കൊള്ളരുതാതെ ആയിരുന്നുള്ളൂ. ഇവരിൽ പതിനഞ്ചുപേർ പരീക്ഷയൊന്നും ജയിച്ചിട്ടില്ല. പത്തുപേർ "അമിതഭോഗം" കൊണ്ടോ, തരമില്ലാത്ത നടപ്പുകൊണ്ടോ നശിച്ചവരാണ്. 1000-ത്തിൽ 25-പേർക്ക് മാത്രമേ ദൈവാദാഗതങ്ങളായ കാരണങ്ങളാൽ തരക്കേടു വന്നിട്ടുള്ളൂ.

ജീവിതയാപനത്തിന്ന് അത്യാവശ്യങ്ങളായ വസ്തുക്കളെപ്പററി ആരും ആധിപ്പെടേണ്ടതില്ല. പ്രകൃതി കുറച്ചേ ആവശ്യപ്പെടുന്നുള്ളൂ. അധികം തരികയും ചെയ്യും. 'ദുരാചാരനായ ഒരാളെ പുലർത്തുന്നതുകൊണ്ടു രണ്ടു കുട്ടികളെ വളർത്താം' എന്നു ഫ്റാങ്ക്ളീൻ പറഞ്ഞപോലെ സുഖാനു

ഭവങ്ങൾ വെറും ചെലവുകളാകുന്നു. വെല്ലിംഗ്ടൻ പ്രഭു വിവേകപൂർവ്വം പ്രസ്താവിച്ചതിനെവിസ്മരിക്കരുത്. "വലിയ പലിശ എന്നുവെച്ചാൽ ഉറപ്പില്ലായ്ക എന്നാണർത്ഥം."

ഒരേ കുട്ടയിൽ അധികം മുട്ടകൾ കുത്തി നിറയ്ക്കരുത്. നിങ്ങൾക്ക് എത്ര ഉപദേശിച്ചാലും, നിങ്ങൾ എത്ര മനസ്സിരുത്തി പരിശോധിച്ചാലും നിങ്ങളുടെ തുക താളം മറിക്കാൻ എന്തെങ്കിലും ഒന്നുണ്ടായിത്തീരും. വളരെ വകതിരുവുള്ള കച്ചവടക്കാർക്കും ഉണ്ടികക്കാർക്കും തെററു പററും. തന്റേടമുള്ളവന് മിക്കതും ശരിയായിരിക്കുമെന്നു വിശ്വസിക്കാമെന്നേയുള്ളു. നമ്മുടെ ചെറുപ്പകാലത്ത്, രണ്ടും രണ്ടും നാലു്. എന്നു നാം പഠിക്കുന്നു. എന്നാൽ അതുതന്നെ 22 ആകാമല്ലോ. കണക്കശാസ്ത്രപ്രകാരം പറകയാണെങ്കിൽ രണ്ടും രണ്ടും കൂട്ടിയാൽ കിട്ടുന്നതു് നാലാണ്; എന്നാൽ അതിനു് ഒരു മായം മറിച്ചിലുണ്ടു്. മേൽപറഞ്ഞ പാഠം തെററായി ഉപയോഗിച്ചതുകൊണ്ടു് അശാസ്യങ്ങളായ പല ഏർപ്പാടുകളും ഉടഞ്ഞുപോയിട്ടുണ്ടു്.

എല്ലാ കാര്യത്തിലും സാവധാനം വേണം. ഒരു മുറിയിൽ തന്നെ ഒതുങ്ങിയിരിക്കാൻ വയ്യാത്തതുകൊണ്ടു പല വ്യാപാരക്കാരും പൊളിഞ്ഞിരിക്കുന്നു.

എല്ലാ മനുഷ്യരും, ഒരുപക്ഷത്തിൽ, വ്യാപാരികളാണ്. അങ്ങിനെയാവാൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും യഥാർത്ഥം ഇതാണ്. നമുക്കെല്ലാവർക്കും കാര്യം നോക്കാനുണ്ടു്. ഒരു കുടുംബം ഭരിക്കാനുണ്ടു്. നമ്മുടെ ചെലവു തിട്ടപ്പെടുത്തണം. ചെറിയ കാര്യങ്ങളും, വലിയ കാര്യങ്ങളെപ്പോലെ ചിലപ്പോൾ ദുർഘടങ്ങളും ഉപദ്രവകരങ്ങളുമായിരിക്കും.

ഏതു കാൎയ്യത്തിലും അഭിവൃദ്ധി ഉണ്ടാകുന്നതിന്നു ബുദ്ധിസാമൎത്ഥ്യത്തേക്കാൾ വേണ്ടതു്, വിശേഷബുദ്ധി, ശ്രദ്ധ, ക്ഷമ ഇവയാകുന്നു. "നിന്റെ വ്യാപാരശാലയെ സൂക്ഷിക്കുക. എന്നാൽ അതു നിന്നെ സൂക്ഷിക്കും." എന്നാണു് ഒരു പഴയ മട്ടിലുള്ള പഴഞ്ചൊല്ലു പറയുന്നതു്. ഈ അൎത്ഥത്തിൽ തന്നെ സിനഫൺ എന്നയാൾക്കു് ഒരു കഥ പറവാനുണ്ടു്:—

"പേർഷ്യയിലെ ഒരു രാജാവു വേഗത്തിൽ തടിക്കുന്നതായ ഒരു വിശേഷപ്പെട്ട കുതിരയെ കിട്ടുവാൻവേണ്ടി, കുതിരയെസ്സംബന്ധിച്ചു് അധികം അറിവുണ്ടെന്നു വിചാരിക്കപ്പെട്ട ഒരാളോടു് "ഒരു കുതിരയെ ക്ഷണത്തിൽ തടിപ്പിപ്പാൻ എന്താണു് വേണ്ടതു്" എന്നു ചോദിച്ചപ്പോൾ അയാൾ ഉത്തരം പറഞ്ഞതു് "അതു കുതിരയുടെ ഉടമസ്ഥന്റെ കണ്ണാണു്" എന്നായിരുന്നു.

മുഖ്യമായി വേണ്ടതു കാൎയ്യം നടത്തുവാനുള്ള മട്ടുകൾ സമ്പാദിക്കുകയാണു്. നല്ല പ്രാപ്തിയും ഉൽകൃഷ്ടസ്വഭാവവും തികഞ്ഞവരായി താൻ അറിയുന്നവർ പലരും ജീവിതമാൎഗ്ഗത്തിൽ അഭ്യുദയം കിട്ടാതെ പിന്മടങ്ങിയതു്, അവർ മിക്കവാറും അലസന്മാരും കൃത്യമില്ലാത്തവരും മററുള്ളവരോടൊപ്പം മനം മടുത്തു പണിയെടുപ്പാൻ ശേഷിയില്ലാത്തവരും നിസ്സാരകാൎയ്യങ്ങളിൽ എടുത്തു ചാട്ടമുള്ളവരും അങ്ങിനെ നാം പറയുമ്പോലെ "ഒന്നിന്നും കൊള്ളരുതാത്തവരും" ആയിരുന്നതുകൊണ്ടാണു് എന്നു് എന്നോടു് ഇയ്യിടയിൽ ഒരു മാന്യസ്നേഹിതൻ പറയുകയുണ്ടായി.

വലിയ കാൎയ്യങ്ങളിൽ എന്നപോലെ ചെറിയ കാൎയ്യങ്ങളിലും അടുക്കം, അച്ചടക്കവും വേണം. വേണ്ട ദിക്കിൽ വേണ്ടതു ചെയ്യുക, ഈ നിയമം തങ്കമാണു്. ചെയ്യുമ്പോൾ സ്വല്പം ബുദ്ധിമുട്ടിയാൽ, എടുക്കുമ്പോഴുള്ള വലിയ ബുദ്ധിമുട്ടുകൂടാതെ കഴിക്കാം.

ഒരു ഗൃഹസ്ഥൻ തൻെറ പത്തായത്തിൽ അരിയും കുരുമുളകും കൂടി കലൎന്നുവെച്ചു. ഭക്ഷണത്തിനോ കറിക്കോ ആവശ്യമാകുമ്പോൾ ഓരോന്നായി പെറുക്കി എടുക്കുന്നതുപോലെ ആണെന്നാണു് എനിക്കുതോന്നുന്നതു് എന്നാണു് സിനഫൺ പറയുന്നതു്. എന്താണിതു്? അടുക്കില്ലായ്മ. അതുകൊണ്ടു് എല്ലാം അതാതിൻെറ സ്ഥാനത്തു വെയ്ക്കുക.

നമ്മുടെ നാട്ടിൽ, ഇന്നും കച്ചവടം ഒരു നിന്ദ്യമായ തൊഴിലായി എണ്ണപ്പെട്ടിരിക്കുന്നു. മാന്യസ്ഥിതിയിലുള്ളവർ അല്ലെങ്കിൽ, തറവാട്ടുകാർ, കച്ചവടം ചെയ്യുന്നതു പോരായ്മയാണെന്നാണു് വെച്ചിരിക്കുന്നതു്. ഉൾനാട്ടുകളിൽ ഈ തത്വം അടിയുറച്ചുകൊണ്ടുതന്നെയിരിക്കുന്നു. കച്ചവടത്തൊഴിൽ മററു നാട്ടുകാൎക്കൊ താണജാതികളെന്നു പറയപ്പെട്ടവൎക്കൊ അട്ടിപ്പേറായി കൊടുക്കപ്പെട്ടതാണെന്നു നിശ്ചയം. ഇതു കാൎയ്യത്തിൻെറ വാസ്തവം അറിഞ്ഞാൽ ഏററവും നിസ്സാരമായ ഒരു നിശ്ചയമാണെന്നു മനസ്സിലാകും. കച്ചവടം ഒരു നീചപ്രവൃത്തിയാണു്. വാസ്തവത്തിൽ എല്ലാത്തൊഴിലിലും മാനമായിട്ടുള്ളതു് ഒരു കച്ചവടക്കാരൻെറ തൊഴിലാണു്. കച്ചവടത്തോടു മാത്രമല്ല കൈവേലയോടും നാം അഭിജാത്യം നടിക്കുന്നുണ്ടു്. ഇന്നിന്ന ജാതിക്കാൎക്കു ഇന്നിന്ന തൊഴിലിൽ ഏൎപ്പെട്ടു കൂടുമെന്നു വെച്ചിട്ടുണ്ടു്. അതുപ്രകാരമല്ലെങ്കിൽ വലിയ കുറവായി. സമുദായത്തിൽ

ഷേക്കുന്നതല്ല. ഒരു നായർ നെയ്ത്തുകച്ചവടം തുടങ്ങിയാൽ ആക്ഷേപമായി. ഒരു നമ്പൂതിരി തോൽക്കച്ചവടം തുടങ്ങിയാലോ? പിന്നെ പറവാനില്ല. അബദ്ധം; മഹാ അബദ്ധം.

പണ്ടു പാശ്ചാത്യന്മാരുടെ ഇടയിലും മേൽപ്പറഞ്ഞവിധത്തിലുള്ള അന്ധവിശ്വാസമുണ്ടായിരുന്നു. പല തത്വശാസ്ത്രജ്ഞന്മാരും എല്ലാവരുമില്ല—അരിസ്റ്റോട്ടൽ മുതൽക്കു കാർലൈൽവരെ—പല തത്വശാസ്ത്രജ്ഞന്മാരും, കച്ചവടത്തിലും വ്യാപാരത്തിലും ഏർപ്പെട്ടവർ, എല്ലാം നിസ്സാരന്മാരും, മിക്കവാറും അധഃപതിക്കുന്നവരും ആണെന്നു വിധിച്ചിരിക്കുന്നു. പ്ലേറ്റോ, തന്റെ "റിപ്പബ്ലിക്ക്" എന്ന പുസ്തകത്തിൽ കച്ചവടക്കാരെ പൌരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തീട്ടില്ല. പണ്ടു്, അവിടങ്ങളിൽ ഇത്രയും നീചമായ ഒരു തൊഴിലിൽ ഇരിപ്പാൻ ആരെയെങ്കിലും അനുവദിച്ചിരുന്നെങ്കിൽ അങ്ങിനെ ഇരിപ്പാൻ ഇഷ്ടമുള്ള വിദേശികളെ മാത്രമായിരുന്നു. എങ്ങിനെയായാലും കച്ചവടവും കൈവേലയും പലരുടെയും ഒഴിച്ചുകൂടാത്ത തൊഴിൽ ആയതുകൊണ്ടു അവരുടെ മനഃപരിഷ്കാരത്തിന്നു് അതുകൊണ്ടു വല്ല ഉപദ്രവും തട്ടുന്നുണ്ടെങ്കിൽ അതു ശോചനീയമാകുന്നു. ഭാഗ്യവശാൽ കാര്യം അങ്ങിനെയല്ല, യഥാർത്ഥത്തിൽ വ്യാപാരികൾക്കു മററു കാര്യത്തിൽ പ്രവേശിപ്പാൻ ഇട വളരെ കുറച്ചു ഉള്ളൂ. എന്നാൽ, പാശ്ചാത്യസാഹിത്യത്തിൽനിന്നും, നവീനശാസ്ത്രത്തിൽ നിന്നും മാത്രം ഉദാഹരണങ്ങൾ എടുക്കുകയാണെങ്കിൽ തന്നെ താഴെ കാണിക്കുന്നവർ വ്യാപാരികളും അതേ സമയത്തു തന്നെ മററു തൊഴിലുകളിൽ പ്രവേശിച്ചുവരും ആയിരുന്നുവെന്നു കാണാം:—

നാസ്മിത്ത് ഒരു ജ്യോതിഷക്കാരനും കൈവേലക്കാരനും, ഗ്രോട്ട് ഒരു ഉണ്ടികക്കാരനും ചരിത്രകാരനും, സർ ജെ. ഇവാൻസ് ഒരു കടലാസ്സുണ്ടാക്കുന്ന ആളും പുരാണാന്വേഷണയോഗത്തിലെ അദ്ധ്യക്ഷനും റോയൽ സൊസൈററിയുടെ ഖജാൻജിയും, പ്രസ്റ്റവിച്ച് ഒരു കച്ചവടക്കാരനും പിന്നീട് ഓക്സ്ഫോർഡിലെ ഭൂഗർഭശാസ്ത്രപണ്ഡിതനും, റോഗർസ് ഒരു ഉണ്ടികക്കാരനും കവിയും, ഗ്രേഡ് ഒരു ഉണ്ടികക്കാരനും കവിയും, സർ ജാൺ ലബക്കിൻെറ പിതാവ് ഒരു ഉണ്ടികക്കാരനും കണക്കശാസ്ത്രജ്ഞനും വളരെക്കാലം റോയൽ സൊസൈററിയുടെ ഉപാദ്ധ്യക്ഷനും ഖജാൻജിയും കൂടി ആയിരുന്നുവെന്നു കാണ്മാനുണ്ട്.

നിങ്ങൾ ചുരുങ്ങിയ ചെലവു ചെയ്തുണ്ടാക്കുന്ന സാധനങ്ങൾ നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിയാത്ത സാധനങ്ങൾക്കു മാററംകൊടുക്കുന്ന സമ്പ്രദായം കച്ചവടത്തിൻെറ അടിസ്ഥാനമാണ്. അതുകൊണ്ടു വിലകുറഞ്ഞ ദിക്കിൽ നിന്നു വാങ്ങി പ്രിയമുള്ള ദിക്കിൽ വില്ക്കുക എന്ന നിയമം കച്ചവടത്തിന് അത്യന്താപേക്ഷിതമാണെന്നു മാത്രമല്ല, അതു മറെറല്ലാ നിയമത്തിലും വെച്ചു മുഖ്യവുമാകുന്നു. എന്തെന്നാൽ ആ നിയമം അനുസരിക്കുന്നതുകൊണ്ടു നിങ്ങൾ തങ്ങളുണ്ടാക്കിയ വസ്തുക്കളെ വിററാൽ കൊള്ളാമെന്നുള്ളവരോടു വാങ്ങുകയും ചരക്കുകൾ കിട്ടിയാൽകൊള്ളാമെന്നു വിചാരിക്കുന്നവക്കു വില്ക്കുകയുമാണു ചെയ്യുന്നത്. മററു രീതികൾ, പാലക്കാട്ടുനിന്നു ഉപ്പു വാങ്ങി പൊന്നാനിയിൽ കൊണ്ടുപോയി വില്ക്കുന്നതുപോലെ നിരത്ഥങ്ങളും വിഫലങ്ങളുമാകുന്നു.

No. 4505
KOTTAYAM ... LIBRARY
KOTTAYAM
TRAVANCORE.

മഹാന്മാരും സുഖമുള്ളവരും ഉത്തമന്മാരുമായ പല മനുഷ്യരും അത്യന്തം ദരിദ്രന്മാരായിരുന്നു. മഹാകവിയായിരുന്ന കലക്കത്തു കുഞ്ചൻനമ്പ്യാർ കൊട്ടാരത്തിൽ പാത്തു് പക്കച്ചോറും ഉണ്ടുകൊണ്ടാണു് ഉപജീവിച്ചിരുന്നതു് എന്നു നാം അറിയുന്നു. എന്നാൽ ആ കാലമാണു് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഏററവും സുഖകരമായിരുന്ന കാലം എന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കു ധനികനാവണം എന്നുള്ള അലട്ടില്ലെങ്കിൽ തമ്മിൽത്തമ്മിലുള്ള ചേച്ചയും അനുരാഗവുംകൊണ്ടു് ഒരു ചെറിയ ഭവനസ്ഥലവും ഒരു കുടിലും ഒരു ആഹ്ലാദകരമായ മുഖവും നിങ്ങൾക്കു് എല്ലാലോകവും ആയിത്തീരും. മുഹമ്മദുനബി പറഞ്ഞപോലെ ദൈവം അജശാലയിൽ നിന്നല്ലാതെ പ്രവാചകന്മാരെ സ്വീകരിച്ചിട്ടില്ല എന്നു നമുക്കു പറഞ്ഞുകൂടെങ്കിലും പല മഹാന്മാരും ദരിദ്രന്മാരായിരുന്നു എന്നുള്ളതു വാസ്തവത്തിൽ ആശ്ചര്യകരമാണു്.

പണംകൊണ്ടു നമുക്കുള്ള ഉപയോഗത്തെ അതിശയോക്തിയോടുകൂടി വർണ്ണിക്കുന്നതു മിക്കവാറും ഒരു തെററായിരിക്കുന്നു. സാധാരണ ഒരു അബദ്ധമായിരിക്കുന്നു.

## പണം ഭക്ഷിപ്പാനാണോ !

ഒരു ധനികൻ അരോഗിയായിരിക്കണമെങ്കിൽ ഒരു ദരിദ്രനെപ്പോലെ ഉപജീവിക്കണം എന്നു സേർ റിച്ചാർഡ് ടെമ്പൾ എന്ന മഹാൻ പറഞ്ഞിരിക്കുന്നു. നമുക്കു പ്രാരംലിന്നു കുറച്ചു കഞ്ഞിയോ കണ്ണിമാങ്ങായോ നെയ്യോ

അല്ലാതെ ഒന്നും ആവശ്യമില്ല. ഏറിയാൽ ഒരു ക്രുട്ടാൻക്രുടി ആവാം; മുത്താഴത്തിന്നൊ?

നല്ല പഴയരിച്ചോറും രണ്ടുവിധം കറിയും പുളിച്ച മോരും ചുക്കുവെള്ളവും; സുഖമായി നല്ലവണ്ണം വെച്ചുണ്ടാക്കിയാൽ ചുരുങ്ങിയ വട്ടത്തിലുള്ള ഒരത്താഴം ഒരു കല്യാണസദ്യയിലും നമുക്കു സുഖകരമാണു്. കാലംനോക്കി തരംപോലെ വാങ്ങിയാൽ വിശേഷപ്പെട്ട ഭക്ഷണപദാൎത്ഥങ്ങൾക്കും വില കുറച്ചേ വേണ്ടു. സാധാരണയായി ഒരു കോഴിമുട്ട ഒരു വിരുന്നുപോലെ ആണു്. ചിലപ്പോൾ അതിലധികവും നല്ലതാണു്. ധനം പുസ്തകത്തിലാണോ?

തനിക്കു വായിപ്പാൻ കഴിയുന്നെടത്തോളം പുസ്തകങ്ങൾ വാങ്ങുവാൻ നിവൃത്തിയില്ലാത്തവൻ തീൎച്ചയായും ഒരു ദരിദ്രനായിരിക്കണം. ഒന്നാംതരം പുസ്തകങ്ങൾ—രാമായണം, ഭാരതം, ശാകുന്തളം, ഇന്ദുലേഖ മുതലായവ—ഇക്കാലത്തു് ചുരുങ്ങിയ വിലയ്ക്കു പാട്ടംപാടി കിട്ടും.

പണം, ആരോഗ്യം ബുദ്ധിശക്തി സ്നേഹിതന്മാർ സൌന്ദൎയ്യം ഒരു സുഖഭൂയിഷ്ഠമായ കുടുംബം ഇവയെ ഉണ്ടാക്കുമോ?

ഐശ്വൎയ്യം സുഖമേകുന്നോ ചുറവുംനോക്കുക കാൺകെടോ!
എന്തൊരാനന്ദസംപീഡയെന്തൊരാശ്ചൎയ്യസങ്കടം
ഞാനസൂയപ്പെടുന്നില്ല തൽപ്രതാപപ്രദൎശനേ
ഞാനസൂയപ്പെടുന്നില്ല ദുഃഖപ്പൊഞ്ചൊരുപൂശലിൽ.

"സമ്പന്നന്മാർ തങ്ങൾക്കുതന്നെ വഴിപോക്കന്മാരാണു്. അവർ കാര്യങ്ങളിൽ ഭ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ മാനസികകായികാരോഗ്യങ്ങളെ സൂക്ഷിപ്പാൻ അവൎക്കു സമയമുണ്ടാകയില്ല" എന്നു ബേക്കൻ പറയുന്നു.

എല്ലാച്ചങ്ങലകളും സ്വൎണ്ണംകൊണ്ടുള്ളവയായാലും നന്നല്ല. ധനം അത്യാൎത്തിയുടെ വിഷയമാണു്. ദാരിദ്ര്യത്തിന്നെന്നപോലെ ധനികത്വത്തിനും അതിന്റെ ആലശീലകളുണ്ടു്. മിക്കതും പണക്കാർ പണത്തിന്റെ യജമാനന്മാരല്ല; അടിമകളാകുന്നു. ബിഷപ്പു വിത്സൻ പറയുംപോലെ, സമ്പത്തു്, അതുള്ളവൎക്കു് അലട്ടാണെന്നു മാത്രമല്ല സങ്കടംകൂടിയാണു്. "സമ്പത്തു തിമിരമാകുന്നു."

"യൗവനം ധനസമ്പത്തിഃ പ്രഭുത്വമവിവേകിതാ
ഏകൈകമപ്യനൎത്ഥായ."

ഇതിൽ വലിയ "ഏകം" ധനസമ്പത്തിതന്നെയാണു്. "അൎത്ഥമനൎത്ഥം" എന്നു മഹാമനസ്കന്മാർ സമ്മതിക്കുന്നു. "വ്യൎത്ഥമതിങ്കൽ ഭ്രമിച്ചീടായ്കെന്നും" മഹാകവി തുഞ്ചത്തെഴുത്തച്ഛൻ പറയുന്നു:—

"ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യൎക്കു്"
"ചഞ്ചലം ധനമെന്നു നെഞ്ചകത്തുറയ്ക്കേണം"

സരസകവി കുഞ്ചൻനമ്പ്യാർ എഴുത്തച്ഛനേയും അതിക്രമിക്കുന്നു. അദ്ദേഹം പാടുന്നതു്:—

"ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹനൂനം,"

"അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
തനയൻ ജനകനെ വഞ്ചനചെയ്യും"

"കനകംമൂലം രത്നം മൂലം
കലഹം പലവിധമുലകിൽ സുലഭം."

പോരെ! ഇനി എന്തെല്ലാം മാലോകരങ്ങളാണീശ്വരാ വരേണ്ടതു്. പാക്കനാരുടെ "ആളെക്കൊല്ലി" വല്ലാത്തതു തന്നെ.

തീർച്ചയായും, വളരെപ്പേർ പണംകൊണ്ടു് നശിച്ചിട്ടുണ്ടു്. ആകപ്പാടെ പറകയാണെങ്കിൽ പണത്തെപ്പററി ദരിദ്രനുള്ളതിൽ അധികം ഉല്ക്കണ്ഠ സമ്പന്നനാണു്. ഒരു വിവേകിക്കേ ഐശ്വര്യം സുഖകരമായിരിക്കു. പണക്കാരനാവാൻ അധികം ദുരയുള്ളവൻ എല്ലായ്പോഴും ദരിദ്രനായിരിക്കയേ ഉള്ളൂ. റസ്കിൻ പറയുന്നു:—"ഒരു ചെറിയ കുടിലിൽ പാർത്തു് പാർശ്വിക്ക് കൊട്ടാരത്തെ നോക്കി അത്ഭുതപ്പെടുന്നതു് പാർശ്വിക്ക് കൊട്ടാരത്തിൽ പാർത്ത ഒന്നിനെപ്പററിയും അത്ഭുതപ്പെടാതിരിക്കുന്നതിൽ ഭേദമാണു്."

നിങ്ങൾ സമ്പത്തിനെ അനുഭവിക്കുക. എന്നാൽ അതിൽ ഹൃദയത്തെ അമുഴ്ത്തരുതു്. സാനി പറഞ്ഞിട്ടുണ്ടു് "അലംഭാവം നിങ്ങളെ നിങ്ങൾ നടത്തുന്നതിലധികം നന്നാക്കിക്കൊണ്ടുപോകും" എന്നു്; ശരിയാണു്. അലംഭാവം ആത്മശക്തിയുടെ ലക്ഷണമാകുന്നു.

"ആനകരം കേറുവാനില്ലെനിക്കെങ്കിലു-
മാനച്ചുമയില്ല തോട്ടിയില്ല"
"ആരും പ്രജകളായില്ലെങ്കിലും ഭൂമീ-
വീരൻെറ വാക്കിനെപ്പേടിക്കേണ്ട."

"നാളേയ്ക്കു വേണ്ടതിൽ ചിന്തയില്ലാ പോയ-
നാളത്തെ അല്ലലുമോക്കാറില്ല.
ഞാനിങ്ങനെ സുഖമായിക്കഴിയുന്നു
സാനന്ദമാണെൻെറ ജീവകാലം."

ഒരു മഹാകവി പറഞ്ഞതാണിതു്.

"ഇതു് മനസ്സിൻെറ ആപല്ക്കരമായ ഒരു സ്ഥിതിയാണു്." ബേക്കൻ പറയുന്നു:—"ആഗ്രഹിപ്പാൻ ചുരുക്കം പദാൎത്ഥങ്ങളും ഭയപ്പെടാൻ അധികം സാധനങ്ങളും ഉണ്ടാകുന്നതു് മനസ്സിൻെറ ആപല്ക്കരമായ ഒരു സ്ഥിതിയാണു്; സംശയമില്ല." ഷേക്സ്പീയർ പറഞ്ഞിരിക്കുന്നതു നോക്കുക.

"നീ ധനികനാണെങ്കിൽ ദരിദ്രനാണു്. എന്തെന്നാൽ പുറത്തു ചുമന്നു വാതം പിടിച്ചിട്ടുള്ള ഒരു കഴുതയെപ്പോലെ എടുക്കാൻ വയ്യാത്ത സമ്പത്തിനെ ചുമന്നു് ഒരു യാത്രചെയ്കയാണു്. മരണം നിൻെറ ഭാരം തീക്കും."

സമ്പത്തു് അടക്കാൻവയ്യാത്ത ഒരു പ്രലോഭനമാകുന്നു. സെനെക്കാ പറയുന്നു:—"ഒരു ദരിദ്രനു പല സാധനങ്ങളും ആവശ്യമാണു്; എന്നാൽ ഒരു അത്യാഗ്രഹിക്കു എല്ലാം ആവശ്യമാകുന്നു." തുടരെയുള്ളതും അവസാനിക്കാത്തതുമായ

ധനാശ തദന്വേഷണാർഹന്മാരുടെ അധികസമയം ചെല വഴിക്കുന്നു. എന്തെന്നാൽ സമ്പത്തു ജീവിതത്തിന്നു വേണ്ടിയാണെങ്കിൽ നന്നു്; അല്ലാതെ സമ്പത്തിന്നുവേണ്ടി ജീവിക്കുന്നതു നന്നല്ല. ദരിദ്രത വിദ്വാൻെറ വധുവാണു്.

നാം ധനത്തെപ്പററി സംസാരിക്കുന്നതുതന്നെ ഒരു പ്രത്യേകരീതിയിലാണു്. പണംഉണ്ടാക്കുന്നു എന്നോ, പണം സമ്പാദിച്ചവൻ എന്നൊ അല്ലാതെ, പണം അനുഭവിക്കുന്നു എന്നൊ അനുഭവിച്ചവൻ എന്നൊ പറയാറില്ല. എന്നല്ല പണം ഉണ്ടാക്കിയവർതന്നെ അവരവക്കുവേണ്ടു; ഉണ്ടാക്കിയതു ചുരുക്കം. സമ്പത്തിനെ ഉയൎത്തുന്നവനു്, അതു കൈവശമാക്കുന്നവനെ പറവാൻ സാധിക്കയില്ല.

"ദാനം, ഭോഗം, നാശം ധനത്തിനീമട്ടു് മൂന്നുപോക്കുവഴി." നമ്മുടെ "നിധി കാക്കുന്ന ഭൂതങ്ങൾക്കു്" മൂന്നാമത്തെ വഴിയേ ഗതിയുള്ളു.

ഈ ഘട്ടത്തിൽ കേരളത്തിലെ കുബേരന്മാരെപ്പററി നാം വെറുക്കേണ്ടിവന്നിരിക്കുന്നു. അവർ പ്രമാണികളാണു്. സുഖിയന്മാരാണു്; എന്നാൽ അവരുടെ ധനസമ്പാദനത്തിനു യാതൊരു പ്രമാണവും കാണുന്നില്ല. അവരുടെ "വ്യയം അവരുടെ ശവകുടീരനിൎമ്മാണം മാത്രമാകുന്നു. ഇതു് എത്രയും പരിഹാസ്യമായ ഒരു പരസ്യമാകുന്നു. രാജ്യത്തിൻെറ ഗുണത്തിനും അഭ്യുദയത്തിന്നുമായി വിനിയോഗിച്ചു് സ്വാത്മഗുണത്തെ സമ്പാദിക്കുന്നതിനുപകരം ഹതാശന്മാരായ അവർ "പെട്ടിയിൽ പണം പൂട്ടികെട്ടി" വെച്ചി

രിക്കുന്നവെന്നു ലോകം കാണുന്നുണ്ടു്. ഇതു ശാസ്ത്രീയമായ ഒരു തെററാണു്; ലൌകികത്തിനു് ഒരു അവമാനമാണു്. പ്രകൃതിക്കു് വിപരീതമായ പ്രവൃത്തിയാണു്.

ദൈവത്തിൻെറ ദൃഷ്ടിയിൽ പാപമാണു്.

# പോൾംഢുഷെയ്ല്ലു

ആഫ്രിക്കാഖണ്ഡം കേവലം അജ്ഞാതമായിരുന്ന കാലത്തു്—ലിവിംഗ്സ്റ്റൺ എന്ന മഹാന്റെ അപദാനങ്ങൾ ആരംഭിക്കുന്നതിനു മുൻപു്—കാൺഗോ എന്നറിയപ്പെടുന്ന പ്രദേശത്തുകൂടി പ്രവഹിക്കുന്ന ഒരു നദിയുടെ തീരത്തായി ഒരു ബാലൻ അവന്റെ അച്ഛൻ പറഞ്ഞുകൊടുത്തുകൊണ്ടിരുന്ന നീഗ്രോജാതിക്കാരെ സംബന്ധിച്ചുള്ള കഥകളിൽ അമഗ്നനായി ജീവിതം നയിച്ചിരുന്നു. മദ്ധ്യാഫ്രിക്കായിൽ അരണ്യാവൃതമായ ഉറവുവക്കത്തു് വാണിഭവൃത്തി സ്വീകരിച്ചു് ഉപജീവനം കഴിച്ചുകൊണ്ടിരുന്ന തന്റെ പിതാവുമൊരുമിച്ചുള്ള താമസത്തിൽ, ഈ കുട്ടി കറുത്തവർഗ്ഗക്കാരുടെ ഭാഷ അഭ്യസിക്കുകയും തന്റെ വീട്ടിനു ചുററുപാടുമുള്ള മനുഷ്യഭുക്കുകൾ, മക്കടങ്ങൾ, മഹാവനോപജീവികളായ മററു ജന്തുക്കൾ മുതലായവയെപ്പററിയുള്ള കഥകൾ തന്റെ മസ്തിഷ്കമഞ്ജൂഷയിൽ ശേഖരിച്ചു് വെയ്ക്കുകയും ചെയ്തു.

അവന്റെ പേർ പോൾംഢുഷെയ്ല്ലു എന്നായിരുന്നു. ഏകദേശം 17 വയസ്സു് പ്രായമായപ്പോഴേയ്ക്കും വന്യമൃഗങ്ങളുടെ ഇടയിൽ കൈത്തോക്കുകൊണ്ടും കരളുറപ്പുകൊണ്ടും ഒരുപോലെ സന്നദ്ധത പ്രദർശിപ്പിച്ചു് മൃഗയാവിനോദത്തിൽ ഏർപ്പെട്ടിരുന്ന ഈ ബാലൻ ബലവാനും നയകോവിദനുമായ ഒരു നായാടിയായിത്തീർന്നു. പാരമ്പര്യക്രമത്തിനു തന്റെ ജനകനു് ഉപജീവനമാർഗ്ഗമായ സരിദപാണിമത്തെ



കുരങ്ങുകൾ

സ്വീകരിക്കാതെ യുവാവായപ്പോൾ നേരെ അമേരിക്കയ്ക്ക് യാത്രയായി. എന്നാൽ അവിടുത്തെ പരിഷ്കൃതജീവിത സമ്പ്രദായങ്ങളൊന്നും അയാൾക്ക് അത്ര പിടിച്ചില്ല. ആഫ്രിക്കയിലെ ആ വിസ്ഫൂരത്തുകളായ അരണ്യങ്ങളിൽ വ്യാഘനൃത്തം ചെയ്യാനുള്ള പൂർവ്വാസക്തി അയാളുടെ ഹൃദയനാഡികളിൽ സർവ്വദാ തരിച്ചുകൊണ്ടിരുന്നു. അമേരിക്കയിലുള്ള അല്പകാലവാസത്തിൽ അഭ്യസിച്ചുവശമാക്കിയ ശാസ്ത്രജ്ഞാനത്തെ അയാൾ ആഫ്രിക്കയിൽ തിരിച്ചെത്തി വീണ്ടും ആരംഭിച്ച അരണ്യവാസത്തിൽ വിജയ ലാഭത്തിനുള്ള ആയുധമാക്കി.

യൂറോപ്പിലും അമേരിക്കയിലുമുള്ള ചില പണ്ഡിതന്മാർ ആൾക്കുരങ്ങന്മാരുടെ ചരിത്രമറിയുന്നതിന് ഉല്ക്കണ്ഠ കാണിക്കുകയും ആലോചനകൾ നടത്തുകയും ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്. ആഫ്രിക്കൻ ജനതയിൽ നിന്ന് കിട്ടിയിരുന്ന വിപുലവും വിചിത്രവുമായ ചർമ്മങ്ങൾ ക്രിസ്തപബ്ദത്തിന് മുമ്പുള്ള കഥകളിൽപോലും വിവരിക്കപ്പെട്ടിരുന്ന ആൾക്കുരങ്ങന്മാർ കേവലം കഥാകൃത്തുകളായ സങ്കല്പസൃഷ്ടികൾ മാത്രമല്ലെന്നുള്ളതിന്റെ ലക്ഷ്യങ്ങളായി അവർക്കുതോന്നി. എന്നാൽ നമ്മുടെ കഥാനായകനായ യുവാവിന് അവ യഥാർത്ഥമാണെന്നുള്ള വിശ്വാസംതന്നെ ഉണ്ടായിരുന്നു. തന്റെ വനയാത്രാസ്വപ്നങ്ങളിൽ പോലും അത്യന്തം ആകർഷകമായി സങ്കല്പിച്ചിരുന്നത് ആൾക്കുരങ്ങിന്റെ ആകൃതിവിശേഷത്തെയായിരുന്നു. ഈ പ്രശ്ന പൂരണത്തിന് ഗാബൂൺ നദീതീരത്തുള്ള തന്റെ ഗൃഹ

ത്തിൻെറ പ്രാന്തവനങ്ങളിൽ പ്രവേശിക്കുന്നതിനു് അദ്ദേഹം അവസാനമായി ആത്മനിശ്ചയം ചെയ്തു.

അമേരിക്കയിൽനിന്നു ഗാബൂൺ നദിയുടെ മുഖത്തുള്ള ഫ്രഞ്ചുകാരുടെ ഒരു തുറമുഖത്തു് അദ്ദേഹം തിരിച്ചെത്തുകയും, അവിടെ നിന്നു കുറേ നാട്ടുകാരോടുകൂടി മനുഷ്യഭുക്കുകൾ അധിവസിക്കുന്നതും ആറുകളരങ്ങുകൾ അലഞ്ഞുനടക്കുന്നതുമായ ഒരു മഹാചലത്തിൽ അതിദീർഘമായ സഞ്ചാരത്തിനുശേഷം ചെന്നു ചേരുകയും ചെയ്തു. അവിടെ വച്ചു് ഒരു ദിവസം ആകസ്മികമായി അദ്ദേഹം ഒരു നരഭുക്കായ കാട്ടാളനെ അഭിമുഖീകരിക്കുകയും, രണ്ടാളും അന്യോന്യം ദർശനത്തിൽ ഭയപ്പെട്ടുവശാകുകയും ഉണ്ടായി. ശത്രുവിൻെറ വിഷലിപ്തമായ വിശിഖത്തിനോ കൂർത്തുമൂർത്ത കുന്തത്തിനോ ഏകനായിരുന്ന പാൾ ലക്ഷ്യമാകുമായിരുന്നു. എന്നാൽ ഭാഗ്യവശാൽ അന്ധവിശ്വാസിയായിരുന്ന ആ വ്യാധാധമൻ ധവളകോമള ഗാത്രനായ യുവാവിനെ വാനിൽ നിന്നെഴുന്നള്ളിയ ഒരു വാനവനോ വനദേവതയോ ആയിരിക്കാമെന്നു ധരിക്കയാൽ ഭയപാരവശ്യത്തോടുകൂടി വേപഥുശരീരനായി തൻെറ വില്ലുമമ്പും താഴത്തിട്ടു് സാഷ്ടാംഗം വീണു നമസ്കരിക്കുകയാണുണ്ടായതു്. അയാളെ പോൾ തൻെറ സഖാവായി അംഗീകരിക്കുകയും പ്രസ്തുതവർഗ്ഗക്കാരുടെ പ്രമാണികളുമായി അദ്ദേഹത്തെ അവൻ പരിചയപ്പെടുത്തുകയും അവരെല്ലാവരും അദ്ദേഹത്തെ ഒരു ശ്വേതഭൂതമായി ആരാധിക്കുകയുംചെയ്തു. അതിവിദഗ്ദ്ധനായ ഒരു ധനുർവിദ്യാസമ്പന്നനായിരുന്നപ്പോൾ ആ കാട്ടാളജാതിക്കാരുടെ ഇടയിലു

ങ്ങളായിരുന്ന മിട്ടുമിടുക്കന്മാരായ വില്ലാളികളെ അതിശയിക്കത്തക്ക നൈപുണ്യം പ്രദർശിപ്പിക്കുകയാൽ അദ്ദേഹത്തിന് അവരുടെമേൽ അത്ഭുതകരമായ അധികാരശക്തി ലഭ്യമായി. അവർ അദ്ദേഹത്തെ സാക്ഷാൽ ദൈവമായി സങ്കല്പിക്കുകയും അദ്ദേഹം ആറുംക്കുരങ്ങുകളെ അവലോകനം ചെയ്യണമെന്നുള്ള അഭിലാഷം പ്രകാശിപ്പിച്ചപ്പോൾ, തങ്ങൾ രാക്ഷസന്മാരായി പരിഗണിച്ചുകൊണ്ടിരുന്ന ഈ ഭയങ്കര മൃഗങ്ങളുടെ സങ്കേതങ്ങളിലേയ്ക്കു് അദ്ദേഹത്തെ അനുഗമിപ്പിക്കുകയും ചെയ്തു. അന്നാൾവരെ ആരും പ്രവേശിച്ചിട്ടില്ലാത്തതും അത്യഗാധവും അന്ധകാരനിബിഡവും ആയ അരണ്യോദരങ്ങളിൽ ആത്മാനുഭൂതിക്കായി പരിവ്രാജകനെപ്പോലെ അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കേ, അന്വേഷിച്ചുകൊണ്ടിരുന്ന ആ സത്വം അപ്രതീക്ഷിതമായി ഒരവസരത്തിൽ അയാൾക്കു് അക്ഷിഗോചരമായിത്തീരുകയാണുണ്ടായതു്. കുററിച്ചെടികളേയും കുലതരുക്കളേയും ക്രൂലങ്കഷമായി കുലുക്കിത്തകർത്തുകൊണ്ടും അശനി പ്രണാദംപോലെ, അട്ടഹസിച്ചുകൊണ്ടും ലങ്കാമർദ്ദനത്തിലെ മാരുതിയെപ്പോലെ, പൂർണ്ണകായനായ ഒരു മനുഷ്യമൃഗൻ തന്നെ അദ്ദേഹത്തിൻെറ പുരോഭാഗത്തു് ഏകദേശം പന്ത്രണ്ടുഗജമകലത്തു് പൊടുന്നനവേ പ്രത്യക്ഷനായി. ഒരു പരിഷ്കൃതാശയനായ മനുഷ്യനും ഒരു പച്ചക്കാട്ടാൾക്കുരങ്ങനും പരസ്പരം അഭിമുഖീകരിച്ചതു് അന്നു് ഇദംപ്രഥമമായിട്ടായിരുന്നു എന്നുപറയാവുന്നതാണു്. പ്രസ്തുത സത്വമാകട്ടെ അഞ്ചടി എട്ടിഞ്ചുയരമുള്ളവനും, വിപുലഗാത്രനും, വിസ്തൃതോരസ്കനും ആജാനുബാഹുവുമായിരുന്നു. തൻെറ ദംഷ്ട്രകളെ

അമ്പിളിക്കലകളെപ്പോലെ വെളിക്കുകാട്ടി അത്യുഗ്രമായി അലറി വനാന്തരങ്ങളെ മുഖരിതമാക്കിക്കൊണ്ടു് 'ഗോറില്ല' എന്നു ദ്രോഗലഭാഷയിൽ അറിയപ്പെടുന്ന ഈ ഭയങ്കര സത്വം പോളിൻെറ നേക്കു കുതിച്ചു ചാടി വീഴുകയും ആ മനസ്സാന്നിദ്ധ്യമുള്ള വ്യാധശ്രേഷ്ഠൻ തൻെറ തോക്കുയത്തി മിന്നിക്കുകയും ഒപ്പം കഴിഞ്ഞുകൂടി.

ഫ്രഞ്ചുകാരനായിരുന്ന പോറംഡുഷെഷെലുവിൻെറ ഏ താദൃശമായ വീരാപദാനമത്രേ അനേകശതാബ്ദങ്ങളായി കഥാവശേഷമാത്രമായിത്തീൎന്നിരുന്ന ആറംക്കുരങ്ങന്മാർ കോട്ടംകൂടാതെ കൊടുംകാടുകറംക്കുള്ളിൽ കൊലകൊമ്പ ന്മാരായ ഗജവീരന്മാരെപ്പോലെ ഇക്കാലത്തും കുടിയേറിപ്പാ ക്കുന്നുണ്ടെന്നുള്ള യാഥാൎത്ഥ്യം വെളിവാക്കിയതു്. ക്രിസ്തുവ ബ്ദം 350–നു മുമ്പു് ഹാനോ എന്നൊരു സാഹിത്യകാരൻ തൻെറ ഒരു സഞ്ചാര ചരിത്രഗ്രന്ഥത്തിൽ പശ്ചിമതോ ഖണ്ഡത്തിൽ ആറംക്കുരങ്ങന്മാരുണ്ടെന്നു പ്രസ്താവിച്ചിരു ന്നതു് ദ്രാരും വിശ്വാസയോഗ്യമായി വിചാരിച്ചിരുന്നില്ല. ഇവരാരയെ ദുഷ്പ്രാപങ്ങളായ കൊടുംകാടുകറംക്കുള്ളിൽ കടന്നു തൻെറ കണ്ണുകളെക്കൊണ്ടു നേരിട്ടുകാണുകയും തൻെറ ജീവനെപ്പോലും ത്യജിച്ചു് എതിൎത്തു തോല്പി ക്കുകയും ചെയ്തു പോറം സ്വജനങ്ങളുടെയിടയിൽ തിരി ച്ചെത്തി സ്വവിജയപ്രഖ്യാപനം ചെയ്തപ്പോറം അതു യഥാൎത്ഥമാണെന്നു വിശ്വസിക്കുന്നതിനുതന്നെ ആളുകറം ഉണ്ടായിരുന്നില്ലെന്നുള്ളതു് അദ്ദേഹത്തിനു അസഹനീയ മായി തോന്നിയിരിക്കണം.

അക്കാലത്തു തോട്ടകളും കേപ്പുകളുമുപയോഗിക്കാതെ വെടിമരുന്നു തള്ളിച്ചെലുത്തിയും ശാണഘർഷണം ചെയ്തു തീയെടുത്തുകൊളുത്തിയുമാണു് തോക്കുകൊണ്ടു വെടിവച്ചു വന്നതു്. ഹിംസ്രമൃഗങ്ങളുടെ അടുത്തുകൂടി വെടിവെക്കുന്ന സമയത്തു് അതു് ഉന്നം തെററിയോ ഊക്കു കുറഞ്ഞോ അവയെ നിഗ്രഹിക്കുന്നതിനു ഉതകാതെ പോകുന്നപക്ഷം, മൃഗയോദ്യുക്തനു സ്വജീവനെ ഉപേക്ഷിക്കേണ്ടതായ പതനത്തിലായിരുന്നു അക്കാലത്തെ നാഗരികന്മാരായ നായാടികളുടെപോലും സ്ഥിതി. ഇക്കാലത്തു നിമിഷംപ്രതി വെടിക്കുമേൽ വെടി തീരത്തക്കവണ്ണമുള്ള കൈത്തോക്കുകളുപയോഗിച്ചു വേട്ടക്കൊരുങ്ങിയിറങ്ങുന്ന കവചോഷ്ണീഷാലംകൃതന്മാരായ മൃഗയാകാമുകന്മാരെക്കാൾ എത്രയോ കൂടുതൽ കുസലില്ലായ്മയും ചങ്കുറപ്പും അക്കാലത്തെ ഏറെക്കുറെ നഗ്നന്മാരായ നായാടികൾക്കു് ആവശ്യമായിരുന്നുവെന്ന ഒരു സംഗതിമാത്രമോത്തുനോക്കിയാൽ ഇരുപതു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന പോളിൻെറ ധീരപ്രവൃത്തികളെ നാം എത്രമാത്രം ശ്ലാഘിക്കേണ്ടതാണെന്നും വെളിവാകും.

നരഭുക്കുകളുടെ നായകനായും അവരുടെ ജീവിതസമ്പ്രദായങ്ങളെ പഠിക്കുന്നതിനുത്സുകനായ ഒരു വിദ്യാർത്ഥിയായും ആനകളെ വേട്ടയാടുന്നതിലും ആൾക്കുരങ്ങന്മാരെ വീണ്ടും കണ്ടുപിടിക്കുന്നതിലും അവരുടെ സഹകാരിയായും അവിടെത്തന്നെ അദ്ദേഹം കുറേക്കാലംകൂടി കഴിച്ചുകൂട്ടി. തൻെറ കൈവശമുണ്ടായിരുന്ന ചെറുമുത്തുകളും കണ്ണാടികളും മററു ചില കളിപ്പാട്ടങ്ങളും അല്പാല്പമായി വിതരണം

ചെയ്തും അവസരോചിതമായി തൻെറ പെരുമാററങ്ങളെ ക്രമീകരണം ചെയ്തും കടിച്ചുതീനികളായ കാട്ടാളന്മാരുടെ സ്നേഹബഹുമാനാരാധനകൾക്ക അദ്ദേഹം അചിരേണ പാത്രമായിത്തീരുകയും വിയോഗസന്ദർഭമെത്തിയപ്പോൾ വികാരപരവശരായി ആബാലവൃദ്ധം അവരെല്ലാം അദ്ദേഹത്തെ ആശ്ലേഷിച്ചനുഗ്രഹിച്ചയയ്ക്കുകയും ചെയ്തു.

താൻ കഷ്ടപ്പെട്ടു ശേഖരിച്ചിട്ടുള്ള തെളിവുസാധനങ്ങളെ കളഞ്ഞുകുളിക്കാതെ കഴുത്തിൽപേറി കാൽനടയായി തിരിച്ചു കടൽതീരത്തു വന്നുചേരുകയും കാററും പെരുമഴയും സഹിച്ച് ഒരു കണക്കിൽ കടൽ കടന്ന് അമേരിക്കയിൽ വീണ്ടുമെത്തുകയും ചെയ്തു. അദ്ദേഹത്തെ വിജയാശംസകളോടുകൂടി സ്വാഗതം ചെയ്യുന്നതിനുപകരം ഒരു മഹാവഞ്ചകനായ സഞ്ചാരിയാണെന്നത്രേ തദ്ദേശവാസികൾ തീരുമാനിച്ചതു്. അദ്ദേഹത്തിൻെറ അനുഭവകഥകളെല്ലാം അവർ അവിശ്വസിക്കുകയും ആൾക്കുരങ്ങന്മാരെപ്പററിയുള്ള പ്രഭാഷണങ്ങൾ ഒരു മഹാഭ്രാന്തൻെറ ഭാവനാപ്രലപനങ്ങളാണെന്നു വിശ്വസിക്കുകയുംചെയ്തു. അതികലശലായ ആശാഭംഗത്തോടുകൂടി അമേരിക്കയിൽനിന്ന് അതലാന്തിക്സമുദ്രത്തെ തരണംചെയ്ത് അദ്ദേഹം പിന്നീട് ആംഗലഭൂമിയിൽ എത്തി. അവിടെയും ആദ്യം ആരും തന്നെ അദ്ദേത്തിന് പ്രോത്സാഹനം നൽകുന്നതിന് സന്നദ്ധരായിരുന്നില്ല. എന്നാൽ ബ്രിട്ടീഷുമ്യൂസിയത്തിൻെറ ഭരണനിർവഹനായിരുന്ന ഓവൻ എന്ന പണ്ഡിതവര്യൻ പോളിൻെറ കൈവശമുണ്ടായിരുന്ന മൃഗാവശിഷ്ടങ്ങളെ പരി

ശോധിക്കുകയും അവയെല്ലാം അമൂല്യങ്ങളായ വിശിഷ്ടവസ്തുക്കളാണെന്ന് സശിരഃകമ്പം സമ്മതിക്കുകയുംചെയ്തു. അതിന്റെ ഫലമായി ബ്രിട്ടീഷ് രാജകീയ ഭൂമിശാസ്ത്രസംഘക്കാർ പോളിന് അസൂയാലുക്കളായ ശത്രുക്കളുടെ ആക്ഷേപങ്ങളിൽനിന്ന് അഭയവും അവർക്ക് ചെയ്യാവുന്നത്ര പ്രോത്സാഹനവും നൽകി. ഇങ്ങനെ ഇംഗ്ലണ്ടിൽ മൂന്നുവർഷക്കാലം അഭിനന്ദനാർഹനായി വസിച്ചുവെങ്കിലും അലസമായ ജീവിതം നയിക്കുന്നതിൽ അസംതൃപ്തനായി അദ്ദേഹം വീണ്ടും ആഫ്രിക്കയിലെത്തി നീലനദിയുടെ ഉല്പത്തിസ്ഥാനം കണ്ടുപിടിക്കുന്നതിനുള്ള ഉദ്യമങ്ങൾതുടങ്ങി. അതിൽ പരാജയമാണ് പററിയതെങ്കിലും അഭിനവമായ തന്റെ അന്വേഷണമാർഗ്ഗങ്ങളിൽ അനേകം ആൾക്കുരങ്ങന്മാരെ ആകസ്മികമായി കണ്ടെത്തുകയും അവയുടെ ജീവിതസമ്പ്രദായത്തെക്കുറിച്ചുള്ള അറിവു വർദ്ധിക്കുകയും ചെയ്തു. പ്രസ്തുത സഞ്ചാരങ്ങൾക്കിടയിൽ ആപല്ക്കരങ്ങളായ അനവധി ദുർഘടങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നെങ്കിലും തന്റെ സാമർത്ഥ്യത്താലും സഹനശക്തിയാലും ഈശ്വരസഹായത്താലും അവയെല്ലാം തരണംചെയ്ത്, താൻ ശേഖരിച്ചെടുത്ത പുതിയ വന്യവസ്തുവകകളോടുകൂടി വീണ്ടും പരിഷ്കൃതലോകരംഗത്തിൽ അദ്ദേഹം പ്രത്യക്ഷനായി. ഇത്തവണയാകട്ടെ, ഇരുപത്തിയെട്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഈ വനസഞ്ചാരിക്ക് ഇംഗ്ലീഷുകാർ ഈർഷ്യാപ്രകടനലേശമെന്യേ ഐകകണ്ഠ്യേന ഇച്ഛാതീതമായ സ്വാഗതമരുളുകയാണ് ഉണ്ടായത്. ഉഷ്ണമേഖലയിലുള്ള വിഷമജ്വരവിഷബീജങ്ങൾ ഉള്ളിൽക്കടന്ന് വശമായിരുന്നതു

ക്രടക്കളുടെ ഉപദ്രവങ്ങളുണ്ടാക്കുകയാൽ ആരോഗ്യത്തിനു ഗണ്യമായ ഹാനി സംഭവിച്ചുപോയിരുന്ന പോഠഡുഷെയ്ല തൻെറ അവശേഷിച്ച ജീവിതകാലം ശീതപ്രദേശമായ നാർവ്വേരാജ്യത്തു താമസിച്ചു ശാന്തമായി കഴിച്ചുക്രട്ടുകയും അവസാനകാലത്തു് തൻെറ ഉദ്യമഫലങ്ങൾ ലോകോപകാരപ്രദങ്ങളായിത്തീൎന്നിട്ടുണ്ടെന്നുള്ള സൎവ്വജന സമ്മതത്തോടുക്രടിയും മനസ്സമാധാനത്തോടുക്രടിയും പരമാത്മാവിൽ ലയിക്കുകയും ചെയ്തു.

# വിശ്വാമിത്രൻ

## I

ഭാരതീയപുരാണങ്ങളിലെ കഥകൾ പ്രായേണ കേവലം അൎത്ഥവാദപരങ്ങളാണെന്നും, അന്തമററ അന്ധവിശ്വാസങ്ങളുടെ അന്തഃപുരങ്ങളാണെന്നും മററും ഇന്നു പലരും വിളിച്ചുപറയാറുണ്ടു്. അവ അന്ധങ്ങളായാലും പരസ്പരബദ്ധങ്ങളായാലും അവയിലടങ്ങിയ ആദൎശശുദ്ധിയെപ്പററി ആൎക്കും അപലപിക്കുവാൻതരമില്ലതന്നെ. ശരീരമാത്രഭിന്നനായ ഒരു ഉത്തമ സുഹൃത്തിനേപ്പോലെ പുരാണം നന്മതിന്മകളെ വേർതിരിച്ചുതന്നു് ജീവിതത്തെ സമഞ്ജസവും സുഗുണസമ്പൂൎണ്ണവുമാക്കിത്തീൎക്കുവാൻ വേണ്ടുന്ന കാൎയ്യബോധം മനുഷ്യനുകൊടുക്കുന്നു. ലോകത്തെ ഉൽകൃഷ്ടപദത്തിലണയ്ക്കുകയെന്ന ഒരൊററയുദ്ദേശമേ പുരാണത്തിനുള്ളു. മനസ്സമാധിയോടുകൂടി പുരാണപരിശീലനം ചെയ്യുന്നവൎക്കെല്ലാം അതറിവാൻ വിഷമമില്ലതന്നെ.

വാല്മീകി, വ്യാസൻ, വസിഷ്ഠൻ തുടങ്ങിയ മഹൎഷീശ്വരന്മാർ ധ്രുവൻ, മാൎക്കണ്ഡേയൻ, പ്രഹ്ലാദൻ മുതലായ ഭക്തശിരോമണികൾ, ശിബി, രന്തിദേവൻ ഹരിശ്ചന്ദ്രൻ ആദിയായ രാജരത്നങ്ങൾ; എന്തിനേറെപ്പറയുന്നു! പുരാണങ്ങളിൽനിന്നു് മനുഷ്യഗുണസഞ്ചയത്തിലോരോന്നിനും ആദൎശഭൂതമായ പാത്രത്തെ എത്രയെങ്കിലും പ്രദൎശിപ്പിക്കാവുന്നതാകുന്നു. ദൃഷ്ടാദൃഷ്ടങ്ങളായ പുണ്യപാപങ്ങളുടെ ഫലങ്ങളെ ഈഷന്മാത്രം വ്യത്യാസംകൂടാതെ അനുഭവിക്കുന്ന



വിശ്വാമിത്രനും, മേനകയും

രൂപത്തിൽ സദസൽപാത്രങ്ങളെ കാണിച്ച് ലോകത്തിൻെറ ശാശ്വതമായ നിഃശ്രേയസത്തെമാത്രം ലക്ഷ്യമാക്കുന്ന പുരാണം ഭാരതഭൂമിയുടെ അക്ഷയ സമ്പത്തുതന്നെയാകുന്നു.

ഭാരതഭൂമിക്ക് ഒരു സൂര്യനും ഒരു ചന്ദ്രനുമുണ്ട്. ഒന്നു ദീപ്തവും അധൃഷ്യവുമാണ്; മറെറാന്ന് ശാന്തവും അഭിഗമ്യവുമാകുന്നു. ഒന്നു തമശ്ശത്രുക്കളെ ഉന്മൂലനം ചെയ്യുന്നു; രണ്ടാമത്തേത്ത് അമൃതാർദ്രമായ കരംകൊണ്ടു തലോടി ലോകഹൃദയത്തെ ആഹ്ലാദസംപൂർണ്ണമാക്കുന്നു. ഒന്ന് അധർമ്മത്തലകൊയ്യുമ്പോൾ അപരം ധർമ്മഗ്രാമത്തെപ്പുലർത്തുന്നു. ആ രണ്ടുമഹച്ഛക്തികളുടേയും പ്രഭാസമ്പത്തിൽ ഭാരതം പ്രസാദവിഭൂതിയെ സഞ്ചയിക്കുന്നു. വീരവീരന്മാരായ ക്ഷത്രിയന്മാരുടെ പ്രതാപവും, ശാന്തശാന്തമായ ബ്രഹ്മത്തിൻെറ തേജോവിലാസവും ഭാരതക്ഷേത്രത്തിലെ നിത്യപ്രകാശങ്ങളാകുന്നു.

പുരാണലോകത്തെ ഒരു അന്തരീക്ഷമായി ഗണിക്കുന്നപക്ഷം ആ നഭസ്സിലെ സുദീപ്തവും പ്രശാന്തവുമായ ഒരു തേജോധാമമായി വിശ്വാമിത്രമഹാമുനിയെ കണക്കാക്കാം. കർമ്മഗുണങ്ങളാണ് ജാതിയെ സൃഷ്ടിക്കുന്നതെന്നും, ചില ചിലസന്ദർഭങ്ങൾ മനുഷ്യനെ അവിചാരിതമായ പദവിയിൽ എത്തിക്കാൻ പ്രേരകങ്ങളാകുമെന്നും, നിത്യപരിശ്രമശാലിയായ പുരുഷൻെറ നിഘണ്ടുവിൽ അസാദ്ധ്യമെന്നപദം അദൃശ്യമാണെന്നും മററുമുള്ള ഗുരുതരങ്ങളായ പലപല ജീവിതധർമ്മങ്ങൾ വിശ്വാമിത്രൻ നമ്മെ പഠിപ്പിക്കുന്നുണ്ട്.

അതിനാൽ ആ മഹാത്മാവ് ഓരോഭാരതീയൻേറയും ഹൃദയത്തിൽ എപ്പോഴും പ്രതിബിംബിക്കേണ്ട ഒരു ദിവ്യ വിഗ്രഹം തന്നെയാണ്.

ബ്രഹ്മദേവൻെറ പുത്രനായി കുശൻ എന്നൊരു രാജാവു ജനിച്ചു. അദ്ദേഹത്തിന് കുശാംബൻ, കുശനാഭൻ, ആധൂത്തരജസൻ, വസു എന്നിങ്ങനെ നാലു പുത്രസന്താനങ്ങളുണ്ടായി. പുത്രന്മാർ നാലുപേരും യഥാക്രമം കൌശാംബി, മഹോദയം, ധർമ്മാരണ്യം, ഗിരിവ്രജം എന്നീ പുരങ്ങളെ അധിവസിച്ച് രാജ്യഭരണം ചെയ്തുപോന്നു. ഹിമവൽസമീപസ്ഥമായ മഹോദയപുരത്തെ കാത്തു വാണ കുശനാഭൻ ദാനധർമ്മാദികളിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹത്തിനു പുത്രകാമേഷ്ടി മുതലായ സൽക്കർമ്മങ്ങളുടെ പരിണതഫലമായി ലോകവിശ്രുതനായ ഗാഥി എന്നൊരു സന്താനമുണ്ടായി. രാജ്യമീമാംസയിലും ധർമ്മനിഷ്ഠയിലും മററും ഗാഥി അസാമാന്യനായ ഒരു മഹാരാജാവായിരുന്നു. ആ പരമഭാഗ്യവാന് ആദ്യംമൊരുപുത്രിയും രണ്ടാമതൊരു പുത്രനും ജനിച്ചു. സത്യവതിയെന്ന നാമത്താൽ വിശ്രുതയായ കുമാരിയെ യഥാകാലത്ത് ഋചീകമുനി പരിണയനം ചെയ്തു.

ഗാഥിമഹാരാജാവിൻെറ രണ്ടാമത്തെ സന്താനമാണ് നമ്മുടെ കഥാപുരുഷൻ. ബുദ്ധിശക്തികൊണ്ടും പ്രസരിപ്പുകൊണ്ടും വിശ്വാമിത്രൻ മാതാപിതാക്കളേയും പൌരാവലിയേയും ആനന്ദസാഗരത്തിൽ ആറാടിച്ചിരുന്നു. ധവളപക്ഷചന്ദ്രനെപ്പോലെ വളർന്നുവന്ന ബാലകനു യഥാകാല

ങ്ങളിൽ ക്ഷത്രിയോചിതങ്ങളായ സംസ്കാരകമ്മങ്ങളെല്ലാം പിതാവുചെയ്യുവന്നു. മാനസികവും കായികവുമായ വിദ്യകളിൽ വിശ്വാമിത്രൻ ലേശവും അസമത്ഥനല്ലായിരുന്നു. പുത്രൻ പൂൎണ്ണയൗവനമായകാലത്തു്, ഗാഥി രാജ്യഭാരം പുത്രനെ ഏല്പിച്ചു് വാദ്ധക്യോചിതമായ വാനപ്രസ്ഥാശ്രമത്തെ അംഗീകരിച്ചു. അനുരൂപയും അനുകൂലയുമായ ധമ്മപത്നിയോടുകൂടി, പ്രജകളെ സ്വപ്രജകളെപ്പോലെ പരിപാലിച്ചു് വിശ്വാമിത്രൻ ക്ഷത്രശബ്ദത്തെഅന്വത്ഥമാക്കിഭരണരഥത്തെ നടത്തിവന്നു.

പ്രകൃതിവിശേഷങ്ങളെ കണ്ടറിയാനും, ദുഷ്ടസത്വങ്ങളെ നിഗ്രഹിച്ചു് വനത്തിൽ പാക്കുന്ന തപസ്വികളുടെ ധമ്മാചരണവിഘ്നങ്ങളെ അകററുവാനും, ബ്രഹ്മതുല്യരായ മഹഷീശ്വരന്മാരെക്കണ്ടു് കുമ്പിട്ടു് അനുഗ്രഹം വാങ്ങുവാനമായി പുരാതന രാജാക്കന്മാരെല്ലാവരും അനുഷ്ഠിച്ചുവന്നിരുന്നവിധം, ഒരിക്കൽ വിശ്വാമിത്രമഹാരാജാവു് ഹിമവല്പ്രാന്താരമാൎഗ്ഗങ്ങളിൽ ചതുരംഗസേനാസമേതം സഞ്ചരിക്കാനിറങ്ങി. വളരെ ദിവസങ്ങൾക്കുശേഷം ആ യാത്ര വസിഷ്ഠാശ്രമത്തിനു അഭിമുഖമായിത്തീൎന്നു.

മാൻകിശോരങ്ങൾ സിംഹശാബങ്ങളോടുകൂടി കൂത്താടുന്ന കാഴ്ച വിദൂരത്തിൽവച്ചു് കണ്ടുകൂടിയപ്പോൾത്തന്നെ അവാച്യമായ ഒരാനന്ദാതിശയം വിശ്വാമിത്രനുണ്ടായി. ഫലപുഷ്പാവൃതങ്ങളായ തരുലതകളാലും, സുനിമ്മലങ്ങളായ ജലാശയങ്ങളാലും ആ പ്രദേശമത്രയും നയനമോഹനമായിരുന്നു. പ്രകൃതിദേവിയുടെ നിസൎഗ്ഗമായ ശാന്തത

അവിടമെങ്ങും പരന്നിരുന്നു. മഹാരാജാവു് അകൃത്രിമങ്ങളായ ആ വനവിലാസങ്ങളെക്കണ്ടു് ആനന്ദപരവശനായി ആശ്രമദ്വാരത്തിനു് സമീപമെത്തി. പരിവാരങ്ങളെ പുറമേ നിറുത്തിയശേഷം രാജാവു് വിനീതവേഷനായി ഉടജാങ്കണത്തിൽ പ്രവേശിച്ചു. ശിഷ്യന്മാരിൽനിന്നു് മഹാരാജാവിൻെറ ആഗമനം മനസ്സിലാക്കിയ വസിഷ്ഠമഹർഷി ക്ഷണത്തിൽ പ്രത്യുദ്ഗമിച്ചു് വിശിഷ്ടനായ അതിഥിയെ ജലഫലമൂലാദികളെക്കൊണ്ടു് സമുചിതമാംവണ്ണം സല്ക്കരിച്ചിരുത്തി. കുശലപ്രശ്നാദികൾക്കുശേഷം അല്പം വിശ്രമിച്ചു സ്വസ്ഥനായ രാജാവിനോടു് വസിഷ്ഠമഹർഷി ഇങ്ങനെ പറഞ്ഞു:—

മഹാരാജാവേ! സർവമംഗളങ്ങളും അങ്ങയ്ക്കു് സ്വായത്തങ്ങളാകട്ടെ. രാജോചിതമായ സല്ക്കാരം അങ്ങയ്ക്കു് ചെയ്യേണ്ടതു് നമ്മുടെ ധർമ്മമാകുന്നു. അതു് അവിടുന്നു് സ്വീകരിക്കാതിരിക്കയില്ലല്ലോ.

വിശ്വാ—ബ്രഹ്മൻ, അവിടുന്നുചെയ്ത സല്ക്കാരം അമിതവും സംതൃപ്തവുമായിരുന്നു. ആശ്രമവാസികളുടെ ജീവിതചര്യയ്ക്കു് അനുരൂപമായ സല്ക്കാരമാണതു്. ലക്ഷത്തിൽപ്പുരമുള്ള ചതുരംഗപ്പടയൊത്തു വന്ന എനിക്കു് ഇതിൽക്കൂടുതലൊരു സല്ക്കാരം ഇവിടെ അശക്യവുമാണെല്ലോ. അതിനാൽ ബ്രഹ്മൻ, അവിടുത്തെ അനുഗ്രഹം മാത്രം മതി.

വസി—മഹാരാജാവേ, അതു പോരാ. അതിഥികളെ അവരുടെ നിലയ്ക്കുള്ള വിഭവങ്ങൾകൊണ്ടുവേണം

സല്ക്കരിക്കാൻ. ഞാൻ ചെയ്യുന്ന ആതിഥ്യത്തെ അവിടുന്ന് നിരസിക്കുവാൻ പാടില്ല. സൈന്യസമേതം അവിടുത്തേക്ക് വേണ്ടതെല്ലാം ഇതാ തയാറായിക്കഴിഞ്ഞു. ഇരിക്കാമല്ലോ.

വശ്വാ—എന്നാലവിടുത്തെ ആജ്ഞപോലെ. മഹാപ്രഭാവനായ വസിഷ്ഠമഹർഷി നന്ദിനി എന്നു പേരായ കാമധേനുപുത്രിയെ അരികെ വിളിച്ച് നിറുത്തി അവളെ തലോടിക്കൊണ്ടു പറഞ്ഞു:—"നന്ദിനി, ഇതാ മഹാരാജാവ് സൈന്യസമേതം അതിഥിയായി എഴുന്നള്ളിയിരിക്കുന്നു. അദ്ദേഹത്തിനും അനുയായികൾക്കും വിശ്രമിക്കാനും ഭക്ഷണത്തിനും വേണ്ടതെല്ലാം സജ്ജമാക്കൂ.

ചില നിമിഷങ്ങൾക്കകം ആ വനമത്രയും മണികനകമയങ്ങളായ ഹർമ്മ്യങ്ങളെക്കൊണ്ടും സേനാകുടീരങ്ങളെക്കൊണ്ടും മറവും നിറഞ്ഞുകഴിഞ്ഞു. ശാന്തമായിരുന്ന ആ പ്രദേശമൊക്കെയും പെരുമ്പറ മുതലായ വാദ്യവിശേഷങ്ങളുടെ ഘോഷങ്ങളാലും ജനകോലാഹലത്താലും മുഖരിതമായി. വിശ്വാമിത്രനും സൈന്യവും ആശ്ചര്യപരതന്ത്രരായി. ക്ഷണേന മഹാരാജാവ് പുതിയൊരു കൊട്ടാരക്കെട്ടിലേക്ക് ആഡംബരസമേതം ആനീതനായി. പരിജനങ്ങളും യഥോചിതം സല്ക്കരിക്കപ്പെട്ടു. അതിവിശിഷ്ടവും അമൃതമധുരവുമായിരുന്നു ആഹാരപദാർത്ഥമത്രയും. സ്വന്തം രാജധാനിയിലും, ലോകത്തൊരിടത്തും മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത സംഭാരസൗകര്യങ്ങൾ മഹാരാജാ

വിനെ ആശ്ചയ്യപുളകിതനാക്കി. അദ്ദേഹം സന്തോഷ ത്തിരയിൽ തത്തിക്കളിച്ചു. മഹാരാജാവു് ചിന്താകുലനായി —"അമ്പോ ബ്രഹ്മശക്തിയുടെ ഒരു മഹത്വം! ഹേയ്, അല്ല; ഇക്കണ്ടതെല്ലാം ആ പശുവിൻെറ മഹിമയുടെ ഫലമല്ലേ? അതേ. എന്തൊരു സൃഷ്ടിശക്തി! കാമപ്രസവ യായ കാമധേനുവിൻെറ മകളല്ലേ? ഇത്തരമൊരു പശു സ്വാധീനത്തിൽ ഉണ്ടായാൽ അസാദ്ധ്യമായതെന്താണു്? ഒന്നുമില്ല; അതേ; ആ പശുവിനെ എനിക്കു കൊണ്ടുപോ കണം; മഹഷിയോടു് ചോദിച്ചാലോ! തരുമോ! ചോദി ക്കണം; പിന്നെത്തരംപോലെ."

അതിഥിയുടെ കുശലമറിവാൻ വസിഷ്ഠമഹഷി ആ രമ്യമന്ദിരത്തിലേക്കു് വന്നു. വിശ്വാമിത്രൻ എഴുന്നേററു വന്ദിച്ചു; രണ്ടുപേരും ആസനസ്ഥരായി.

വസി—മഹാരാജാവിനും പരിവാരങ്ങൾക്കും അസ്വസ്ഥ തയൊന്നും ഉണ്ടായില്ലെന്നു വിശ്വസിക്കുന്നു.

വിശ്വാ—അസ്വസ്ഥതയോ? ആ നന്ദിനിയുടെ മഹിമ അവണ്ണനീയംതന്നേ. മഹാത്മൻ, അവിടുന്നു് തെററിദ്ധരിക്കരുതു്; അങ്ങേയ്ക്കു് അനേകായിരം പശുക്കളെ പ്രതിഫലമായിത്തരാം; നന്ദിനിയെ എ നിക്കായിത്തരണം.

വസി—എൻെറ നിത്യകമ്മങ്ങൾക്കെല്ലാം ആധാരഭൂത യാണു് നന്ദിനി. അവളെനിക്കു സവ്വഥാ നന്ദിനി തന്നെയാണു്. എന്തിനധികം എൻെറ തപസ്സാണു് നന്ദിനി.

വിശ്വാ—അങ്ങനെ പറഞ്ഞാൽപോരാ. നന്ദിനി അസാധാരണമായ ഒരു രത്നമാണ്. അതു് ന്യായപ്രകാരം രാജാവിനുള്ളതുമാണ്. "രത്നഹാരീതു പാൎത്ഥിവാഃ" എന്ന നിയമത്തെ ലംഘിക്കാൻ അങ്ങു ശ്രമിക്കയില്ലല്ലോ. ഞാൻ പ്രതിഫലമായിത്തരുന്ന വിഭവങ്ങളെല്ലാം സ്വീകരിച്ചു് ധൎമ്മരീത്യാ ഈ പശുവിനെ എനിക്കുതരണം. അല്ലെങ്കിൽ —

വസി—മഹാത്മാവേ, അസ്ഥാനത്തുള്ള ആശയെ കളയൂ.

വസിഷ്ഠൻ പെട്ടെന്നു് ആശ്രമത്തിനകത്തേക്കു് പോയി. ഹൃദയം വികൃതമായി ഭവിച്ചു. വിശ്വാമിത്രൻ അസ്വസ്ഥനായിത്തീൎന്നു. അദ്ദേഹം സേനാസമേതനായി നന്ദിനിയുടെ സമീപത്തേക്കു് ചെന്നു് അവളെ ബലാല്ക്കാരമായി പിടിക്കാൻ ഒരുമ്പെട്ടു. ഭീതയായ ധേനു ക്ഷണത്തിലോടി വസിഷ്ഠന്റെ അടുക്കൽ ചെന്നു് കണ്ണുനീർ വാൎത്തുംകൊണ്ടു് പറഞ്ഞു;—

"ഭഗവാനേ, അവിടുന്നു് ഈ പാവത്തെ ഉപേക്ഷിക്കയാണോ! വിശ്വാമിത്രനിതാ എന്നെ പിടിക്കാനോടിയെത്തുന്നു. ഈ ഏഴയെ ഉപേക്ഷിക്കരുതേ."

കൌശികന്റെ സംരംഭം വസിഷ്ഠൻ മനസ്സിലാക്കിയിരുന്നു. അദ്ദേഹം നന്ദിനിയോടു് പറഞ്ഞു:—"നന്ദിനീ, ഞാനെന്തുചെയ്യാനാണ്. രാജാധികാരവും മദവും ഞങ്ങളെ ങ്ങനെ തടയും?"

നന്ദിനി സമാധാനം പറഞ്ഞു:—ബ്രാഹ്മണാശിസ്സിൻെറ ബലം കൊണ്ടുമാത്രമാണു് രാജാക്കന്മാർ രാജ്യരക്ഷയെ ചെയ്യുന്നതു്. അവിടുത്തെ അനുഗ്രഹവും അനുവാദവുമുണ്ടെങ്കിൽ ഈ ആപത്തിനെ ഞാനകററിക്കൊള്ളാം.

വസിഷ്ഠൻ അപ്പോഴൊരു മന്ദസ്മിതം പൊഴിക്കുക മാത്രമേ ചെയ്തുള്ളു. അതിനെ സമ്മതമായി സങ്കല്പിച്ചു് നന്ദിനി അവിടംവിട്ടുമാറി. അപ്പോഴേക്കും വിശ്വാമിത്രനും സൈന്യങ്ങളും അവളെ നേരിട്ടുകഴിഞ്ഞു. ആ ക്ഷണത്തിൽ അവളൊരു സംഹാരശക്തിസ്വരൂപിണിയായി. ഭീഷണാകൃതികളും നിശിതായുധധാരികളുമായ ബഹുസഹസ്രം വീരഭടന്മാർ അവളുടെ അംഗപ്രത്യംഗങ്ങളിൽനിന്നു് ആവിർഭൂതരായി. ഏതാനും മാത്രകൾക്കകം നന്ദിനീസൈന്യങ്ങളുടെ തീവ്രശക്തിയേററു് വിശ്വാമിത്രഭടന്മാർ നഷ്ടശക്തരായി പലായനപ്രമാണത്തെ അംഗീകരിച്ചു. അഭിമാനക്ഷതം പൂണ്ട വിശ്വാമിത്രൻ സേനകളെ തടഞ്ഞു നിറുത്തി യുദ്ധത്തിനൊരുങ്ങി. നന്ദിനിയുടെ കാട്ടുതീക്കെതിരായ ശക്തിയേററു് രാജസൈന്യം ഒട്ടുവളരെ ദഹിച്ചുപോയി. ശേഷിച്ച സൈന്യങ്ങൾ പിൻതിരിഞ്ഞോടുകയും ചെയ്തു. മാനംമുടിഞ്ഞ വിശ്വാമിത്രൻ വാശിമൂത്തു പരമശിവനെബ്ഭജിച്ചു് വരംവാങ്ങി അഭീഷ്ടം തേടണമെന്നു് നിശ്ചയിച്ചു അതിനായൊരുങ്ങി അവിടംവിട്ടു.

ആശ മനുഷ്യനു് ഉല്ഗതിദ്വാരം തുറന്നുകൊടുക്കുന്നു. അതിൻെറ ശരിയായ പ്രവൎത്തനം അത്ഭുതപൂൎവ്വങ്ങളായ

പല അനുഭൂതികളേയും സ്മരണദശയിൽതന്നെ പ്രദാനം ചെയ്യാറുണ്ട്. ശിവാനുഗ്രഹകാംക്ഷിയായ വിശ്വാമിത്രനു സ്വല്പകാലത്തെ ഭജനംകൊണ്ട് ഇഷ്ടദേവത പ്രത്യക്ഷമായി. അപേക്ഷാനുസരണം ശിവൻ ധനുർവ്വേദോപദേശം നൽകുകയുംചെയ്തു. ചരിതാർത്ഥനായ ഗാധേയൻ സൈന്യസന്നാഹത്തോടുകൂടെ വീണ്ടും വസിഷ്ഠാശ്രമാഭിമുഖനായി വന്നു. അതുകണ്ട ആശ്രമജനങ്ങളാകയും ആകുലരായി ഗുരുവിനെ വിവരമുണർത്തിച്ചു. മഹാപ്രഭാവനായ ബ്രഹ്മപുത്രൻ താപസർക്കെല്ലാം അഭയംകൊടുത്തു തൻെറ യോഗദണ്ഡുമായി പ്രതിസൈന്യത്തിനെതിരേചെന്ന് ദണ്ഡുയർത്തിപ്പിടിച്ച് നിശ്ചലനായി ഗംഭീരനായിനിന്നു. ബ്രഹ്മക്ഷത്രങ്ങൾതമ്മിലുള്ള ആ പോരാട്ടം കേട്ടറിഞ്ഞു് കാണാനെത്തിയിരുന്ന ജനങ്ങളത്രയും ബ്രഹ്മശക്തിപരിവേഷത്തോടുകൂടിയുള്ള വസിഷ്ഠമഹർഷിയുടെ ആ നില്പുകണ്ട് വിസ്മയവിധേയരായി. സംഹാരമൂർത്തിയുടെ അനുഗ്രഹംകൊണ്ട് ധനുർവ്വേദപാരംഗതനായ വിശ്വാമിത്രമഹാരാജാവ് സൈന്യങ്ങളെ അണിനിരത്തി ആയുധമാരി ചൊരിയാൻതുടങ്ങി. എന്തത്ഭുതമോ! പ്രയുക്തമായ ഓരോ ആയുധവും ബ്രഹ്മദണ്ഡിനു് സമീപമണയുമ്പോൾ അദൃശ്യമായിത്തീർന്നു. ധനുർവ്വേദത്തിൻെറ നാന്ദിമുതൽ ഭരതവാക്യംവരെ മഹാരാജാവ് വീണ്ടും വീണ്ടും ആവർത്തിച്ചു. സർവ്വംഭക്ഷകമായ ആ ബ്രഹ്മദണ്ഡിൽ സകലവും വിലയം പ്രാപിച്ചുപോയി. രാജാവ് വിഷണ്ണനായി. ഒടുവിൽ ബ്രഹ്മാസ്ത്രംതന്നെ പ്രയോഗിക്കുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. സുദീപ്തവും അധൃഷ്യവുമായ ബ്രഹ്മാസ്ത്രം ക്ഷണേന സന്ധാനംചെയ്യപ്പെട്ടു.

പ്രകൃതിയുടെ മുഖം പരിമ്ലാനമായി; ജനസഞ്ചയം വ്യാകുലമായി; വ്യോമവീഥിയിൽ നിന്നിരുന്ന ദേവവൃന്ദം ഹാഹാരവം മുഴക്കി. ചെങ്കനൽക്കാന്തി ചിതറിക്കൊണ്ട് ആ ഘോരാസ്ത്രം വില്ലിൽനിന്നു പാഞ്ഞു. മഹാത്ഭുതം! ഒരു കാൽനിമിഷത്തിനകം ധൂമകേതുപ്രഭമായ ആ ദീപ്താസ്ത്രം മുന്നമയച്ച ശരങ്ങളെപ്പോലെ, യോഗദണ്ഡിൻെറ ജ്യോതിർവ്വലയത്തിൽ ലയിച്ചുപോയി. ഇദംപ്രഥമമായ ആ സംഭവം കാണികളുടെ ഹൃദയത്തിൽ വിവിധവികാരങ്ങളെ ഉളവാക്കി വിശ്വാമിത്രൻെറ മനസ്സിൽ നിബിഡമായ ഒരു ധൂമസംഹതി വ്യാപിച്ചു. പൊടുന്നനവേ, അതിനിടയിൽനിന്ന് ഒരഗ്നിപൊങ്ങിക്കത്തിക്കാളി. അതിൻെറ തരളപ്രഭയിൽ വിശ്വാമിത്രൻ കണ്ടത് ഒരു നവ്യപഥമായിരുന്നു. ആദ്ദേഹം നിർണ്ണയിച്ചു:—

> ധിഗ്ബലം ക്ഷത്രിയബലം
> ബ്രഹ്മതേജോബലം ബലം;
> ഒരൊററ ബ്രഹ്മദണ്ഡാലെ-
> ന്നസ്ത്രമെല്ലാം മുടിഞ്ഞുപോയ്;
> എന്നാലിന്നിതു കണ്ടുള്ളൊ-
> ത്തിന്ദ്രിയങ്ങൾ തെളിഞ്ഞു ഞാൻ,
> വലുതായ തപം ചെയ്യേൻ
> ബ്രഹ്മത്വമുളവാകുവാൻ.

യാദൃച്ഛികങ്ങളായ ചില സംഭവങ്ങൾ പല നൂതനദശാനുഭവങ്ങൾക്കും കാരണമായിത്തീരുന്നു. ഹൃദയസിര

കളെ ബലമായി സ്പന്ദിപ്പിക്കുന്നു. ആ വക നിമിത്തങ്ങൾ ഏതു പ്രയത്നവും ചെയ്വാനും ഏതു ക്ലേശവും അനുഭവിക്കുവാനും മനുഷ്യനെ സുസന്നദ്ധനാക്കുന്നു. സാമ്രാജ്യകിരീടം പുത്രന്റെ ശിരസ്സിൽ സമർപ്പിച്ചു് വിശ്വാമിത്രമഹാരാജാവു് പത്നീസഹിതനായി ദക്ഷിണദിക്കിനെ പ്രാപിച്ചു.

## II

സാമ്രാജ്യകിരീടം ചൂടിയിരുന്ന മൌലിയിൽ ജടപിരിച്ചുകെട്ടിയ ദിവസത്തെ കൗശികൻ തന്റെ രണ്ടാം ജന്മത്തിന്റെ പ്രഥമദിവസമായി ഗണിച്ചു. ചെങ്കോൽ കളഞ്ഞു് യോഗദണ്ഡേന്തിയസമയം, അനശ്വരമായ പുണ്യസ്തംഭം കരസ്ഥമാക്കിയതായി അദ്ദേഹം അനുമാനിച്ചു. വനതരുക്കളുടെ ശീതളച്ഛായയിൽ മദ്ധ്യാഹ്നവേളയിലിരുന്ന സമയം, വെൺകൊററക്കുടയുടെ സംകുചിതമായ പരിധിയെ അപഹാസപൂർവ്വം കൗശികൻ സ്മരിച്ചു. സ്വശ്നേന്ദ്രിയത്തെ ബലപ്പെടുത്തുവാൻ പട്ടുമെത്തയല്ല പാറപ്പുറമാണുപററിയതെന്നു് അദ്ദേഹം അനുഭവിച്ചറിഞ്ഞു. പ്രകൃതിദേവി പാകപ്പെടുത്തിത്തരുന്ന ഫലമൂലങ്ങളുടെ മാധുര്യമാണാസ്വാദ്യതരമെന്നദ്ദേഹം മനസ്സിലാക്കി. എന്തിനധികം! തന്റെ ദ്വിതീയജീവിതഗ്രന്ഥത്തിലെ ഓരോ പദവും രസാത്മകമായിത്തന്നെ ആ വിശാലഹൃദയത്തിൽ പതിഞ്ഞു.

വിവാഹിതന്മാർ സ്വപത്നീകരായിത്തന്നെയാണു് വ്രതാനുഷ്ഠാനാദികൾ ചെയ്യേണ്ടതു്. ജ്ഞാനകർമ്മേന്ദ്രിയ

ങ്ങൾ സാവധാനത്തിൽ മാത്രം യത്ന്യങ്ങളാണ്. അതി നാൽ ഗാർഹികമായ വൃത്തിയിലായിരുന്നുകൊണ്ടുതന്നെ ആരംഭദശകളെ തരണംചെയ്യേണ്ടിവരുന്നുവെങ്കിൽ അത ശേഷവും നിഷിദ്ധവുമല്ല; എന്നുമാത്രമല്ല, ഭോഗവാസന കളെ വേരോടെ നശിപ്പിക്കുന്നതിനു് അതൊരുപായവും കൂടെയാകും. ഈ വക ചിന്തകളാലാണു് ധർമ്മപത്നീ യുക്തനായിത്തന്നെ തപശ്ചരണത്തിനു് കൗശികൻ നിശ്ച യിച്ചതു്.

ദിവസങ്ങളും മാസങ്ങളും ഋതുക്കളും സംവത്സരങ്ങൾ തന്നെയും വളരെ വളരെക്കഴിഞ്ഞുപോയി. തപഃക്രമ ത്തിന്റെ പല നിഃശ്രേണികളേയും കൗശികൻ നിഷ്പ്ര യാസം ആരോഹണം ചെയ്തു. ഇക്കാലങ്ങൾക്കിടയിൽ നാലു പുത്രസന്താനങ്ങളും അദ്ദേഹത്തിനുണ്ടായി. ഏതാനും നൂററാണ്ടുകൾ ചെന്നപ്പോഴേയ്ക്കും അദ്ദേഹം സാമാന്യം ശ്രേഷ്ഠനായ ഒരു താപസൻ തന്നെയായി. അന്നൊരു ദിവസം ബ്രഹ്മദേവൻ പ്രത്യക്ഷനായി രാജർഷി എന്ന വിശിഷ്ടനാമത്തെക്കൊണ്ടു വിശ്വാമിത്രനെ അഭിസംബോ ധന ചെയ്തു. താനതു കേട്ടതേയില്ലയെന്ന ഭാവത്തിൽ അ ദ്ദേഹം കേവലം മൌനിയായി നില്ക്കുകയേ ചെയ്തുള്ളൂ. ആണ്ടു കൾ വീണ്ടും വളരെകഴിഞ്ഞുകൂടി. അന്നൊരു പ്രത്യേക സംഭവമുണ്ടായി. ഭാഗധേയങ്ങളുടെ ആഗമം അവിചാരി തവും അപ്രതിഹതവുമാണല്ലോ.

ത്രിശംകു എന്നൊരു മഹാരാജാവു് അക്കാലത്തു് സൂര്യ വംശം ഭരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ അന്നൊരു

വ്യാമോഹം പിടികൂടി. തനിക്കു ഉടലോടുകൂടി സ്വർഗ്ഗം പ്രാപിക്കണമെന്നായിരുന്നു ആ ചിത്തഭ്രമം. അതു് യജ്ഞകർമ്മം കൊണ്ടു് സുസാദ്ധ്യമാണെന്നു് അദ്ദേഹമെങ്ങനെയോ തീർച്ചപ്പെടുത്തി. വംശാചാര്യനായ വസിഷ്ഠമഹർഷിയെക്കണ്ടു് ആത്മേഷ്ടത്തെ ഉപന്യസിച്ചശേഷം, യാഗം ഉടനടി നടത്തിത്തരണമെന്നു് ത്രിശംകു ശഠിക്കുകതന്നെചെയ്തു. മഹാരാജാവിൻെറ ജാള്യത്തെ സഹതാപപൂർവ്വം വിചിന്തനം ചെയ്തുകൊണ്ടു് അങ്ങനെ ഒരു ക്രിയ നടത്തുവാൻ തന്നാലസാദ്ധ്യമാണെന്നു് ആ ബ്രഹ്മർഷി സുദൃഢമായി അരുളിച്ചെയ്തു. നിരാശയും വിഷാദവുംകൊണ്ടു് പരവശനായ ത്രിശംകു അവിടെ നിന്നിറങ്ങി. ആശ്രമം വിട്ടിറങ്ങിയപ്പോൾ, വസിഷ്ഠപുത്രന്മാരവിടെ നില്പുയായിരുന്നു. ആശാകൃഷ്ടനായ രാജാവു് സ്വാഭിമതത്തെ അവരെ ഗ്രഹിപ്പിച്ചു; നിങ്ങളിതു നിർവ്വഹിച്ചുതരണമെന്നഭ്യർത്ഥനചെയ്തു. അവർക്കു ഈ അപേക്ഷ വളരെ നീരസമായി. അസാദ്ധ്യവിഷയങ്ങളിൽ അതിർകവിഞ്ഞുള്ള ആശങ്കകാണുമ്പോൾ അരിശം കൊള്ളാതിരിക്കുന്നതിനു് പരിണതപ്രജ്ഞന്മാർക്കു മാത്രമേ സാധിക്കയുള്ളൂ. ഗുരുനിന്ദയ്ക്കുകൂടി കാരണഭൂതമായ ആ ദുരപേക്ഷകേട്ടു് ക്രുദ്ധരായ വസിഷ്ഠപുത്രന്മാർ നീ ചണ്ഡാളനായിത്തീരട്ടെ എന്നു് ത്രിശംകുവിനെ ശപിച്ചു;

കരണ്ടാനഹി മഞ്ജൂഷ-
യിര മോഹിച്ചു മൂഷികൻ;
ഭക്ഷിച്ചാനെലിയെത്തന്നെ
തൽക്ഷണാലഹിയും പുനഃ.

എന്നു പറഞ്ഞതുപോലെ, ദിവ്യോത്തമനാകാൻ ശ്രമിച്ചദ്ദേഹം അധമാധമനായിത്തീൎന്നു. വിധിവിഹിതം ആൎക്കറിയാം.

മനം വെന്തുനീറിയ ത്രിശംകുഭൂപൻ, തൻെറ ശ്രമത്തെ അത്രയുംകൊണ്ടു് നിറുത്താനല്ല തീൎച്ചയാക്കിയതു്. ഉദ്ദേശത്തെ സാധിച്ചുതരുവാൻ ശക്തനായ ആരം ഇനിയാരെന്നു് അദ്ദേഹം ചിന്താപഥത്തിൽ സുദീൎഘമായ സഞ്ചാരംചെയ്തു. അവസാനം വിശ്വാമിത്രനെ ഒരുററ അവലംബമായി കരുതിക്കൊണ്ടു ത്രിശംകു അദ്ദേഹത്തെ ഉപഗമിച്ചു. അഭിവാദ്യാദികൾചെയ്തു് ത്രിശംകു തൻെറ ആശയെ വിസ്തരിച്ചു; എന്നല്ലാ, വസിഷ്ഠാശ്രമത്തിൽ ചെന്നപ്പോൾ തനിക്കുപററിയ അക്കിടിയെ സവിസ്തരം തുറന്നു പറയുകയും ചെയ്തു. വിശ്വാമിത്രൻ അതെല്ലാംകേട്ടു് അല്പനിമിഷം ധ്യാനിച്ചു് പിന്നീടിങ്ങനെ പറഞ്ഞു.

ശരി; ഞാനൊരു യാഗം നിന്നെക്കൊണ്ടു് ചെയ്യിക്കാം; അതിൻെറ അവസാനത്തിൽ നിൻെറ ഉദ്ദേശം നിറവേറും. അനന്തരം തൻെറ മക്കളേയും ശിഷ്യന്മാരേയും നോക്കി, യാഗം നടത്തുവാൻ കൎമ്മികളായി ഏതാനും മഹൎഷിമാരെ കൂട്ടികൊണ്ടുവരുവാൻ നിയോഗിച്ചയച്ചു. നാലഞ്ചുദിവസത്തിനകം നിരവധി മഹൎഷിമാർ അവിടെ വന്നുകൂടി. ഒടുവിൽവന്ന ഏതാനും മഹൎഷിമാർ തങ്ങൾക്കു് താമസം നേരിട്ടതിൻെറ കാരണത്തെ ഈവിധം പ്രതിപാദിച്ചു:—"ഞങ്ങൾ പുറപ്പെട്ടുപോരുമ്പോൾ വഴി

മദ്ധ്യേ വാസിഷ്ഠന്മാർ ഞങ്ങളെത്തടഞ്ഞു. ഒരു ചണ്ഡാളന്റെ യാഗം; പുരോഹിതനോ ആ സ്ഥാനത്തിൽ അർഹതയില്ലാത്ത കൌശികൻ; ദേവന്മാരുണ്ടോ അവിടെവന്ന് ഹവിസ്സിനെ ആസ്വദിക്കുന്നു. ഉത്തമബ്രാഹ്മണരാരും ചണ്ഡാളാന്നം ഭക്ഷിക്കയില്ല. ഞങ്ങൾ അതിനൊരു മറുവടിയും പറയാതെ പോരികയായിരുന്നു."

വിശ്വാമിത്രന്റെ ദൃഷ്ടികൾ തുടുത്തിളകി മറഞ്ഞു. കോപകമ്പിതാംഗനായ അദ്ദേഹം പറഞ്ഞു:—നിർവ്യാജമായ തപസ്സുചെയ്തു വാഴുന്ന എന്നെ ദൂഷിച്ചവരാരോ അവരെല്ലാം,

നായ്മാംസം പതിവായ്ത്തിന്നും
ക്രൂരരായ് മുഷ്ടികാഖ്യരായ്
വിരൂപരായ് വികൃതരായ്
ചുററട്ടെ യിവിടങ്ങളിൽ.

അനന്തരം ശാന്തചിത്തനായ കൌശികൻ ആഗതരായ മുനിമാരെ നോക്കി ത്രിശംകുവിനുവേണ്ടി നടത്തപ്പെടേണ്ടുന്ന യാഗത്തിന്റെ പരിപാടിയെ വർണ്ണിച്ചു. താമസംവിനാ യാഗസംഭാരങ്ങളെല്ലാം സംഭൃതങ്ങളായി. അന്ന് ദേവേന്ദ്രൻ മായാരൂപം കൈക്കൊണ്ട് യജ്ഞോപകരണങ്ങളത്രയും അപഹരിച്ചു. പക്ഷേ, വിശ്വാമിത്രൻ അതുകൊണ്ടേതും പരാജയപ്പെടുന്നദേഹമല്ലായിരുന്നു. അപ്പോഴപ്പോൾ വേണ്ടുന്ന പദാർത്ഥങ്ങൾ അതാതു നിമിഷത്തിൽ വിശ്വാമിത്രൻ മനസാനിർമ്മിച്ചു; യാഗമാരംഭിച്ച് നാളേറെയായി.

കണ്ടിതചിത്തരായ ദേവന്മാരൊക്കെക്കൂടി ഹവിരാസ്വാദനത്തിന് ആരും പോകാൻ പാടില്ലെന്നു തീച്ച്യാക്കി. മന്ത്രമോതി പല ദേവന്മാരെയും ആവാഹിച്ചിട്ടും ഹവ്യം സ്വീകരിക്കുവാൻ ദേവന്മാരാരും വന്നു കാണായ്കയാൽ ക്രുദ്ധനായ കൗശികമുനി സ്രുവമുയത്തിപ്പിടിച്ച് ത്രിശംകുവിനെ നോക്കിപ്പറഞ്ഞു:—"എൻെറ തപശ്ശക്തിയുടെ പ്രഭാവം കാണേണ്ടുന്ന സന്ദഭം വന്നിരിക്കുന്നു. ഞാനിതാ അങ്ങയെ ഇപ്പോൾത്തന്നെ ഉടലോടെ സ്വഗ്ഗം കയററിയേക്കാം. ഇക്കഴിഞ്ഞ സഹസ്രവഷങ്ങൾക്കിടയിൽ ഞാൻ വിധിപ്രകാരം നടത്തിയ തപസ്സിന്നു വല്ല ഫലവുമുണ്ടെങ്കിൽ അതിൻെറ ശക്തിയാൽ ഞാനങ്ങയെ നാകം പ്രാപിപ്പിച്ചേക്കാം."

വിശ്വാമിത്രൻ ത്രിശംകുവിനെ രണ്ടുകൈകൊണ്ടും എടുത്തുയത്തിവിട്ടു. ത്രിശംകു നേരെ മേല്പോട്ടുയരാൻ തുടങ്ങി. അഭ്രതപൂവ്വമായ ആ അത്ഭുതസംഭവം സകലജനതയേയും ആശ്ചയ്യാകുലമാനസരാക്കി. സ്വഗ്ഗത്തേയ്ക്കു യന്നുവരുന്ന രാജാവിനെ—അല്ല ചണ്ഡാളനെ—നോക്കി ദേവേന്ദ്രൻ അപ്പോൾ പറഞ്ഞു:—ഗുരുശാപഹതനായ നീ തല കിഴക്കാൻതൂക്കായി ഭൂമിയിൽ പതിക്കുമാറാകട്ടെ. ആ ശബ്ദത്തെ ആകാശം ഗ്രഹിച്ച മാത്രയിൽ ത്രിശംകു തലതിരിഞ്ഞു കീഴ്പ്പോട്ടു വീഴാൻ തുടങ്ങി. അദ്ദേഹം വിശ്വാമിത്രനെ ശരണംചൊല്ലി വാവിട്ടുനിലവിളിച്ചു. അതു കണ്ട കൗശികന് അടക്കാൻ ആകാത്ത കോപം ഉളവായി. തൻെറ പ്രതിജ്ഞയ്ക്കു്, താനനല്പമായ തപഃപുണ്യം സ്വാ

യത്തമാക്കിയിനിക്കെ, ഭംഗം നേരിടുകയോ? കൗശികനു് സ്മരിക്കാൻകൂടെ കഴിഞ്ഞില്ല. അദ്ദേഹം പുതിയൊരു നാകലോകം സൃഷ്ടിക്കുവാൻ സന്നദ്ധനായി. ആകാശത്തിന്റെ ദക്ഷിണഭാഗത്തായി സപ്തർഷിമണ്ഡലവും, അനന്തരം താരാവീഥിയും സൃഷ്ടമായി. പിന്നീടു് ദേവകളേയും ദേവനായകനെത്തന്നെയും സൃഷ്ടിക്കാൻ ഒരുങ്ങുമായി. അതു കണ്ടപ്പോൾ പരിഭ്രാന്തരായ ദേവന്മാരൊക്കെക്കൂടി വിശ്വാമിത്രന്റെ സമീപംവന്നു് അനുനയത്തിൽ മൊഴിഞ്ഞു:—"മഹാത്മൻ, അങ്ങെന്താണിത്തുടങ്ങുന്നതു്? ത്രിശംകു ഗുരുശാപംമൂലം ചണ്ഡാളനായിരിക്കയല്ലേ? ഒരു ചണ്ഡാളനു് നാകപ്രവേശം പാടുണ്ടോ? വാസ്തവധർമ്മം മറന്നു് അവിടുത്തെപ്പോലുള്ള അഭിരൂപമണികൾ പ്രവർത്തിച്ചാലെന്തു ചെയ്യും?"

വിശ്വാ—അതൊക്കെ ശരിതന്നെ; ഞാൻ പറഞ്ഞവാക്കു് പാഴാകാൻ പാടില്ല. എന്റെ തപഃപുണ്യത്താൽ ത്രിശംകു പരിശുദ്ധനായിരിക്കുന്നു.

ദേവന്മാർ—എന്നാൽ, അവിടത്തോടു് ഒന്നപേക്ഷിക്കട്ടെ. ത്രിശങ്കു ആകാശമദ്ധ്യത്തിൽ തല കീഴായിത്തന്നെ സകല ദേവാസുരന്മാരാലും ആരാദ്ധ്യനായി അമരത്വംപൂണ്ടു വാണുകൊള്ളട്ടെ! അതിനു് അവിടന്നു് സമ്മതിക്കണം.

താൻ സൃഷ്ടിച്ച സ്വർഗ്ഗത്തിൽ ത്രിശംകു നിത്യസുഖത്തോടുകൂടി സദേഹനായി സർവ്വസമാരാദ്ധ്യനായി വാഴ

ന്നതു് തനിക്കു സമ്മതമാണെന്നു വിശ്വാമിത്രനും സമ്മതിച്ചു പറഞ്ഞു. ആ വിധം എല്ലാവരും സമ്മതിച്ചു് യഥാസ്ഥാനങ്ങളിൽപോയി. ഈ വിധം വിശ്വാമിത്രന്റെ കീർത്തി ലോകപ്രശംസയ്ക്കു് ഒരു മുഖ്യവിഷയമായിത്തീൎന്നു.

മനസ്സമാധിക്കു് ഭംഗംനേരിട്ട ആ സ്ഥലത്തിരുന്നു ഇനിയും തപശ്ചര്യ സുഖാവഹമല്ലെന്നു് നിശ്ചയിച്ചു കൗശികൻ ശിഷ്യരോടുകൂടി പടിഞ്ഞാറു് പുഷ്കരതീൎത്ഥക്കരയിൽചെന്നു് തപസ്സാരംഭിച്ചു. ഫലമൂലാദികളുപേക്ഷിച്ചു് ശുഷ്കപൎണ്ണാശനമാത്രനായി, ക്രമേണ വായുമാത്ര ഭക്ഷകനായിത്തന്നെ കഠിനതപസ്സു് അദ്ദേഹം അനുഷ്ഠിച്ചുവന്നു. കാലം വളരെക്കഴിഞ്ഞു. വിശ്വാമിത്രന്റെ വിജയ പരീക്ഷയ്ക്കു് രണ്ടാമതൊരു സന്ദൎഭം അപ്പോൾ സഞ്ജാതമായി.

അയോദ്ധ്യാധിപതിയായ അംബരീഷമഹാരാജാവു് ഒരു യാഗം ആരംഭിച്ചിരുന്നു. വധിക്കുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന പശു യാഗമദ്ധ്യേ എങ്ങിനേയോ അദൃശ്യമായിത്തീൎന്നു. പുരോഹിതന്മാർ അതൊരു വലിയ അവലക്ഷണമായിട്ടാണു ഗണിച്ചതു്. രാജാവിന്റെ പാപശക്തികൊണ്ടല്ലാതെ അത്തരമൊരു സംഭവത്തിനിടയില്ലെന്നു് അവർ സപ്രമാണം വിധിയെഴുതി. ഉത്തമലക്ഷണയുക്തനായ ഒരു തരുണനെ യാഗപശുവാക്കിയേ ഇനി കൎമ്മം മുന്നോട്ടു കൊണ്ടുപോവാൻ നിവൃത്തിയുള്ളുവെന്നു് അവർ പ്രായശ്ചിത്തവും കല്പിച്ചു. മഹാരാജാവിനു ഗത്യന്തരമില്ലാതായി.അദ്ദേഹം അനന്തമായ ധനധാന്യാദികളോടുകൂടി

അത്തരത്തിലൊരു പുരുഷനെ തിരക്കിപ്പുറപ്പെട്ടു. സദ്ഗുണസമ്പൂൎണ്ണനായ വല്ലവനുമുണ്ടോ മരണത്തെ സ്വമേധയാ വരിക്കുന്നു. രാജാവ് അലഞ്ഞലഞ്ഞുതിരിഞ്ഞു. ഋചീകമഹർഷി മൂന്നു പുത്രന്മാരോടും ഭാൎയ്യയോടും കൂടി അന്ന് ഭൃഗുതുംഗത്തിൽ വാണിരുന്നു. ഒരു മാദ്ധ്യം ദിനവേളയിൽ അംബരീഷൻെറ വിശ്രമസങ്കേതം അവിടെയായി. യാദൃച്ഛികമായി മഹർഷിയെക്കണ്ടു് അദ്ദേഹത്തിൻെറ സ്ഥിതി മനസ്സിലാക്കിയ രാജാവു കുമ്പിട്ടു തൻെറ യാത്രോദ്ദേശം വെളിവാക്കി. എന്നല്ല; പുത്രന്മാരിൽ ഒരാളെ ആത്മോദ്ദേശനിൎവ്വഹണത്തിനായി യാചിക്കയും ചെയ്തു. അന്നേരം ഋചീകൻ പറഞ്ഞു:—മൂത്തപുത്രൻ എനിക്കധികം ഓമനയായി വളൎന്നവനാണു്. അവനെത്തരുന്നകാൎയ്യം എന്നാലശക്യമാണു്. അതുകേട്ട് അദ്ദേഹത്തിൻെറ പത്നി പറയുകയാണു്:—ഇളയമകൻ എൻെറ അമിതവാത്സല്യത്തിനു പാത്രമാകയാൽ അവനുമായുള്ള വിരഹം എനിക്കു സഹിക്കാനേ വയ്യ.

മാതാപിതാക്കളുടെ വാക്കുകൾ കേട്ടുകൊണ്ടു നിന്ന മദ്ധ്യമപുത്രനായ ശുനശ്ശേഫൻ അപ്പോൾ പറഞ്ഞു:— മഹാരാജാവേ അച്ഛനമ്മമാരും എന്നെ അങ്ങേയ്ക്കു് തന്നു കഴിഞ്ഞിരിക്കുന്നു. ഞാൻ അങ്ങയുടെ കൂടെപ്പോരാം.

സന്തുഷ്ടനായ അംബരീഷൻ അസംഖ്യം പശുധനധാന്യാദികൾ ഋചീകനു ദാനംചെയ്തു് ശുനശ്ശേഫനുമായി അവിടെന്നു യാത്രതിരിച്ചു.

അവരുടെ യാത്രാമാൎഗ്ഗം വളരെക്കഴിഞ്ഞു. മഹൎഷികുമാരൻെറ ഹൃദയം തുടിക്കാൻ തുടങ്ങി. ധൎമ്മപ്രേരണയാ കുമാരനെക്കൊണ്ടു് രാജാവിനോടങ്ങനെ അപ്പോൾ പറയിച്ചുവെങ്കിലും, വഴി നീങ്ങുംതോറും ആസന്നമായി കേട്ട മരണത്തിൻെറ ക്രൂരദംഷ്ട്രകളുടെ സംമ്മൎദ്ദനരവം ആ ബാലമനസ്സിനെ അതിമാത്രം വേദനിപ്പിച്ചു. എന്നാൽ തൻെറ മാതാപിതാക്കൾ പറഞ്ഞ വാത്സല്യലേശശൂന്യമായ ആ വാക്യം ഓൎത്തപ്പോൾ ആ ക്ഷതചിത്തത്തിൽ മരണം മധുരമായിത്തോന്നി. എന്നാലും പ്രകൃതിസുന്ദരമായ ലോകത്തെ, ധൎമ്മസാധനമായ ഐഹികജീവിതത്തെ, ഇത്രപെട്ടെന്നു വെടിയേണ്ടിവന്നതോൎത്തപ്പോൾ ശുനശ്ശേഫനുണ്ടായ മനോവ്യഥ അത്യന്തദുസ്സഹം തന്നെയായിരുന്നു.

ഒരു നട്ടുച്ചനേരത്തു് അംബരീഷൻെറ യാത്ര പുഷ്കരതീൎത്ഥത്തിനു സമീപമെത്തി. അദ്ദേഹം സ്നാനപാനാദികൎമ്മങ്ങൾശേഷം ആലത്തറയിലിരുന്നു് വിശ്രമിക്കയായിരുന്നു. അന്നേരം ശുനശ്ശേഫൻ അസ്വസ്ഥചിന്തകളോടുകൂടി നിരുദ്ദേശമായി തീൎത്ഥത്തെ വലംവെക്കുകയായിരുന്നു. പടിഞ്ഞാറേക്കരയിൽ ചെന്നസമയം ഒരാശ്രമവും ഏതാനും മുനിബാലന്മാരും കാണപ്പെട്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ വിശ്വാമിത്രമുനി ആശ്രമാങ്കണത്തിലുള്ള ശീതളച്ഛായയിലിരിക്കുന്നതും കാണുമാറായി. ശുനശ്ശേഫൻ വേഗം അഭിമുഖമായിച്ചെന്നു് കൌശികപാദങ്ങളിൽ സാഷ്ടാംഗം നമിച്ചു് തൻെറ വിനകളത്രയും ഉണൎത്തിച്ചശേഷം പറ

ഞ്ഞു:—"പ്രിയപ്പെട്ട മാതുലാ, എനിക്ക് അമ്മയും അച്ഛ നും അവിടുന്നുതന്നെ. അംബരീഷൻെറ യാഗത്തിനും തൻെറ ജീവിതത്തിനും നാശം നേരിടാത്ത വിധം അവിടു ത്തെ കരുണയുണ്ടാവണം.

വിശ്വാമിത്രൻ ഭാഗിനേയനും ശരണാഗതനുമായ ശുനശ്ശേഫന് ആശിസ്സുകൊടുത്തു. അനന്തരം പുത്രന്മാരെ നോക്കിപ്പറഞ്ഞു.

മക്കളെ, നിങ്ങളിലാരെങ്കിലും ഒരാൾ അംബരീഷ ൻെറ കൂടെപ്പോയി യാഗപശുത്വം പ്രാപിച്ച് ആശ്രി തൻെറ ജീവിതത്തെയും മഹാരാജാവിൻെറ യാഗകർമ്മ ത്തെയും രക്ഷിച്ച് സുകൃതത്തിനു പാത്രമായി അമൃതത്വം നേടണം; മടിക്കരുത്.

അതുകേട്ട മക്കൾ നാലുപേരും ഏകകണ്ഠത്തിൽ അപഹസിച്ചു കൊണ്ടിങ്ങനെ പറഞ്ഞു:—അവിടുത്തെ ബുദ്ധി മറിഞ്ഞപോലെയെന്നുതോന്നുന്നു. ഒരാളൻെറ കുഞ്ഞിനെ രക്ഷിപ്പാൻ തൻകുഞ്ഞിനെ ആരെങ്കിലും കൊല്ലാറുണ്ടോ? അവിടുത്തെ ഹൃദയം ശിലപോലെ കഠിനംതന്നെ.

കോപിഷ്ഠനായ കൗശികൻ ഗുരുത്വംകെട്ട മക്കളെ ചണ്ഡാലവൃത്തികളായിത്തീരട്ടെ എന്നു ശപിച്ചയച്ചു. പി ന്നീട് ശുനശ്ശേഫനെ മടിയിലിരുത്തി പുറം തലോടി ക്കൊണ്ടുപറഞ്ഞു.

കുഞ്ഞേ, നീ ഒട്ടും പേടിക്കേണ്ടാ. ഞാൻ നിനക്കു രണ്ടു ഗാഥകൾ ഉപദേശിച്ചുതരാം. യജ്ഞയൂപത്തിനടുത്തു് നിന്നെ നയിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ഇവ ജപിച്ചു കൊള്ളുക; ദേവപ്രസാദത്താൽ നിൻെറ ജീവിതവും യാഗവും സുമംഗളമാകും.

സന്തുഷ്ടനായ ശുനശ്ശേഫൻ മാതുലനെ തൊഴുതു് വിടവാങ്ങി അംബരീഷൻെറ സമീപംവന്നു് യാത്രാസന്നദ്ധനായി. വിശ്രാന്തനായ രാജാവു് ക്ഷണേന പുറപ്പെട്ടു് സ്വല്പദിനത്തിനുള്ളിൽ അയോദ്ധ്യയിലെത്തി. യാഗകർമ്മങ്ങൾ അനുബന്ധിക്കപ്പെട്ടു. രക്തവസ്ത്രമാലാദി വിഭൂഷിതനായ മുനിബാലൻ യൂപാന്തികം നയിക്കപ്പെട്ടു. പ്രസന്നമുഖനായ ശുനശ്ശേഫൻ മിഴികളടച്ചു് അഞ്ജലിബന്ധിച്ചു് അത്യുച്ചത്തിൽ ഗാഥകളെ ഗാനം ചെയ്തു. നാലഞ്ചുനിമിഷങ്ങൾക്കകം വിഷ്ണുദേവനും ദേവന്മാരും അവിടെ സന്നിഹിതരായി. മഹാവിഷ്ണു ഋഷികുമാരനെ എടുത്തു് മടിയിലിരുത്തി അവനു് ദീർഘായുസ്സിനേയും നിത്യമംഗളത്തെയും പ്രദാനംചെയ്തു. യാഗഫലത്തെക്കൊടുത്തു് മഹാരാജാവിനേയും സംപ്രീതനാക്കി. ഏവരും വിസ്മയാധീനരായി. വിശ്വാമിത്രൻെറ യശസ്സ് ദിഗന്തങ്ങളിലത്രയും വിശ്രാന്തമായി. അന്നു് ലോകശില്പിയായ പിതാമഹൻ കൗശികോപാന്തത്തിൽച്ചെന്നു് ഋഷി എന്ന പരമശബ്ദം ചൊല്ലി അദ്ദേഹത്തെ വിളിച്ചു. പക്ഷേ വിശ്വാമിത്രനപ്പോഴും കണ്ണു തുറന്നില്ല. വിളികേട്ടതുമില്ല.

കൌശികൻെറ തപഃസ്ഥിതികണ്ടു് ഭയാശങ്കിതരായ ദേവേന്ദ്രാദികൾ വ്രതവിഘ്നം വരുത്താനായി മേനകയെന്ന അപ്സരസ്ത്രീയെ തപോവനത്തിലേക്കയച്ചു. ലൌകികവിഷയങ്ങളുടെ അജയ്യമായ ശക്തിയാലും, ശിരോലിഖിതത്തിൻെറ പ്രേരണകൊണ്ടും പത്തു സംവത്സരത്തോളം കാലം മേനകയോടുകൂടി കൌശികനു ദാമ്പത്യം അനുഭവിക്കേണ്ടിവന്നു; എങ്കിലും, നല്ലകാലത്തിൻെറ സംവാഹനത്താൽ മിഴിതുറന്ന മുനിപുംഗവൻ ദേവന്മാരുടെ വഞ്ചനയെ ഗ്രഹിച്ചു് തൻെറ അവിവേകത്തെപ്പററി അനുശയിച്ചു് മനസ്സംയമം ചെയ്തു. മേനകയെ നിരസിച്ചു തൻെറ ആശ്രമത്തെ വടക്കേദിക്കിലേക്കു് മാററി മുന്നേക്കാൾ ഭയങ്കരമായ രീതിയിൽ തപംചെയ്തു വാണു.

നിരവധി ശതവർഷങ്ങൾ വീണ്ടും കഴിഞ്ഞപ്പോൾ ബ്രഹ്മാവു് അഭ്യാഗതനായിപ്പറഞ്ഞു. അല്ലയോ മഹർഷേ അങ്ങയുടെ തപസ്സ് അത്യുഗ്രവും ആശ്ചര്യകരവുമായിരിക്കുന്നു. അഭീഷ്ടമെന്തെന്നു പറഞ്ഞാലും.

വിശ്വാ—ഞാനൊരു ബ്രഹ്മർഷിയാകണം; അതാണെൻെറ പരമോദ്ദേശം.

ബ്രഹ്മാവു്—ശരി; നിനക്കിനി തപസ്സുകൊണ്ടതും സിദ്ധിക്കാം.

കൌശികൻ വീണ്ടും ഉഗ്രതപശ്ചരണത്തിൽത്തന്നെ നിരതനായി. ദേവന്മാരുടെ സംഭ്രമം സീമാതീതമായി. ഇന്ദ്രപ്പട്ടം നേടാനാണോ ഈ തപസ്സ്. ഇതാണു് ദേവേ

ന്ദ്രന്റെ സംശയം. ദേവരാജാവു് സ്ഥാനഭ്രംശത്തെപ്പററി വളരെവളരെപ്പേടിച്ചു, ഇന്ദ്രൻ രംഭയെന്നുപേരായ അപ്സരസ്സിനെ വിളിച്ചു കല്പിച്ചു:—രംഭേ! നീ ഇപ്പോൾ ലോകത്തിനുവേണ്ടി വലിയൊരു കാൎയ്യത്തിൽ ഏൎപ്പെടേണ്ടിയിരിക്കുന്നു. ഏതെങ്കിലും തരത്തിൽ വിശ്വാമിത്രന്റെ തപസ്സു് നീ മുടക്കണം. നിന്നെക്കൊണ്ടല്ലാതെ ഈ കൎമ്മം സുസാദ്ധ്യമല്ല.

ഭയകമ്പിതയായ രംഭ കൈകൂപ്പി വിനീതസ്വരത്തിൽ പറഞ്ഞു:—

പ്രഭോ! അവിടുത്തെ കല്പന അലംഘനീയമാണു്. ക്ഷമിക്കണം. അദ്ദേഹം എന്നെ ശപിക്കും. എനിക്കു ഭയമുണ്ടു്.

ഇന്ദ്രൻ—രംഭേ, നീ പേടിക്കേണ്ട; കാമനും വസന്തവും ഈ രണ്ടാം നിന്റെ കൂടെത്തന്നെ പോരുന്നുണ്ടു്; ഒരുങ്ങുക.

ചകിതയെങ്കിലും സഹായസ്മരണത്താൽ പ്രമത്തയായ രംഭ യാത്രയ്ക്കൊരുങ്ങി. ക്ഷണമാത്രത്താൽ വസന്തഭംഗി കൗശിക തപോവനത്തെ നന്ദനോദ്യാനസമാനമാക്കി. കോകിലകാകളിയും ഭൃംഗരഝങ്കാരവും ഹൃദയാകൎഷകമായ വിധം മുഴങ്ങി. വിധിവശാൽ സമാധിഭ്രഷ്ടനായ കൗശികൻ മിഴി തുറന്നു് നോക്കിയപ്പോൾ മോഹനമായ വനകാന്തിയേയും, രംഭാപ്രവേശത്തേയും കണ്ടു് ഒന്നന്ധാളിച്ചു. എങ്കിലും, ക്ഷണത്തിൽ ധൈൎയ്യമവലംബിച്ചു്

ഹൃദയവികാരത്തെ അടക്കി ധ്യാനംചെയ്യപ്പോൾ, ദേവരാജൻെറ സ്വാത്ഥപൂണ്ണമായ കപടപാരമ്യത്തെ മനസ്സിലാക്കി. നൂറുവഷം കല്ലായിക്കിടക്കത്തക്കവിധം രംഭയെ ശപിച്ചു. അതു കണ്ടു് ദേവേന്ദ്രാദികൾ ഭയപ്പെട്ടോടിക്കളഞ്ഞു. കൌശികനാകട്ടെ ആ സ്ഥലംവിട്ടു പ്രതീചിയെ ആശ്രയിച്ചു കഠിനതപം ചെയ്തു വാണു. വായുശ്വാസനംകൂടിയില്ലാതെ മൗനവ്രതം കൈക്കൊണ്ടു് ആയിരം സംവത്സരകാലത്തേക്കൊരു മഹാവ്രതമാണു് ആദ്യം സ്വീകരിക്കപ്പെട്ടതു് അതു നിവ്വിഘ്നംതന്നെ സംപൂണ്ണമായി. എന്നാൽ, വ്രതാവസാനത്തിൽ പാരണയ്ക്കായി ഭാവിച്ച സമയം ദേവേന്ദ്രൻ ഒരു താപസവേഷത്തിൽ അതിഥിയായിച്ചെന്നു്, എനിക്കു് വിശക്കുന്നു; വല്ലതും തരണം എന്നപേക്ഷിച്ചാറെ തനിക്കൊരുക്കിയിരുന്ന വിഭവം അപ്പാടെ കൊടുത്തു് തൃപ്തനാക്കി അയച്ചശേഷം വീണ്ടും മുന്നേതിലും ഗൗരവമായവിധം അദ്ദേഹം തപസ്സിൽ വ്യാപൃതനായി. വിശ്വാമിത്ര തപസ്സിൻെറ ഉഗ്രതകൊണ്ടു് ലോകഗതി അവ്യവസ്ഥിതമായി; പ്രകൃതിശക്തി അചഞ്ചലമായി. ലോകരക്ഷാദീക്ഷിതരായ ദേവന്മാരതുകണ്ടു് പിതാമഹസമീപം ചെന്നു് സങ്കടമുണത്തി.

ബ്രഹ്മദേവാ! തപസിലിരിക്കുന്ന കൗശികൻെറ അഭിമതങ്ങളെല്ലാം അവിടുന്നു് അതിവേഗത്തിൽ കൊടുക്കണമേ. ലോകമാകെ കീഴ്മേൽ മറിയുന്നു. അദ്ദേഹത്തിൻെറ ശിരസ്സിൽനിന്നുയരുന്ന യോഗാഗ്നിധൂമത്താൽ ലോകം സമാവൃതമായിരിക്കുന്നു; ഭൂമി കുലുങ്ങുന്നു; കുലപവ്വതങ്ങൾ

ഇളകുന്നു. അദ്ദേഹത്തിനു ബ്രഹ്മർഷിപദമാണാവശ്യമെങ്കിൽ അതോ, ഇന്ദ്രപട്ടത്തിലാണു് അവനു് ആശയെങ്കിൽ അതു തന്നെയോ കൊടുത്താലും ഏതെങ്കിലും തരത്തിൽ ലോകസമാധാനമുണ്ടാക്കിയെ മതിയാവൂ.

മന്ദസ്മിതവദനനായ ബ്രഹ്മാവു് ദേവസേനാപരിവൃതനായി ഒട്ടും താമസിക്കാതെ വിശ്വാമിത്രന്റെ മുന്നിൽ എത്തി.

ബ്രഹ്മാവു്—അല്ലയോ ബ്രഹ്മർഷേ! മിഴി തുറന്നാലും! നിസ്തുല്യനും ചിരംജീവിയുമായ ഭവാനു സുമംഗളം.

ആവൂ; സുഖമായി. എന്നുപറഞ്ഞു് കൺമിഴിച്ച കൗശികൻ യഥാവിധി ബ്രഹ്മദേവന്റെ അടിമലരിൽ വീണു അഞ്ജലിപൂർവ്വം പറഞ്ഞു.

പിതാമഹാ, അവിടുത്തെ അനുഗ്രഹം എന്നെ ബ്രഹ്മർഷിപദത്തിൽ ആരോഹണം ചെയ്യിച്ചു. ആ പദം എന്നാൽ ആശിക്കപ്പെട്ടതാണു്. അതിനും പുറമേ, മഹാത്മാവായ വസിഷ്ഠമുനി എന്റെ അടുക്കൽ വന്നു് അങ്ങു് എന്നോടു തുല്യനായി എന്നു പറയുകകൂടി ചെയ്താൽ ഞാൻ ഈ ഈ തപശ്ചരണത്തിൽ നിന്നു് വിരമിക്കാം.

ആനന്ദപരവശനായ വിധി അതെല്ലാം സമ്മതിച്ചു. അനന്തരം വിരിഞ്ചൻ വസിഷ്ഠനെ വരുത്തി വിശ്വാമിത്രന്റെ അഭിമതത്തെ അരുളിച്ചെയ്തു. വസിഷ്ഠർ അപ്പോൾ തന്നെ കൗശികനോടു് ആത്മതുല്യതയെ കണ്ടുതഃസ്പൃഷ്ട

മായി പറയുകയും ചെയ്തു. ചരിതാൎത്ഥതകൊണ്ടു് ഓളം തെല്ലുന്ന ഹൃദയത്തോടുകൂടി വിശ്വാമിത്രൻ തപഃശ്രമത്തിൽനിന്നു് വിരമിച്ചു. അനന്തരം ആ രണ്ടു ബ്രഹ്മൎഷിമാരും ഹസ്തേനഹസ്തതലമാത്തരസം ഗ്രഹിച്ചു അവിടെനിന്നു പിരിഞ്ഞു.

ഒരു മനുഷ്യന്നു് ആത്മീയമായി സമ്പാദിക്കാവുന്ന മഹനീയമായ പദവിയെ കൗശികൻ തനിക്കുണ്ടായ വാശിയുടെ ഫലമായിചെയ്ത കൎമ്മശക്തികൊണ്ടു് കരസ്ഥമാക്കി. അനശ്വരമായ കീൎത്തിയെ അദ്ദേഹം നേടി. ക്ഷത്രബ്രഹ്മങ്ങളുടെ ഉഗ്രശാന്താത്മകമായ ആ തേജസ്സ് ഭാരതഭൂമിക്കിന്നും നവചൈതന്യം നൽകുന്നു. ഹരിശ്ചന്ദ്രനാകുന്ന രാജരത്നത്തെ ശാണഘൎഷണംചെയ്തു ഭാരതത്തിലെ അക്ഷയജ്യോതിസ്സാക്കിത്തീൎത്തതും മററാരുമല്ല. ഉത്തമൎക്കു സിദ്ധമാകുന്ന മഹത്വം മററു പലതിലും പകൎന്നു ലോകത്തെ നിത്യസജീവമാക്കാൻ പൎയ്യാപ്തമാകും. ഭാരതമുള്ളിടത്തോളം കാലം ആ ബ്രഹ്മൎഷി സകല ഭാരതീയരുടേയും ഹൃദയക്ഷേത്രത്തിൽ പ്രകാശിക്കതന്നെ ചെയ്യും.

# കീർത്തികാംക്ഷ

മനുഷ്യൻെറ ആത്മാവിനെ അതിൻെറ വികാരങ്ങളിൽനിന്നും വിഭിന്നമായ ഒരു കേവലസ്വരൂപത്തിൽ നിരീക്ഷിയ്ക്കുന്നതായാൽ, അതു് വിചാരങ്ങളിലും പ്രവൃത്തികളിലും ഒരുപോലെ അലസമാണെന്നു കാണാവുന്നതാണു്. ഈ ആലസ്യത്തിൽനിന്നും അതിനെ ഉദ്ധരിച്ചു് മനുഷ്യനെ പ്രവൃത്ത്യുന്മുഖനാക്കിത്തീർക്കുവാനും അവൻെറ ഗ്രഹണശക്തിയേയും ഇച്ഛാശക്തിയേയും പ്രബുദ്ധമാക്കി, ഈപ്സിതാർത്ഥ നിർവ്വഹണത്തിൽ അവനു് പൂർവ്വാധികം ഉന്മേഷവും ശ്രദ്ധയും ഉണ്ടാക്കിത്തീർക്കുവാനും വേണ്ടിയാകുന്നു ഈശ്വരൻ അവനു വികാരങ്ങളെ നല്കിയിട്ടുള്ളതു്. എല്ലാത്തരം വികാരങ്ങളുടേയും പൊതുവിലുള്ള ഉദ്ദേശം ഇതായിരിക്കെ യശോലാഭകാംക്ഷയെ സംബന്ധിച്ചിട്ടുള്ളിടത്തോളം, അതു മുഖ്യമായി നമുക്കു് കീർത്തിയും മാന്യതയും ഉളവാക്കുന്ന കൃത്യങ്ങൾ ഏതോ, അവയുടെ നിർവ്വഹണത്തിനായി നമ്മെ പ്രേരിപ്പിക്കുന്നു എന്നു് ഒരു വിശേഷംകൂടിയുണ്ടു്. എന്നാൽ കുറേക്കൂടി ദീർഘമായി ആലോചിക്കുമ്പോൾ, മനുഷ്യഹൃദയത്തിൽ ഈ ഒരു ഗുണത്തെ നിക്ഷേപിച്ചിട്ടുള്ള പരമകാരുണികനായ ദൈവത്തിൻെറ ഉദ്ദേശം ഇതുമാത്രമല്ലെന്നും വെളിപ്പെടുന്നതാണു്.

കലാവിദ്യകൾ കണ്ടുപിടിച്ചു് പുഷ്ടിപ്പെടുത്തുക, ഗ്രന്ഥങ്ങൾ നിർമ്മിച്ചു് ഭാവിസന്താനങ്ങളുടെ ഉപകാരത്തിനായി സംരക്ഷിക്കുക, ദിഗ്ജയം ചെയ്തു് രാജ്യത്തുക്ഷേമവും നാഗരികതപവും വർദ്ധിപ്പിക്കുക, മുതലായ ലോകാനുഗ്രഹ

കരങ്ങളായ ധമ്മങ്ങൾ സമുദായത്തിൻെറ അഭിവൃദ്ധിക്ക ഒഴിച്ചുകൂടാത്തവയാകുന്നുവെന്നതിനു സംശയമില്ല; എന്നാലീമാതിരി ഉത്കൃഷ്ടകൃത്യങ്ങൾക്ക മനുഷ്യരെ പ്രേരിപ്പിക്കുന്നമെങ്കിൽ അത്രത്തോളം നിവ്യാജവും സ്വാത്ഥരഹിതവുമായ ആ ധമ്മബുദ്ധി അവരിലുണ്ടായിരിക്കേണ്ടതുകൊണ്ടും അങ്ങനെയുള്ളവരുടെ സംഖ്യ ലോകത്തിൽ എത്രയും പരിമിതമാകയാലും സൽകൃത്യങ്ങൾക്കെല്ലാവരേയും ഒരുപോലെ പ്രേരിപ്പിക്കത്തക്ക ഒരു സാമാന്യാദശം മനുഷ്യരുടെഇടയിലില്ലായിരുന്നുവെങ്കിൽ, ലോകത്തിൻെറ അഭിവൃദ്ധി ഇപ്പോഴത്തേക്കാൾ വളരെക്കുറഞ്ഞു പോകുമായിരുന്നു. അതിനാലിങ്ങനെയുള്ള ഒരു ജീവിതാദശമാകുന്നു നാം പ്രായേണ എല്ലാവരിലും കണ്ടുവരുന്ന യശസ്സിലാശ എന്നതു്. ഈ ഒരു ചിത്തവൃത്തിയുടെ പ്രേരണയില്ലായിരുന്നുവെങ്കിൽ ലോകത്തിൽ ഉത്കൃഷ്ടകൃത്യങ്ങൾ നടത്തുവാൻ ശേഷിയും ശേമുഷിയുമുള്ള അനേകം പേർ സഹജമായ തന്ദ്രയ്ക്കു് അധീനരായിത്തീൎന്നു തങ്ങളുടെ വിശിഷ്ടഗുണങ്ങളെ ലോകോപകാരമാക്കിത്തീക്കുന്നതിനു പകരം കാനന ചന്ദ്രികയ്ക്കു് തുല്യം വ്യത്ഥമാക്കിക്കളയുമായിരുന്നു. എന്നു മാത്രമല്ല, അധമ്മനിരതന്മാരായ വളരെയാളുകൾ നല്ല പേർ സമ്പാദിപ്പാനുള്ള മോഹം നിമിത്തം തങ്ങളുടെ സഹജസ്വഭാവത്തിനു് വിപരീതമായി ശ്ലാഘ്യവും ശ്രേയസ്കരവുമായ കൃത്യങ്ങളിൽ ഏപ്പെട്ടുന്നതായും കാണുന്നുണ്ടു്. കൃത്യനിവ്വഹണത്തിനുള്ള പ്രാപ്തിവേണ്ടുവോളമുള്ളവരിൽ യശോലാഭകാംക്ഷ ഏററവും തീവ്രമായും അതില്ലാത്തവരിൽ (അതേ, ഇക്കൂട്ടർ ക്ഷുദ്രഹൃദയരാണു്) അതു വളരെ വിര

ളമായും പ്രകാശിക്കുന്നു. ഇങ്ങിനെ വരുന്നതു് മഹത് കൃത്യങ്ങളെ നിർവ്വഹിപ്പാനുള്ള പാടവം തനിക്കില്ലെന്നുള്ള ബോധം അവനെ യശോലാഭത്തിൽ നിരാശനാക്കിത്തീക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ തന്റെ സുഖസൗകര്യങ്ങളെ അതിക്രമിച്ചുള്ള സത്കൃത്യങ്ങളെ നിരീക്ഷിക്കത്തക്ക ദീഘത അവന്റെ വിചാരവീഥിക്കു് ഇല്ലാഞ്ഞതിനാലോ, അഥവാ, ലോകത്തിനു് യാതൊരുപകാരവും ഇല്ലാത്തതും ആത്മാവിനുതന്നെ ആയാസകരവുമായ ഒരു വികാരത്തിനു് അവനെ അധീനനാക്കുവാൻ ദയാലുവായ ദൈവം ഇഷ്ടപ്പെടാത്തതുകൊണ്ടോ ആയിരിക്കാം.

അനന്തകോടി ജനസങ്കലമായ ഈ ലോകത്തിൽ ഒരാൾ മററുള്ളവരിൽനിന്നും ഈ വൈശിഷ്ട്യം സമ്പാദിയ്ക്കുക എന്ന കാൎയ്യം അത്ര സുസാധമല്ല; ഇനി ഒരുവിധത്തിൽ സമ്പാദിച്ചാൽത്തന്നെ അതു് ഉത്തരക്ഷണത്തിൽ തന്നെ നാശമടയാതെ സംരക്ഷിച്ചുപോരുക എന്നതു് അതിലും പ്രയാസമേറിയതാകുന്നു. ഇങ്ങനെ സമ്പാദനത്തിലും സംരക്ഷണത്തിലുമുള്ള ക്ലേശങ്ങൾ ആലോചിയ്ക്കുമ്പോൾ അവതന്നെ യശോലാഭം സംബന്ധിച്ചുള്ള യത്നങ്ങളിൽനിന്നു് ഒരുവനെ പിൻവലിപ്പിക്കുന്നതിനു ധാരാളം മതിയായിട്ടും, മനുഷ്യർ യശസ്സിനുവേണ്ടിജീവനേക്കൂടി തൃണവല്ഗണിക്കുന്നു എന്നറിയുമ്പോൾ ഈ വികാരം മനുഷ്യനിൽ എത്രമാത്രം ശക്തിയോടെ പ്രവൎത്തിയ്ക്കുന്നുവെന്നു് സ്പഷ്ടമാകുന്നതാണു്.

സൎവ്വജനങ്ങളുടേയും പ്രശംസയ്ക്കും ബഹുമാനത്തിനും പാത്രീഭൂതരാകത്തക്ക വിശിഷ്ട കൃത്യങ്ങൾ നിർവ്വഹിപ്പാനും

തട്ടാരാ മററു മനുഷ്യലോകത്തിൽനിന്നു് വ്യതിരിക്തമായ ഒരുന്നതപദവി നേടുവാനും ത്രാണിയും യോഗ്യതയും ഉള്ളവരുടെ സംഖ്യ ഈ ലോകത്തിൽ എത്ര തുച്ഛമാണു്! ഈശ്വരൻ അധികസംഗതികളിലും, സർവ്വജനങ്ങളേയും ഒരേനിരപ്പിൽ നിർത്തുകയും ഗുണവിധാനത്തിൽ തുല്യപരിണാമത്തെ അംഗീകരിയ്ക്കുകയും ചെയ്യുന്നു. ഒരു വിഷയത്തിൽ നമുക്കു വൈശിഷ്ട്യം നൽകിയെങ്കിൽ മറെറാരു വിഷയത്തിൽ ചില വൈകല്യങ്ങൾ വരുത്തുന്നതിനും അദ്ദേഹം മടിയ്ക്കുന്നില്ല. ഇങ്ങനെ ഈശ്വരൻ ഏതെങ്കിലും ഒരാൾക്കു് മററുള്ളവരെ അപേക്ഷിച്ചു് അസാമാന്യമായ ഒരു വൈശിഷ്ട്യം നൽകുന്നതിനേക്കാൾ വൈകല്യരഹിതരാക്കിവെയ്ക്കുന്ന കാര്യത്തിൽ അധികതരമായ ജാഗരൂകതയെ പ്രദർശിപ്പിക്കുകയാണു് ചെയ്യുന്നതു്.

ഇനി ഈശ്വരദത്തവും സ്വപ്രയത്നാർജ്ജിതവുമായ ഗുണഗണങ്ങളാൽ അനുഗൃഹീതരായി ദുർല്ലഭം ചിലരുള്ളവരുടെ സ്ഥിതി ആലോചിക്കുമ്പോഴും, യശോലാഭവിഷയകമായി പ്രവർത്തിക്കുന്നനിങ്ങൾക്കു് ഫലസിദ്ധിമാർഗ്ഗത്തിൽ സമാപതിക്കുന്ന അന്തരായങ്ങൾ അനല്പങ്ങളാണെന്നു് വെളിപ്പെടും. ലോകത്തിലധികംപേരും ധർമ്മാധർമ്മങ്ങളെ അറിഞ്ഞു് അഭിനന്ദിക്കത്തക്ക വിജ്ഞാനമോ ബുദ്ധിഗുണമോ ഇല്ലാത്തവരോ, സജ്ജനങ്ങൾ ചെയ്യുന്ന ഉദാരകൃത്യങ്ങൾക്കു് ഏതെങ്കിലും വിധത്തിൽ ദുരുദ്ദേശങ്ങൾ ആരോപിച്ചു് ദുർവ്യാഖ്യാനങ്ങൾ ചെയ്തു് അവയെ മനഃപൂർവ്വം മലിനീകരിപ്പാൻ ഔത്സുക്യമുള്ളവരോ ആകുന്നു. അതിനാൽ അത്തരക്കാരുടെ ദോഷാരോപണ സംരംഭങ്ങ

ളാൽ ഗ്രസിക്കപ്പെടാതെ ലോകത്തിൽ ഉത്കൃഷ്ടകൃത്യങ്ങൾ പരിശോഭിയ്ക്കുകയെന്ന കാൎയ്യം അസാദ്ധ്യമല്ലെങ്കിൽ ക്ലേശസാദ്ധ്യമാണെന്നുള്ളതു് നിസ്തൎക്കമത്രേ. തങ്ങളുടെ സഹജീവികൾക്കുള്ളതിനേക്കാൾ മഹത്തരമായ ഒരുത്കൎഷം വേണമെന്നുള്ള ആശ ആരിൽ ബലവത്തരമായിക്കാണുന്നുവോ അങ്ങിനെയുള്ളവരുടെ കൃത്യങ്ങളിൽ ഈ ദോഷൈകദൃക്കുകളുടെ ദൃഷ്ടി അധികം പതിയുന്നുവെന്നുള്ളതും അനുഭവസിദ്ധമായ ഒരു കാൎയ്യമാണു്. അതിനാൽ യശോലാഭകാംക്ഷ ഏറുംതോറും ആഗ്രഹസിദ്ധിയ്ക്കുള്ള സൗകൎയ്യം കുറയുകയാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

മററുള്ളവരുടെ ആഗ്രഹസിദ്ധിയ്ക്കു് ഏതെങ്കിലും വിധത്തിൽ പ്രതിബന്ധങ്ങളുണ്ടാക്കി അവരെ ഭഗ്നാശയന്മാരാക്കിത്തീൎക്കുന്നതിൽ അനല്പമായ ഒരു കൗതുകം പ്രദൎശിപ്പിക്കുന്നതു് മനുഷ്യസാധാരണമായ ഒരു ദുഃസ്വഭാവമാകുന്നു. അതിനാൽ ഉല്ക്കൎഷേച്ഛുവായ ഒരാളിൽ യശോലാഭകാംക്ഷ തീവ്രമായിക്കാണുമ്പോൾ അയാളുടെ കൃത്യങ്ങളെ ശ്ലാഘിക്കുന്നതിൽ ജനങ്ങൾ വൈമുഖ്യം പ്രദൎശിപ്പിയ്ക്കുകയും തന്റെ കൃത്യങ്ങൾ മററുള്ളവരുടെ അഭിനന്ദനത്തിനു് വിഷയമാകുന്നുണ്ടെന്നുള്ള കൃതാൎത്ഥതയ്ക്കു് അവൻ പാത്രമാകുന്നതിൽ അസൂയാലുക്കളായിത്തീരുകയും ചെയ്യുന്നു. ഇങ്ങിനെ നോക്കുമ്പോൾ വിവിധ സ്വഭാവക്കാരായ ജനനിവഹങ്ങളിലധികംപേരും ഒരു വിധത്തിലില്ലെങ്കിൽ മറെറാരുവിധിൽ സ്വസഹജീവികളുടെ ഉയൎച്ചയ്ക്കു പ്രതികൂലികളായി പ്രവൎത്തിയ്ക്കുന്നവരാണെന്നു് സ്പഷ്ടമാകുന്നതാണു്. അതിനാൽ യശോലാഭകാംക്ഷയുടെ

ഫലപ്രാപ്തിമാൎഗ്ഗത്തിൽ ഇത്രവളരെ പ്രതികൂലശക്തികൾ അനവരതം പ്രയത്നിച്ചുകൊണ്ടരിക്കുമ്പോൾ ലോകത്തിൽ സാൎവ്വത്രികമായ ഖ്യാതിനേടിയിട്ടുള്ള മഹാന്മാരുടെ സംഖ്യ വളരെ പരിമിതമായിത്തീരുന്നതിൽ എന്താണദ്ഭുതം?

സൽകൃത്യങ്ങൾക്കു് പ്രചോദകമായ ഈ യശഃകാംക്ഷ സമുദായാഭിവൃദ്ധിക്കു് അവശ്യമായ ഒരുഗുണമാണെങ്കിലും അതു് മനുഷ്യനെ അവൻെറ യശസ്സിനു് അപകൎഷമായ ചില ദുൎഗ്ഗുണങ്ങൾക്കു വശംവദനാക്കിത്തീൎക്കുന്നുണ്ടെന്നുള്ളതും അനപലപനീയമായ ഒരു വാസ്തവമാകുന്നു. യശഃപ്രാൎത്ഥിയായ ഒരാൾ താൻ ഉൽകൃഷ്ടങ്ങളാണെന്നു് കരുതുന്ന കൃത്യങ്ങൾ മററുള്ളവരുടെ അജ്ഞതയാൽ ജനസാമാന്യത്തിൻെറ ദൃഷ്ടിയിൽ നിന്നു് തിരോഹിതമാവുകയോ അവരുടെ അഭിപ്രായപ്രകടനങ്ങളാൽ അന്യഥാകരിക്കപ്പെടുകയോ ചെയ്യേക്കുമെന്നും തന്നിമിത്തം തൻെറ കീൎത്തി വേണ്ടുംവണ്ണം പരക്കുന്നതിനുള്ള അവസരം നഷ്ടമായേക്കാമെന്നുമുള്ള ആശങ്കയാൽ സ്വകൃത്യങ്ങളെക്കുറിച്ചു് തന്നെത്താൻ പുകഴ്ത്തുന്നതിനു് പരതസുകനായിത്തീരുന്നു. ഏതൊരു വിഷയത്തെ അധികരിച്ചു് സംസാരിക്കുമ്പോഴും അയാളുടെ സംഭാഷണം മററുള്ളവരുടെ കൃത്യങ്ങളുടെ മഹത്വത്തെ കുറയ്ക്കണമെന്നോ തൻെറ കൃത്യങ്ങളെപ്പററി കണക്കിലേറെപുകഴ്ത്തണമെന്നോഉള്ള ഉദ്ദേശ്യത്തെപുരസ്കരിച്ചായിരിയ്ക്കും. യശഃപ്രാൎത്ഥികളിലേറെക്കുറെ സഹജമായിക്കണ്ടുവരുന്ന ഈ ദുൎഗ്ഗുണം അവരെ മററുള്ളവരുടെ ഗാഢമായ നന്ദിയ്ക്കും പരിഹാസത്തിനും പാത്രമാക്കിത്തീ

ക്കകയും തന്നിമിത്തം ഏതൊന്നിൻെറ സംതൃപ്തിയിലുള്ള അത്യാകാംക്ഷ നിമിത്തം തങ്ങൾ അനേകം പ്രയാസമേറിയ കമ്മങ്ങൾ അനുഷ്ഠിച്ചുവോ ആ യശസ്സിനെതന്നെ ഹാനികരമാവുകയും ചെയ്യുന്നു. എന്തെന്നാൽ:—

ഒരു കൃത്യം എത്രതന്നെ ശ്ലാഘ്യവും ഉൽകൃഷ്ടവും ആയിരുന്നാലും അതു് തൽകത്താവിനാൽ തന്നെ അതിശയോക്തിച്ചായം പൂശി ജനസമക്ഷം പ്രദശിപ്പിക്കപ്പെടമ്പോൾ മന്ദപ്രഭമായിത്തീരുകതന്നെ ചെയ്യും. എന്നുമാത്രമല്ല, ഗുണങ്ങളെ അറിയുന്നതിനേക്കാൾ ദോഷങ്ങളെ കണ്ടുപിടിക്കുന്നതിൽ അധികതരമായ ശ്രദ്ധപതിയ്ക്കുന്നതു് ലോകസ്വഭാവമാകയാൽ ആത്മപ്രശംസയ്ക്കു് ഹേതുവാക്കിത്തീൎത്ത ഉദാരകൃത്യം വിസ്മരിക്കപ്പെട്ടുകയും ചെയ്യുന്നു ഇങ്ങിനെ നോക്കുമ്പോൾ യശസ്സ് എന്നതു് ലോകത്തിൽ എല്ലാവൎക്കും സാമാന്യമായും അതിനെ അത്യധികം കാമിക്കുന്നവൎക്കു് ദുഷ്പ്രാപമായ ഒന്നാണെന്നു് സ്പഷ്ടമാകും.

ജനസമുദായത്തിൻെറ ആദരപൂൎവ്വമായ ബഹുമാനത്തിനു് ഭാജനമായി ഉത്തരോത്തരം ഉല്ക്കൎഷത്തോടെ ഉയൎന്നുവരുന്ന ഒരാളുടെ യഥാൎത്ഥഗുണങ്ങളെ കഴിയുന്നിടത്തോളം കുറയ്ക്കുന്നതിനോ, കളങ്കിതമാക്കുന്നതിനോ, മനുഷ്യനെ പ്രേരിപ്പിക്കുന്ന ദുൎഗ്ഗുണങ്ങൾ വളരെയുണ്ടു്. തങ്ങളോടൊപ്പം തുല്യസൗകൎയ്യങ്ങളോടുകൂടി ഭൂമിയിൽ ജനിച്ചു വളൎന്നവനും ഒരു കാലത്തു് തുല്യതയിൽ കരുതപ്പെട്ടിരുന്നവനുമായ ഒരാൾ ഏതെങ്കിലും കാരണവശാൽ പെട്ടെന്നു് ഒരുന്നത പദവിയിൽ എത്തുന്നതു് കാണുമ്പോൾ അവൻെറ ആ ഉയൎച്ച തങ്ങളുടെ താഴ്ന്ന സ്ഥിതിയെ പ്രകാശിപ്പിക്കുന്നതിനു സംഗതിയാക്കിയേയ്ക്കുമെന്നു്

ശങ്കിച്ച് അതീതകാലങ്ങളിൽ അവൻ ചെയ്തിട്ടുണ്ടായേക്കാവുന്ന ഏതെങ്കിലും ഹീനകൃത്യങ്ങളെ കണക്കിലധികം കൊട്ടിഘോഷിച്ചോ, സൽകൃത്യങ്ങളെ ചുരുക്കിപ്പറഞ്ഞോ അവൻെറ യശസ്സിനെ ലഘൂകരിക്കുവാൻ ജനങ്ങൾ ബദ്ധശ്രദ്ധരായിത്തീരുന്നു. അതുപോലെ ജനനാൽത്തന്നയോ സ്വപ്രയത്നശക്തിയാലോ ഒരുയൎന്ന നിലയിലെത്തിയിട്ടുള്ള ഒരാൾ തൻെറ സ്ഥിതിയ്ക്കൊപ്പം മററൊരാളുയൎന്നു വരുന്നതും കാണുമ്പോൾ അവൻെറയായുല്ക്കൎഷം തൻെറ യശസ്സിനെ ലഘൂകരിക്കുമെന്ന ആശങ്കയാൽ അവനിൽ അസൂയാലുവായിത്തീരുകയും ആ ആപത്തിൻെറ അഭിഘാതത്തിൽനിന്നു് തൻെറ കീൎത്തിയെ സംരക്ഷിക്കുന്നതിനുള്ള ഏററവും പററിയ ആയുധമായി തൻെറ പ്രതിയോഗിയുടെ യശസ്സിനെ ദൂഷിയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഒരു കാലത്തു് സമ്പത്തിൽ വൎത്തിച്ചിരുന്നവരും ശ്രേഷ്ഠതരമായ നിലയിൽ സ്ഥിതിചെയ്തിരുന്നവരുമെല്ലാം ഒന്നുകൊണ്ടല്ലെങ്കിൽ മററൊന്നുകൊണ്ടു് ഉല്പതിഷ്ണുക്കളേയും അപവദിയ്ക്കുന്നതിൽ ദത്താവധാനന്മാരായിരിയ്ക്കുന്നുവെന്നു് കാണാം.

യശഃകാംക്ഷയെന്നതു് എത്രയായാലും തൃപ്തിവരാത്ത ഒരു ചിത്തവൃത്തിയാകുന്നു. ഒരു മനുഷ്യനുണ്ടാകാവുന്ന മററു മിക്ക കാംക്ഷിതങ്ങൾക്കും ഒരതിരുണ്ടു്; അവയുടെ സംസിദ്ധിയിൽ അതാതിന്ദ്രിയങ്ങൾക്കു തല്ക്കാലത്തേയ്ക്കെങ്കിലും ഒരു സംതൃപ്തി ഉണ്ടായി എന്നുവരാം. എന്നാൽ യശോവിഷയകമായ അഭിലാഷം മനുഷ്യപ്രകൃതിയ്ക്കുതീരെ അനുയോജ്യമല്ലാത്തതും ഉപഭോഗാക്ഷമവുമായ ഒരു ചിത്ത

വൃത്തിയാകുന്നു. അതിൻെറ ഉപലബ്ധിയിൽ സംതൃപ്തമാകുന്ന ഇന്ദ്രിയങ്ങൾ മനുഷ്യശരീരത്തിലില്ലതന്നെ. യശോലാഭവേലയിൽ ക്ഷണമാത്രവൎത്തിയായ ഒരാനന്ദം ഹൃദയത്തിനു പക്ഷെ ഉണ്ടാകാമെന്നിരുന്നാലും ആ ആനന്ദത്തിൻെറ അനുഭവത്തിൽ മനുഷ്യൻ പൂൎവ്വാധികം അസ്വാസ്ഥനായിത്തീരുന്നതേയുള്ളു. എന്തെന്നാൽ താല്ക്കാലികമായ തൃഷ്ണയെ ശമിപ്പിയ്ക്കുന്നതിനേക്കാൾ അധികമായി പുതിയ ആഗ്രഹങ്ങളെ ഉത്തേജിപ്പിച്ചു് മനുഷ്യൻെറആത്മാവിനെ പൂൎവ്വാധികം ക്ലേശിപ്പിക്കുകയാണു് ആ ആനന്ദം ചെയ്യുന്നതു്. തങ്ങൾ ആഗ്രഹിച്ചിടത്തോളം കീൎത്തിലഭിച്ചിട്ടുള്ളവരോ അത്യുന്നതമായ ഖ്യാതി സമ്പാദിച്ചു കഴിഞ്ഞിട്ടും തത്സംബന്ധമായ തൃഷ്ണയ്ക്കു് ലേശമെങ്കിലും ശമനം വന്നിട്ടുള്ളവരോ ആയ ആളുകൾ എത്ര ദുൎല്ലഭമാണു്. യശസ്സിന്നു് വേണ്ടിവളരെനാൾ പരിശ്രമിച്ചതിന്നുശേഷം ആ ഉദ്യമത്തിൽനിന്നും പിൻവാങ്ങിയിട്ടുള്ളവർ വളരെയുണ്ടായേക്കാം. പക്ഷെ അതവരുടെ യത്നങ്ങൾക്കിടയിൽ നേരിട്ട ആശാഭംഗങ്ങളാലോ, അല്ലെങ്കിൽ യശോലബ്ധിയിൽ നിന്നുണ്ടാകുന്ന അനുഭവം വളരെ തുഛമാണെന്നനുഭവപ്പെടുന്നതുകൊണ്ടോ, അഥവാ വാൎദ്ധക്യദശയിൽ സഹജമായുണ്ടാവുന്ന വൈരാഗ്യം നിമിത്തമോ ആണെന്നല്ലാതെ പരിപൂൎണ്ണമായ സംതൃപ്തിയുണ്ടായതു കൊണ്ടാണെന്നു് വിചാരിപ്പാൻ പാടുള്ളതല്ല.

യശഃകാംക്ഷ തൃപ്തിവരാത്ത ഒരനുഗ്രഹമാണെന്നു് മാത്രമല്ല, അതു മനുഷ്യനെ മാനസികമായ അസ്വാസ്ഥ്യങ്ങൾക്കു, വിഷയമാക്കുകയും കൂടിചെയ്യുന്നു. യശസ്സു ലഭിക്കണമെന്നയാഗ്രഹത്താൽ മാത്രം പ്രേരിതനായി പ്രവൎത്തി

ക്കുന്ന ഒരാൾക്കു് തന്റെ പ്രവൃത്തികളിൽ പ്രതീക്ഷിച്ചിരുന്നവിധം പരന്മാരിൽനിന്നു് പ്രശംസ ലഭിയ്ക്കാതെ പോയാൽ ഉണ്ടാകുന്ന വിഷാദവും മനഃശ്ശല്യവും എത്രമാത്രം പ്രബലമാണെന്നു് പറഞ്ഞറിയിയ്ക്കുവാൻ പ്രയാസമാകുന്നു എന്നുമാത്രമല്ല പ്രശംസലഭിച്ചാൽക്കൂടി അതുതാൻ വിചാരിച്ചിരുന്നേടത്തോളം ശക്തിമത്തല്ലെന്നു വന്നാലത്തെ ആശാഭംഗവും മനസ്സിടിച്ചിലും ദുസ്സഹമെന്നേ പറയാവൂ. ഇങ്ങിനെ ഒരാൾ യശസ്സിനെ ഉദ്ദേശിച്ചു് ചെയ്യുന്ന പ്രവൃത്തിഫലവത്തായിത്തീർന്നിട്ടും അതു് മനശ്ശല്യത്തിനു് കാരണമാകുന്നുവെങ്കിൽ അയാളുടെ അഭിലാഷം തീരെ വിഫലമായിപ്പരിണമിച്ചാലത്തെക്കഥ പറയാനുണ്ടോ? അതിനാൽ യശഃപ്രാർത്ഥിയായ ഒരാൾക്കു് മനഃസുഖം വളരെക്കുറവായിരിയ്ക്കുമെന്നതു് നിസ്സംശമാകുന്നു. എന്നു് മാത്രമല്ല, അങ്ങിനെയുള്ള ഒരാൾക്കു് യശസ്സ് സിദ്ധിച്ചാലുണ്ടാവുന്ന സന്തോഷത്തേക്കാൾ അതുലഭിക്കാതെപോയാലുളവാകുന്ന സന്താപം പ്രബലതരമാകുന്നു. എന്തെന്നാൽ, യശോലാഭത്തിൽ നാമുണ്ടെന്നു വിചാരിയ്ക്കുന്ന ആ സുഖത്തിന്റെ സാന്നിധ്യം നമ്മെ സന്തുഷ്ടരാക്കുന്നതിനു് പര്യാപ്തമല്ലെങ്കിലും, അതിന്റെ അഭാവം നമ്മെ ദുഃഖിതരാക്കുന്നതിനു് ധാരാളം മതിയാകുന്നു.

മേൽപ്രസ്താവിച്ച സംഗതികളെപ്പററി സൂക്ഷ്മമായും ഗാഢമായും ആലോചിച്ചുനോക്കുമ്പോൾ, നാം ചെയ്യുന്ന സൽകൃത്യങ്ങൾക്കു് മററുള്ളവരുടെ പ്രശംസവേണമെന്നു് ആഗ്രഹിക്കുന്നതിലും വലുതായ വിഡ്ഢിത്തം മററുവല്ലതുമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കൃത്യ

ങ്ങളെ ഗുണദോഷ നിരൂപണം ചെയ്തു് നിഷ്പക്ഷപാതമായ ഒരു തീർപ്പു കല്പിക്കുന്നതിന് സർവ്വശക്തനല്ലാതെ രാഗദ്വേഷാദിവിധേയനായ മനുഷ്യന് പ്രാപ്തിയോ അർഹതയോ ഉണ്ടെന്നു് കരുതുന്നതു് അബദ്ധമാകുന്നു. നമ്മുടെ പുറംഭാഗമല്ലാതെ മറെറാന്നും മനുഷ്യദൃഷ്ടിയ്ക്കു് കാണ്മാൻ ശക്തിയില്ല. അതിനാൽ ഒരാൾ മറെറാരാളെപ്പററി പുറപ്പെടുവിയ്ക്കുന്ന അഭിപ്രായം അയാളുടെ ബാഹ്യചേഷ്ടകളേയും പെരുമാററങ്ങളേയും മാത്രം അവലംബിച്ചതായിരിക്കുവാനെ തരമുള്ളു. എന്നാൽ, സ്വഭാവേനതന്നെ പുറമേ പ്രകാശിക്കുന്നതിന് തരമില്ലാത്തവയും അന്യരുടെ അറിവിൽപ്പെടാതെ നിശ്ശബ്ദമായി പ്രവർത്തിയ്ക്കുന്നവയുമായ ചില വിശിഷ്ടഗുണങ്ങൾ മനുഷ്യനിൽ കുടികൊള്ളുന്നുണ്ടു്. മനുഷ്യൻെറ ആത്മാവിന് അമൂല്യകാരണങ്ങളായ ഏതുവക ഗുണങ്ങൾ ലോകാഭിവൃദ്ധിയ്ക്കുവേണ്ടി ശ്രദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവ ഈശ്വരൻെറ ആ ദിവ്യ നേത്രങ്ങൾക്കല്ലാതെ ദോഷകലുഷിതമായ മനുഷ്യദൃഷ്ടിയ്ക്കു് ഗോചരമാകുന്നില്ല. അതിന്നും പുറമെ പ്രവൃത്തിരൂപേണ പ്രകാശിക്കുന്നതിന് അവസരവും സൗകര്യവും കിട്ടാതെ എത്രയെത്ര ഉൽകൃഷ്ട ഗുണങ്ങൾ മനുഷ്യനിൽ മങ്ങിക്കിടക്കുന്നുണ്ടു്? ദാതൃത്വം, ഔദാര്യം മുതലായ വിശിഷ്ട ഗുണശാലികളായ എത്രപേർ ദാരിദ്ര്യാദ്യവസ്ഥനിമിത്തം തങ്ങളുടെ ആ സത്ഗുണങ്ങളെ പ്രവൃത്തിരൂപേണ പ്രകാശിപ്പിക്കുന്നതിന് സാധിയ്ക്കാതെ ക്ലേശിക്കുന്നുണ്ടു്? അവരുടെ ആ ഗുണം കാണുന്നതിനുള്ള കണ്ണു് ഈശ്വരനല്ലാതെ മനുഷ്യനുണ്ടോ? അതിനാൽ ഒരുവൻെറ

ബാഹ്യകൎമ്മങ്ങളെ മാത്രം ആധാരമാക്കി ഒരാൾ പുറപ്പെട്ടു വിടുന്ന അഭിപ്രായം പലപ്പോഴും അസ്ഥാനത്തിൽ പരിണമിയ്ക്കുവാനേ തരമുള്ളു. ആകയാൽ ഒരുവന്റെ കൃത്യങ്ങളെപ്പററി മററുള്ളവർ ചെയ്യുന്ന അഭിപ്രായപ്രകടനങ്ങളെക്കുറിച്ച് അത്ര ഗൌനിക്കാനില്ലെന്നും അതിന്നുള്ള ശരിയായ വിധികൎത്താവ് സാക്ഷാലീശ്വരൻ മാത്രമാണെന്നും നാം മനസ്സിലാക്കേണ്ടതാണ്. ഈ ഒരു ബോധമുണ്ടായാൽ നമ്മുടെ സൽകൃത്യങ്ങളെ മററുള്ളവർ വേണ്ടും വണ്ണം ശ്ലാഘിയ്ക്കുന്നില്ലെന്നുള്ള പരിതാപത്തിന്നവകാശമില്ല. നേരെമറിച്ച് ഈശ്വരൻ അവയെ വേണ്ടുംവണ്ണം അറിഞ്ഞഭിനന്ദിയ്ക്കുമെന്നുള്ള ബോധം നമുക്ക് സുഖവും സന്തോഷവും നൽകുകയും ചെയ്യുന്നു.

---

# നാസ്തികൃം

അത്യന്തം അബദ്ധങ്ങളേയും അപഹാസകരമായ അസംബന്ധങ്ങളേയും യഥാൎത്ഥതത്വങ്ങളെന്നു വിശ്വസിക്കുന്ന ഒന്നാണു് മനുഷ്യന്റെ മനസ്സെന്നു നമുക്കു ചിലരോടു് പെരുമാറുമ്പോഴും ചില ചരിത്രകഥകൾ വായിക്കുമ്പോഴും തോന്നാറുള്ളതാണല്ലോ. പ്രത്യക്ഷത്തിൽതന്നെ മൂഢവും, കേൾക്കുമ്പോൾതന്നെ ചിരിച്ചു തല തല്ലിപ്പോകുന്നതും, അതിവികൃതവുമായ പല കള്ളങ്ങളെ വിശ്വസിച്ചു അതിമാത്രം ശോചനീയവും നികൃഷ്ടവുമായ വിധത്തിൽ ജീവിതം നയിക്കുന്ന ലക്ഷോപലക്ഷം ആളുകൾ ലോകത്തുണ്ടെന്നുള്ളതു നാം നല്ലവണ്ണം ഗ്രഹിച്ചിരിക്കേണ്ടതാണു്. ഇല്ലെങ്കിൽ നാം തന്നെ, ഈ മൂഢലോകത്തിലുൾപ്പെട്ടു് സങ്കടപ്പെടുന്നതിനിടയായിത്തീൎന്നു പോകുന്നതാണു്. അതുകൊണ്ടു്, നാം വളരെ സൂക്ഷിച്ചു നമ്മുടെ മനസ്സിനെ നിയന്ത്രിക്കുന്നതിനു സന്നദ്ധരായും ഇരിക്കണം. കൂടാതെ നാം ആത്മപരിശോധന ചെയ്യുകയും നമ്മുടെ മനസ്സാമൎത്ഥ്യംതന്നെ നമ്മെ വഞ്ചിക്കുന്നുണ്ടോ എന്നു പരീക്ഷിക്കുകയും വേണം.

അപരിഷ്കൃതന്മാരായ നീഗ്രോജാതിക്കാരുടേയും കിരാതവൎഗ്ഗക്കാരുടേയും കൂട്ടത്തിൽ മാത്രമല്ല മൗഢ്യം മനുഷ്യമനസ്സിനെ താറുമാറാക്കിയിരിക്കുന്നതിനുള്ള ദൃഷ്ടാന്തങ്ങൾ കാണപ്പെടാവുന്നതു്. ഇതാ നമ്മുടെ ഇടയ്ക്കുതന്നെ മൗഢ്യഭാജനമായിരിക്കുന്ന ഒരു വിദ്വാനെ നമുക്കു കാണാം. അയാളെ സൂക്ഷിച്ചുനോക്കി, അയാൾ ചെയ്യുന്ന മണ്ടത്തര

ങ്ങളെന്തെല്ലാമെന്നു മനസ്സിലാക്കാമെങ്കിൽ സമർത്ഥൻ പോലും അബദ്ധത്തിൽ ചെന്നു ചാടുന്നതു് അത്ര അസാധാരണമല്ലെന്നു നമുക്കറിയാറാകും.

ശാസ്ത്രി — അഥവാ — ശാസ്ത്രജ്ഞൻ എന്നൊരാളുണ്ടെന്നു നിങ്ങൾ ധരിച്ചിരിക്കുമല്ലോ. അദ്ദേഹത്തെ അറിയുന്നവരെല്ലാം ബഹുമാനിക്കുകയും, ശ്ലാഘിക്കുകയും, എന്നു വേണ്ടാ ഭയപ്പെടുകയും ചെയ്യുന്നു. നമ്മെക്കാളെല്ലാം എത്രയോ അധികമറിവാണു് അദ്ദേഹത്തിനുള്ളതു്? അതേ അദ്ദേഹം നമ്മെ അപേക്ഷിച്ചു് ജ്ഞാനവിഷയത്തിൽ ധനഞ്ജയനോ, ഭീമസേനനോ ആണെന്നു പറയാം. മനുഷ്യശരീരത്തെ പുരസ്കരിച്ചു് എന്തെല്ലാം അറിവുകളാണു് അദ്ദേഹത്തിനുള്ളതു് ? ഒരോ അവയവങ്ങളുടേയും സാങ്കേതികനാമങ്ങളും അവയെങ്ങിനെയാണു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും, എങ്ങനെ നാം കാണുന്ന അവസ്ഥാന്തരങ്ങളെ പ്രാപിച്ചിരിക്കുന്നുവെന്നും അവയുടെ പ്രവൎത്തനങ്ങളെന്തെല്ലാമെന്നും അദ്ദേഹം യാതൊരു ക്രൂസലും കൂടാതെ വേണമെങ്കിൽ വൎണ്ണിച്ചു നിങ്ങളെ അത്ഭുതപരതന്ത്രനാക്കും; അതല്ല, ഭൂഗോളത്തെക്കുറിച്ചാണു് നിങ്ങളദ്ദേഹത്തോടു ചോദിക്കുന്നതെങ്കിൽ, അതും ശാസ്ത്രനിയമാനുസൃതമായി പയസ്സും പങ്കവും ചേൎത്തിട്ടുള്ള ഒരു കന്ദുകം മാത്രമാണെന്നു് അദ്ദേഹം നിങ്ങളെ മനസ്സിലാക്കും; അതുമല്ല, നക്ഷത്രങ്ങളെപ്പററിയാണു് നിങ്ങളുടെ പ്രശ്നമെങ്കിൽ, അവ ഓരോന്നും ഇത്രദൂരത്തു നില്ക്കുന്നുവെന്നും, ഓരോന്നിന്റെയും പ്രകാശം ഓരോ ഭൂമിയിലെത്തുന്നതിന്നു ഇത്രഇത്രകാലം വേണ്ടിവരുമെന്നും, അതിന്റെ

ളുക്കമിത്രയെന്നും സ്ഥാനമിന്നതെന്നും അദ്ദേഹം നിങ്ങ ളെ പഠിപ്പിക്കും. ഇനി അഥവാ, കാളിദാസനെ ക്കുറിച്ചോ ഭവഭൂതിയെക്കുറിച്ചോ ആണു് നിങ്ങളദ്ദേഹ ത്തോടു് സംഭാഷണമാരംഭിക്കുന്നതെങ്കിൽ അവർ കേവലം ഭാവനാലോകത്തിൽ ജീവിച്ചവരും ഭാസുരമായ ശാസ്ത്ര ജ്ഞാന ദീപ്തിയെന്തെന്നറിയാതെ അന്ധകാരത്തിൽ കഴി ച്ചുകൂട്ടിയവരും ആണെന്നു് അദ്ദേഹം പൊടിപൊടിച്ചു് പ്രസംഗിക്കും. ചുരുക്കത്തിൽ, ശാസ്ത്രിക്കു് അറിഞ്ഞു കൂടാത്ത വിഷയം ഈ ലോകത്തൊന്നുമില്ലെന്നു മാത്രമല്ല, അതിലോരോന്നിനെ പുരസ്കരിച്ചുള്ള നിയമങ്ങളും അദ്ദേ ഹത്തിനു ഹൃദിസ്ഥമത്രേ!

ഈ വിദ്വാനെത്തന്നെയാണു് നാം നാസ്തികൻ എന്നു പറയേണ്ടിയിരിക്കുന്നതു്. സർവ്വത്തിനും ഹേതുഭൂത മായിരിക്കുന്നതു മാററവും അതിൻെറ ചലനവുമാണെ ന്നത്രേ നാസ്തികൻ വാദിക്കുന്നതു്. ഈശ്വരനാണു് സൃഷ്ടിസ്ഥിതിലയപ്രഭുവെന്നു പറയുന്നതു് വെറും ഭ്രാന്താ ണെന്നാണു് അയാൾ വാദിക്കുന്നതു്. ബ്രഹ്മാവു് സൃഷ്ടി ക്കുന്നുവെന്നും, വിഷ്ണു രക്ഷിക്കുന്നുവെന്നും, ശിവൻ സംഹ രിക്കുന്നുവെന്നും പറയുന്നതു് എത്രമാത്രം ബാലിശമാണെ ന്നാണു് അദ്ദേഹം ചോദിക്കുന്നതു്. അയാളുടെ ആത്മവ ഞ്ചനയ്ക്കു സഹായകമായും അതിനെ പ്രബലപ്പെടുത്താനും അടുത്തകാലത്തു് ഒന്നുരണ്ടു സംഗതികളുണ്ടായിട്ടുണ്ടു്. അതിലൊന്നു് ഡാർവ്വിൻെറ പരിണാമസിദ്ധാന്തമാണു്. മററൊന്നു യന്ത്രശക്തിയുടെ കണ്ടുപിടിത്തമാണു്. ഇവയെ ആസ്പദമാക്കി നാസ്തികൻെറ വാദം സൃഷ്ടിസ്ഥിതിലയാദി കൾ കേവലം പരിണാമഫലങ്ങളാണെന്നും അവയ്ക്കു

ഹേതുഭൂതനായി ഈശ്വരനെന്നൊരു അജ്ഞാതശക്തിയെ ഉത്തരവാദിയായി കൊണ്ടുവരേണ്ട ആവശ്യമില്ലെന്നുമാണ്. അശ്മങ്ങളൊന്നിച്ചുകൂടി അതിമനോഹരമായ ഒരു അരമന യുണ്ടാകുന്നതുപോലെ, ആൾക്കരങ്ങന്മാരുടെ അനന്തര പരിണാമഫലങ്ങളാണത്രേ, ആജ്ഞാശക്തികൊണ്ടു ലോകത്തെ കിടുകിടാ വിറപ്പിച്ചുകൊണ്ടിരിക്കുന്ന മുസോളിനി മുതലായ സ്വേച്ഛാധികാരികൾ! ചെളിവെള്ളത്തിൽ കാണുന്ന ചെറുപ്രാണികളാണത്രേ കാലം കുറെചെല്ലുമ്പോൾ, ചേതോഹരമായ ശാകുന്തളാദികൃതികളെ സാഹിത്യലോകത്തിനു സംഭാവനചെയ്യാൻ കഴിയുന്ന കാളിദാസപ്രഭൃതികളായ കവിപുംഗവന്മാരായി പരിണമിക്കുന്നതു്.

അപാരബുദ്ധികളായ ഇത്തരം ആസ്തിക്യശത്രുക്കളോടു് പ്രശ്രയപുരസ്സരം നമുക്കു ചില പ്രശ്നങ്ങൾ ചോദിച്ചുനോക്കാം. അവർ എന്തു സമാധാനം പറയുന്നുവെന്നറിയാതെ, അവർ ജല്പിക്കുന്നതെല്ലാം കണ്ണടച്ചു വിശ്വസിച്ചുകൊള്ളണമെന്നില്ലല്ലോ. അവരുടെ വാദപ്രതിവാദങ്ങളുടെ ആസ്പദമായിരിക്കുന്നതു് അണുക്കളാണല്ലോ. അദൃശങ്ങളായ ഈ അണുക്കളുടെ ഉത്ഭവം എവിടെ നിന്നാണു്? ഈ അണുക്കളെല്ലാം ദൃശ്യങ്ങളായിത്തീർന്നു് അലയടിച്ചുലറിക്കൊണ്ടിരിക്കുന്ന മഹാസമുദ്രങ്ങളായും അത്യുന്നതങ്ങളായ മഹാചലങ്ങളായും പരിണമിച്ചതെങ്ങനെയാണു്? മാററത്തിനു മോഷൻ ഉണ്ടായതു് ഏതുതരത്തിലായിരിക്കാം? ചലനത്തിൽ നിന്നു് ആത്മബോധവും ആത്മാദർശസിദ്ധിക്കുവേണ്ടി ആത്മാർപ്പണം പോലും ചെയ്യാൻ സന്നദ്ധതയുമുള്ള ജീവികളുത്ഭവിച്ചു

തിൻെറ രഹസ്യമെന്താണു്? ഈ ചോദ്യങ്ങൾക്കുത്തരമായി നാസ്തികനു പറയാനുള്ളതു് ഡാർവ്വിൻെറ പരിണാമശാസ്ത്രത്തിലെ മൗലികപ്രമാണങ്ങളല്ലാതെ മററൊന്നുമായിരിക്കയില്ല. ശരിയായ സമാധാനം പറഞ്ഞുവെന്നു നടിച്ചൊഴിഞ്ഞുമാറാൻ ശ്രമിക്കുന്ന നാസ്തികനോടു് നമുക്കു വേറൊരു ചോദ്യംകൂടി ചോദിക്കാം. ഒരു മയിൽപീലിയിൽ മനോഹരമായ അനേകവർണ്ണങ്ങളുണ്ടായിരിക്കുന്നതു് എങ്ങനെയാണെന്നു പരിണാമസിദ്ധാന്തസ്രഷ്ടാവായ ഡാർവ്വിനുപോലും ഗ്രഹിക്കുന്നതിനു് കഴിഞ്ഞില്ലെന്നുള്ളതു യഥാർത്ഥമല്ലേ? പ്രകൃതിയിൽ നാം കാണുന്ന സൗന്ദര്യസമ്പത്തു എങ്ങനെ ഉണ്ടായതാണെന്നു് അദ്ദേഹത്തിനു തൻെറ പ്രമാണങ്ങൾകൊണ്ടു് വ്യക്തമാക്കുന്നതിനു സാധിച്ചിട്ടുണ്ടോ? മയൂരപിഞ്ഛത്തിൽ കാണുന്നതുപോലെയുള്ള സൗന്ദര്യസമ്പത്തു് പ്രകൃതിയിൽ എങ്ങനെയുണ്ടായി? എന്തിനുണ്ടായി?

ഈ ചോദ്യങ്ങൾക്കുത്തരം കിട്ടാതെ കുഴങ്ങുന്ന നാസ്തികനോടു് വേറെ ചില ചോദ്യങ്ങൾകൂടി നമുക്കു ചോദിക്കാം. സർവ്വജ്ഞനായ അങ്ങേയ്ക്കു് ജ്ഞാനലബ്ധ്ധി എവിടെ നിന്നുണ്ടായി? എല്ലാം അറിയാമെന്നു ഭാവിക്കുന്ന നിങ്ങൾക്കു് നിങ്ങളെത്തന്നെ പൂർണ്ണമായി അറിയുന്നതിനു ശക്തിയില്ലാതെയിരിക്കുന്നതിൻെറ രഹസ്യമെന്താണു്? യഥാസ്ഥാനങ്ങളിൽ നിങ്ങൾക്കു് പഞ്ചേന്ദ്രിയങ്ങളും അന്തഃകരണവും ഉണ്ടായിരിക്കുന്നതെങ്ങനെയാണു്? അന്തഃകരങ്ങളും അഞ്ചിന്ദ്രിയങ്ങളും ആകസ്മികമായി പരി

ണാമ ബഹളത്തിൽ അങ്കുരിച്ചതുകളായിരിക്കുമോ? അതോ ആകാശത്തുനിന്നു ആലിപ്പഴംപോലെ, മനുഷ്യസന്താനങ്ങളിൽ ആപതിച്ചതായിരിക്കുമോ? ഇതൊക്കെ എന്തു ചോദ്യങ്ങളാണു്? ഇവയ്ക്കു അർത്ഥം വല്ലതുമുണ്ടോ? എനിക്കിതൊന്നും കേൾക്കേണ്ട ആവശ്യമില്ല. എന്നൊക്കെയായിരിക്കും നാസ്തികൻ ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കു സമാധാനം കാണുന്നതു്.

എന്തോ അമേയമായ ശക്തി അനാദികാലംമുതൽ സർവ്വാന്തര്യാമിയായി സകലത്തിനേയും നയിക്കുന്നുണ്ടെന്നും ആ അജ്ഞാതമെങ്കിലും, അനുസ്യൂതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദിവ്യചൈതന്യത്തിന്റെ മാഹാത്മ്യത്താൽ പ്രപഞ്ചം നാം കാണുന്ന പ്രകാരം ഉദ്ഗമിച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതെന്നും വിശ്വസിക്കുന്നതു് ശാസ്ത്രദൃഷ്ട്യാ പരിശോധിച്ചാലും അബദ്ധമാകുകയില്ലെന്നു ശാസ്ത്രജ്ഞനെന്നു ഭാവിക്കുന്ന നാസ്തികനു പോലും സ്വബുദ്ധിയോടുകൂടി ആലോചിച്ചാൽ വിശദമാകാതിരിക്കയില്ല.

# അല്പപ്രാണികൾ

അല്പപ്രാണികൾ അസംഖ്യേയങ്ങളാണു്. ഒരു പ്രകൃതിശാസ്ത്രജ്ഞൻ ഇവയുടെ എണ്ണം ഇരുപത്തയ്യായിരത്തോളമുണ്ടെന്നു് പ്രസ്താവിച്ചിരിക്കുന്നു. ഇവയെല്ലാം നട്ടെല്ലുള്ള ചെറുപ്രാണികളാണത്രേ. എന്നാൽ, അതില്ലാത്ത അല്പപ്രാണികളുടെ സംഖ്യ അഞ്ചല്ല, പത്തിരട്ടിയോളമാണെന്നു കേൾക്കുന്നതു് ആൎക്കാണു ആശ്ചൎയ്യമുണ്ടാകാത്തതു്. വൎഷംപ്രതി ആറായിരത്തിൽ കുറയാതെ പുതുതായ അല്പപ്രാണികൾ ജനിച്ചുകൊണ്ടിരിക്കുന്നുവെന്നും ആകപ്പാടെ ഇപ്പോൾ അവയുടെ എണ്ണം രണ്ടുലക്ഷത്തിലധികമുണ്ടെന്നും ഉത്തരവാദിത്വമുള്ള പ്രകൃതിനിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

പ്രാണികളുടെ സംഖ്യ ഇത്ര കൂടിയിരിക്കുന്നതിനുള്ള ഒരു കാരണം അവയുടെ ശരീരഘടന അനിതരജന്തുസാധാരണമായ സമ്പ്രദായത്തിലാണെന്നുള്ളതാണു്. ലോകാരംഭത്തിൽ ജന്തുക്കൾ ജലപ്രളയത്തിൽനിന്നു മുന്നേറി ജലജീവികളായി. സ്ഥലജീവികളായ കാലത്തു് വായുവിൽ വെള്ളത്തിലുള്ളതിനേക്കാൾ ആക്സിജൻ കൂടുതലുണ്ടെങ്കിലും അതു് അത്ര വേഗത്തിൽ—എളുപ്പത്തിൽ— അവയ്ക്കു ലബ്ധമായിരുന്നില്ലെന്നുള്ള ഒരു ജീവിതക്ലേശം അവയ്ക്കുണ്ടായിരുന്നു. ജലജീവികളുടെ ലോലചൎമ്മങ്ങളിൽ പ്രവേശിക്കുന്നതുപോലെ അതു കട്ടിത്തോലിൽക്കൂടി കടന്നുപോകുകയില്ല.

എന്നാൽ അല്പപ്രാണികൾ ഈ ന്യൂനതയെ പരീഹരിക്കുന്നതിനു ഒരു അഭിനവമായ വിദ്യയെടുത്തു. അവയവങ്ങളിലുള്ള ഓരോ ദ്വാരത്തിലും ഓരോ മുക്കിലും മൂലയിലും കാററു കയററി കൊണ്ടുപോകത്തക്കവണ്ണമുള്ള ശ്വാസക്കുഴലുകൾ ശരീരഘടനത്തിൽ അവ എങ്ങനെയോ കൈവശമാക്കി. ജീവാഗ്നി ജ്വലിച്ചുകൊണ്ടിരിക്കുന്നതിനു് ആക്സിജൻ ആവശ്യമാണല്ലോ. അല്പപ്രാണികളുടെ അത്യധികമായ ഉന്മേഷപ്രകടനത്തിൻേറയും ചൈതന്യത്തിൻേറയും രഹസ്യം ഈ കുഴലുകളിൽക്കൂടി അവയ്ക്കു് ഇച്ഛാനുസരണം ശ്വാസോച്ഛ്വാസം ചെയ്യാമെന്നുള്ളതിലാണു് സ്ഥിതിചെയ്യുന്നതു്. അവയുടെ രക്തം ഒരിക്കലും ദൂഷിച്ചു് അശുദ്ധമായിത്തീരുന്നില്ല; എന്നുമാത്രമല്ല ദൂഷിച്ചു് പുറത്തേക്കു വരുന്ന വായു പത്രതാഡനങ്ങളേററു ദൂരീകരിക്കപ്പെടുകയും ശുദ്ധമായ പുതുമാരുതനെ അകത്തേക്കു ആകർഷിക്കുകയും ചെയ്യുന്നു. ഇതോടുകൂടി അവയുടെ പതനോല്പതനങ്ങൾ ശ്വാസോച്ഛ്വാസങ്ങളെ സഹായിക്കുന്നതിനു പകരിക്കുന്നുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമത്രേ.

അല്പപ്രാണികളുടെ വിജയത്തിനുള്ള ദ്വിതീയഹേതു അവയ്ക്കു പറക്കുന്നതിനുള്ള ത്രാണിയുണ്ടെന്നുള്ളതാണു്. ഒരു പറവയ്ക്കു തറയിൽനിന്നുയരുവാൻ കഴിയുന്നതുതന്നെ ഒരു രക്ഷാമാൎഗ്ഗമാണല്ലോ. ഇളകിപ്പോകുന്ന ഇരയെപ്പിടിക്കുന്നതിനും ഉണക്കും ക്ഷാമവും ബാധിക്കുന്ന ഒരിടത്തുനിന്നു തണുപ്പും സമൃദ്ധിയുമുള്ളിടത്തേക്കു നിഷ്പ്രയാസം ഉപവേശിക്കുന്നതിനും അധോഭ്രുവിലുള്ള ആപത്തുകൾ



ചിത്രശലഭങ്ങൾ

ക്കിടയാകാത്തവണ്ണം അണ്ഡങ്ങളെ നിക്ഷേപിക്കുന്നതിനും അവയ്ക്കു സാധിക്കുന്നു. മൂന്നാമതായി ഇവയ്ക്കുള്ള വിജയത്തിൻെറ കാരണം അവയുടെ നൈസൎഗ്ഗികവും അത്യാശ്ചൎയ്യകരവുമായ ബുദ്ധിവിശേഷം തന്നെയാണു്. അഭ്യസിക്കാതെതന്നെ അനവധി കൗശലങ്ങളെ അവ കൈവശമാക്കിയിരിക്കുന്നു. പഠിക്കുകയൊ പരിചയിക്കുകയൊ ചെയ്യാതെ പല സൂത്രങ്ങളും പ്രയോഗിക്കുന്നതിനുള്ള ഒരു ജന്മവാസന അവയ്ക്കുണ്ടെന്നു പറയാതെ തരമില്ല. നാലാമതായി അല്പപ്രാണികളുടെ അനന്യസാധാരണമായ വിജയത്തിനുള്ള ഹേതു അവയ്ക്കുള്ള വൈവിധ്യവും തരുലതാദികളോടു് സംഗമിക്കുന്നതിനുള്ള സൗമുഖ്യവുമാണു്. ഈ പ്രാണികളുടെയെല്ലാം ശരീരഘടനയുടെ മൗലികമായ സ്വഭാവങ്ങൾക്കു് സാദൃശ്യമുണ്ടെങ്കിലും പ്രത്യംഗപ്രകൃതിയിൽ അവസാനമില്ലാത്ത വ്യത്യാസങ്ങളുണ്ടെന്നു് സൂക്ഷ്മപരിശോധനയിൽ സുവ്യക്തമാകുന്നതാണു്. റഷ്യയിലെ ഒരു പ്രകൃതിശാസ്ത്രജ്ഞൻ അല്പപ്രാണികളുടെ ജീവിതവിജയത്തിനുള്ള വേറൊരു കാരണത്തിലേക്കു നമ്മുടെ ശ്രദ്ധയെ ഈയിടെ ആകൎഷിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നതു നട്ടെല്ലുള്ള ജീവികളുടെ അസ്ഥിക്കൂടം ശരീരത്തിനുള്ളിലാണെന്നും അല്പപ്രാണികൾക്കു് അതു് ശരീരത്തിനു് പുറത്താണെന്നുമത്രേ. ദേഹത്തിൻെറ ഈദൃശമായ ശില്പവൈചിത്ര്യത്താൽ, അല്പപ്രാണികൾക്കു പ്രവൃത്തി ചെയ്യുന്നതിനുള്ള ശക്തിക്കു യാതൊരു ഹാനിയും സംഭവിക്കാതെ, എത്രയും ചെറിയ ശരീരങ്ങളെ പ്രകൃതിസഹജമായി ലഭിക്കുന്നതിനുള്ള സൗകൎയ്യം സംജാതമായി. തൽ

ഫലമായി ജന്തുലോകത്തിൽ അവയ്ക്കു പ്രത്യേകമായ ഒരു സ്ഥാനവും സുലഭമായി. അതുകൊണ്ടു് അവയ്ക്കു നാം പ്രത്യക്ഷത്തിൽ കാണുന്നതായ അല്പത്വം, അവ്യാജമായ ഒരു ആത്മശക്തിയെയാണു് പ്രദാനം ചെയ്തിരിക്കുന്നതു്. കണക്കില്ലാതെ ഇന്നു നാം കണ്ടുവരുന്ന അല്പപ്രാണികളെല്ലാം സൃഷ്ടിപരിണാമസോപാനത്തിലുള്ള ഉയൎന്ന പടികളിൽ സ്ഥിതിചെയ്യുന്ന ജീവികളിൽനിന്നു വ്യത്യസ്തങ്ങളായിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് ഇപ്പോൾ നമുക്കു് ഏറെക്കുറെ മനസ്സിലായിരിക്കുമല്ലോ.

---

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.



പൌവ്വർഹൌസ്, തിരുവനന്തപുരം

# ശാസ്ത്രാഭിവൃദ്ധി

നാം ഇന്നു കണ്ടുവരുന്ന അഭൂതപൂർവ്വമായ ശാസ്ത്രജ്ഞാനാഭിവൃദ്ധി ഇക്കണക്കിനു നിലനിന്നുപോകുകയാണെങ്കിൽ അടുത്ത പത്തുകൊല്ലത്തിനകത്തു് നമുക്കു് എന്തെല്ലാം കേൾക്കുന്നതിനും കാണുന്നതിനും കഴിയുമെന്നുള്ളതു് രസാവഹമായ ഒരാലോചനാവിഷയമാണു്. അനേകവർഷങ്ങളായി ശാസ്ത്രജ്ഞന്മാർ ചെയ്തുവരുന്ന നിരന്തരപരിശ്രമങ്ങളുടെ ഫലമായി അനവധി പ്രശ്നങ്ങൾ സമഗ്രതയെ സമീപിച്ചിരിക്കുന്നു. നാമിപ്പോൾതന്നെ നമ്മുടെ ചുററുപാടും പല അത്ഭുതങ്ങളും കാണുന്നുണ്ടെങ്കിലും, പത്തുകൊല്ലത്തിനപ്പുറം നാം കാണുന്നതു് അത്ഭുതാത്ഭുതങ്ങളായിരിക്കുമെന്നുള്ളതു് ഒട്ടും അതിശയോക്തിയല്ല.

വ്യവസായങ്ങൾ മിക്കതും ഇപ്പോൾ വിറകും കൽക്കരിയും ഉപയോഗിച്ചാണു നടത്തിക്കൊണ്ടുപോകുന്നതു്. ഇക്കാലത്തു വെയിലും കാററുമില്ലാത്തതും ആപദ്ഗർഭങ്ങളുമായ ഖനികളിൽ കൽക്കരി കുഴിച്ചെടുക്കുന്നതിനായി അസംഖ്യം കൂലിവേലക്കാർ രാപ്പകൽ ജോലിചെയ്തുവരുന്നുണ്ടല്ലോ. പത്തു കൊല്ലത്തിനുള്ളിൽ കൽക്കരിക്കുപകരം പല വസ്തുക്കളിൽനിന്നു വാററിയെടുക്കുന്നതും കുഴൽവഴിക്കു ഭൂഗർഭത്തിൽനിന്നു വലിച്ചെടുക്കുന്നതിനു കഴിയുന്നതുമായ മോട്ടാർസ്പിരിററാ പെട്രോളോ, എല്ലാ വ്യവസായശാലകളിലും ഉപയോഗപ്പെടുത്താതിരിക്കയില്ല. പ്രകൃതിയിൽ സുലഭമായുള്ള ജലപ്രവാഹങ്ങൾ വൈദ്യുതശക്തിയെ

ഉല്പാദിപ്പിക്കുന്നതിനുള്ള യന്ത്രങ്ങളുടെ പ്രവൎത്തനത്തിനായി ധാരാളം ഉപയോഗപ്പെടുത്തുമെന്നുള്ളതിലേക്കു വഞ്ചിരാജ്യത്തിൽ പുതിയതായി ഏൎപ്പെടുത്തിയിരിക്കുന്ന പള്ളിവാസൽ പദ്ധതിതന്നെ ഉത്തമോദാഹരണമാണു്. കൽക്കരിയുടെ സഹായത്തോടുകൂടി ഓടിക്കൊണ്ടിരിക്കുന്ന കപ്പലുകൾ എല്ലാംതന്നെ അടുത്തകാലത്തു പെട്രോളുപയോഗിച്ചു നടത്തപ്പെടുന്നതും കായലുകളിൽ മത്സ്യംപിടിക്കുന്നതിനുള്ള ചെറുതരം വഞ്ചികളൊഴികെ മറ്റെല്ലാ ജലവാഹനങ്ങളും ഈ പരിവൎത്തനത്തിൽ ഉൾപ്പെട്ടു പോകുന്നതുമാണു്.

അത്ഭുതകരമായ ശീഘ്രതയോടുകൂടി അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഒരു ശാസ്ത്രശാഖ കമ്പിയില്ലാക്കമ്പിത്തപാലാണു്. അടുത്തകാലത്തുതന്നെ ഓരോഗൃഹങ്ങളിലും ഇതിൻെറ സ്ഥാപനം സാദ്ധ്യമാകത്തക്കവിധത്തിൽ ഉല്ക്കൎഷത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നതിനാൽ, വിദൂരരാജ്യങ്ങളിൽനിന്നും വീട്ടിലിരിക്കുന്നവൎക്കുപോലും വിശേഷവൎത്തമാനമറിയുന്നതിനു വൈഷമ്യമുണ്ടായിരിക്കുകയില്ലെന്നുള്ളതു വിശദമായിരിക്കുന്നു. കമ്പിയില്ലാക്കമ്പിയുടെ സഹായത്താൽ യാത്രക്കപ്പലുകളിലുള്ള അച്ചടിശാലകളിൽനിന്നു പുറപ്പെടുന്ന പത്രങ്ങളിലേക്കു വൎത്തമാനങ്ങൾ മാത്രമല്ല ചിത്രങ്ങൾപോലും അയച്ചുതുടങ്ങിയിട്ടുണ്ടു്. വിദൂരദേശങ്ങളിൽ നടക്കുന്ന സംഭവങ്ങളുടെ ചിത്രപ്രതിബിംബങ്ങൾ അടുത്തദിവസംതന്നെ നമ്മുടെ അനുദിനപത്രങ്ങളിൽ അടിച്ചുവിടത്തക്കവണ്ണം അത്രകണ്ടു് അഭിവൃദ്ധിയെ

ഇപ്പോഠതന്നെ കമ്പിയില്ലാക്കമ്പിത്തപാൽ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ആയിരം മൈൽ അകലെയുള്ള ബാങ്കു കളിലേക്കും വാണിജ്യശാലകളിലേക്കും കമ്പിയില്ലാക്കമ്പി യുടെ ശക്തികൊണ്ടു് പ്രവൎത്തനം ചെയ്യുന്ന പേനയുപയോ ഗിച്ചു ചെക്കുകഠ അടയാളംവെച്ചയയ്ക്കുന്നതിനുപോലും അടുത്തകാലത്തു നമുക്കു് നിഷ്പ്രയാസമായി സാധിക്കാ മെന്നുള്ളനിലവന്നിട്ടുണ്ടു്. ഇപ്പോഠ വീടുകളിൽ ഗ്രാമ ഫോൺ ധാരാളമുള്ളതുപോലെ, വിദൂരപ്രദേശങ്ങളിൽ നട ക്കുന്നസംഗീതസദസ്സുകളിലെ വിശേഷങ്ങഠ വീട്ടിലിരു ന്നാൽ അറിയത്തക്കവണ്ണം കമ്പിയില്ലാക്കമ്പിയന്ത്രങ്ങഠ നമുക്കു വാങ്ങിവയ്ക്കാൻ കഴിയുന്നതാണു്. വിമാനങ്ങളിൽ ക്കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അഗ്നിബാധകളെ തീരെ ഇല്ലായ്മ ചെയ്യുന്നതിനും അവ വിപത്തുകഠ കൂടാതെ സ്വൈരസഞ്ചാരം ചെയ്യുന്നതിനും ഉതകത്തക്കവിധത്തിൽ ഹീലിയം ഉപയോഗിച്ചു് അവയെ ശരിപ്പെടുത്താവുന്ന താണു്. ആളുകളെയും സാമാനങ്ങളെയും വഹിച്ചു കൊണ്ടുപോകുന്നതിനു ഇപ്പോഠ ബസ്സുകളും ലോറികളും ഉള്ളതുപോലെ ആകാശത്തുകൂടി മഹാവിമാനങ്ങഠ പറന്നുപോകുന്നതു് സൎവ്വസാധാരണമായിത്തീരാനുള്ള ലക്ഷ്യങ്ങഠ കണ്ടു തുടങ്ങിയിരിക്കുന്നു. കറാച്ചിയിൽനിന്നു ലണ്ടനിലേക്കും, ബോംബേയിൽനിന്നു തിരുവനന്തപുര ത്തേക്കും, മദ്രാസിൽനിന്നു കൽക്കട്ടാ മുതലായ പ്രധാന സ്ഥലങ്ങളിലേക്കും വിമാനങ്ങഠ ഇതാ ആവിവണ്ടികളെ പ്പോലെ സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു. ബസ്സുകളും കാറു കളും ഡ്രൈവരുടെ ഇഷ്ടാനുസരണം എവിടെയും നിറുത്തു

ന്നതിന്ന സാധിക്കുന്നതുപോലെ, വിമാനങ്ങളെ ആവശ്യമുള്ളപ്പോൾ ആകാശത്തു അനങ്ങാതെ നിറുത്തുന്നതിനുള്ള ഒരു വിദ്യപോലും ഇതാ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചു് പ്രചാരത്തിൽ കൊണ്ടുവരുന്നതിന്നുത്സാഹിക്കുന്നു. വൈശ്രവണൻെറ വിമാനമെന്നതു് കേവലം ഒരു പൌരാണിക സാഹിത്യകാരൻെറ ഭാവനാശക്തിയിൽ നിന്നുണ്ടായ സൃഷ്ടിവൈചിത്ര്യമാണെന്നല്ലേ നാം വിചാരിച്ചിരുന്നതു്? കുറച്ചുകാലം മുമ്പു് വിമാനം എന്നുപറയുന്നതു ജനങ്ങൾക്കു വിനോദത്തിന്നുപകരിച്ച ഒരു സങ്കല്പസൃഷ്ടി മാത്രമായിരുന്നു. ഇന്നാകട്ടെ അതു നാം പ്രത്യക്ഷമായി കണ്ടുതുടങ്ങിയിരിക്കുന്നുവെന്നുമാത്രമല്ല, അതിൽകയറി സഞ്ചരിക്കുന്നതിന്നുകൂടി സന്നദ്ധത പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

ഇപ്പോൾ യൌവനാവസ്ഥയിലിരിക്കുന്നതും എന്നാൽ അടുത്തകാലത്തു് അവിശ്വസനീയമായ അഭിവൃദ്ധിയുണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ മറ്റൊരു ശാസ്ത്രശാഖ എക്സ്റേ എന്നു പറയപ്പെടുന്ന വിസ്മയനീയമായ വിഷയമാണു്. ഇതിൻെറ സഹായംകൊണ്ടു് ശരീരത്തിന്നുള്ളിലുള്ളതും ഹൃദയത്തിന്നുള്ളിലുള്ളതും ആയ അവസ്ഥാവിശേഷങ്ങളുടെ പ്രതിച്ഛായകളെടുക്കുന്നതിന്ന നിമിഷാംശത്തിനിടയ്ക്കു് ശക്യമായിത്തീർന്നിരിക്കുന്നു. ഉരുക്കുതുണ്ടുകളിലും മററു ലോഹക്കഷണങ്ങളിലുമുള്ള ന്യൂനതകളെ എക്സ്റേയുടെ പ്രയോഗത്താൽ കണ്ടുപിടിക്കുന്നതിന്ന യാതൊരു പ്രയാസവുമില്ലാതായിട്ടുണ്ടു്. വൈദ്യന്മാക്കും വ്യാപാരികൾക്കും എക്സ്റേ കൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന ഗുണങ്ങൾ എത്രകണ്ടുണ്ടെന്നു ഖണ്ഡിച്ചു പറയുന്നതിന്നു സാദ്ധ്യമല്ല.

വ്യവസായങ്ങളിൽ അണുപ്രാണികളെ ഉപയോഗിച്ച് അത്ഭുതകരമായ അഭിവൃദ്ധിയുണ്ടായിരിക്കുന്നതു് ശാസ്ത്രത്തിൻെറ മറെറാരു വിജയമാണു്. അണുപ്രാണികളിൽ ആപൽക്കരങ്ങളായവ ധാരാളമുണ്ടു്. എന്നാൽ അനവധിയെണ്ണങ്ങളെ നമുക്കു പ്രയോജനമുണ്ടാകത്തക്കവണ്ണം ഉപയുക്തമാക്കിത്തീക്കാവുന്നതാണെന്നു് ശാസ്ത്രജ്ഞന്മാരുടെ അന്വേഷണങ്ങൾകൊണ്ടു് തെളിഞ്ഞിരിക്കുന്നു. ഇതുകളിൽ ചിലതു്, പഴന്തുണി, വൈക്കോൽ, മരച്ചോറു മുതലായ സാധനങ്ങളെ മോട്ടാർ സ്പിരിററായി പരിവത്തനം ചെയ്യുന്നു. മററുചിലതു് ബാർലിയെ കൃത്രിമ റബ്ബർ ഉണ്ടാക്കുന്നതിനുള്ള അസംസ്കൃതസാധനമായി രൂപാന്തരപ്പെടുത്തുന്നു. അധികകാലതാമസം കൂടാതെ വ്യവസായികലോകത്തിൽ ഈ അണുജീവികളിൽ പലതിനും അതിപ്രധാനമായ ഒരുസ്ഥാനം ലഭിക്കാനിടയുണ്ടെന്നു് പ്രതീക്ഷിക്കാവുന്നതാണു്.

---

## കപ്പും സാസറും

നമ്മുടെ ഗാർഹികസാമാനങ്ങളിൽ നമുക്ക് ഏററവും പരിചയമുള്ളതും നിത്യോപയോഗമുള്ളതും കപ്പും സാസറു മാണല്ലോ. തരുലതാദികളുടേയും പക്ഷിമൃഗാദികളുടേയും ചിത്രങ്ങളാൽ അലംകൃതങ്ങളായിരിക്കുന്ന ഈ ചെറുകിണ്ണ ങ്ങൾ നമുക്ക് അത്യധികം കൌതുകമുളവാക്കുകയും നമ്മെ ക്രമാതീതമായി ആകർഷിക്കുകയും ചെയ്യുന്നു. നാം അവയെ സർവ്വസാധാരണമായി ഉപയോഗിക്കുന്നതിനാലും ഒട്ടുമിക്ക കടകളിലും ദിവസംപ്രതി കാണുന്നതിനാലും, ആരാണു് അവയുടെ ആദ്യനിർമ്മാതാവെന്നും അവയെ എങ്ങനെ യാണു് കളിമണ്ണിൽനിന്നും സ്വരൂപിച്ചെടുത്തതെന്നും ആലോചനാവിഷയമാക്കുന്നില്ല. എന്നാൽ കൗതുകപ്രദവും നമ്മുടെ മഹാനസത്തെ മനോഹരമാക്കിത്തീർക്കുന്നതുമായ മൺപാത്രങ്ങളുടെ നിർമ്മാണ ചരിത്രം സുദീർഘവും സുന്ദരവുമായ ഒരുകെട്ടു കഥപോലെ ഹൃദയാവർജ്ജകമാ ണെന്നു പറയുന്നതു കേവലം അതിശയോക്തിയല്ല.

ഈ പാത്രങ്ങളുണ്ടാക്കുന്നതിനു് ഉപയോഗപ്പെടു ത്തുന്ന സാധനങ്ങളിൽ ചിലതു് ഭൂഗർഭത്തിൽത്തന്നെ ഉണ്ടായിട്ടുള്ളതാണു്. അനേക ശതാബ്ദങ്ങൾക്കപ്പുറം അശ്മാദ്രികൾ ആവിർഭവിച്ചിരിക്കണം. കാലഗതിയിൽ, ഈ ശിലാശൈലങ്ങൾ ഋതുഭേദങ്ങളുടേയും, ഉഷ്ണള ബാഷ്പ ങ്ങളുടേയും ഉഗ്രവാതപ്രഹരങ്ങളുടേയും ശക്തിയേററു വിഭിന്നങ്ങളായി. ഈ വികാരവ്യത്യാസത്തിൻെറ ആവ ർത്തനങ്ങളിൽ പരാഗങ്ങളായി പരിണമിക്കുകയും താഴ്ന്ന



കപ്പും സാസറും

സമതലപ്രദേശങ്ങളിൽ ശ്വേതപങ്കരൂപത്തിൽ ഒഴുക്കെട്ടുത്തുകൊണ്ടുപോയി അടിഞ്ഞുചെന്നു ചേരുകയും ചെയ്തു. ഈ വെള്ളനിറത്തിലുള്ള കളിമണ്ണുകൊണ്ടാണു് നാം കാണുന്ന മനോഹരങ്ങളായ മൺപാത്രങ്ങളിൽ പലതും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. കലങ്ങളും ചട്ടികളും ഉണ്ടാക്കുന്നതിനു് ഈ വെള്ളനിറത്തിലുള്ള ചെളിതന്നെവേണമെന്നില്ല. അവയെ സാധാരണ വയലുകളിലും പുഞ്ചപ്പാടങ്ങളിലും ഉള്ള കളിമണ്ണു് കുഴച്ചു പാകപ്പെടുത്തി ആവശ്യമുണ്ടെങ്കിൽ വർണ്ണഭേദം വരുത്തിയും, ഉണ്ടാക്കാവുന്നതാണു്.

മൺപാത്രനിർമ്മാണം മനുഷ്യവർഗ്ഗത്തിന്റെ അതിപുരാതനമായ കലകളിൽ പ്രഥമഗണനീയമായിട്ടുള്ളതത്രെ. ഏതു വർഗ്ഗത്തിലുള്ള ആളുകളാണു് മൺപാത്രങ്ങൾ ഇദംപ്രഥമമായി നിർമ്മിച്ചതെന്നു നിശ്ചയിക്കുന്നതിനു് നിവൃത്തിയില്ലാത്തവണ്ണം കളിമൺവ്യവസായം അത്ര പുരാതനമായിട്ടുള്ളതാണു്. ആറായിരം വർഷങ്ങൾക്കുമുൻപു് ഈജിപ്റ്റിലുള്ള ശവകുടീരങ്ങളിലും ഇൻഡ്യയിലുള്ള ഗുഹകളിലും നിക്ഷിപ്തങ്ങളായിരുന്നതും അക്കാലത്തെ നാഗരികസ്വഭാവത്തെ കുറിക്കുന്നതുമായ മൺപാത്രങ്ങളിൽ ചിലതു അവയുടെ വിചിത്രാകൃതികൾ കൊണ്ടു് നമ്മുടെ കാഴ്ചബംഗ്ലാവുകളിലുള്ള വിശിഷ്ടസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതിനു് അർഹങ്ങളായിത്തീർന്നിരിക്കുന്നതു് നാം കാണുന്നുണ്ടല്ലോ. യവനന്മാർ പുരാതനകാലത്തു് അത്ഭുതകരമാകുംവണ്ണം ആകൃതിഭംഗിയുള്ള ഭരണികളും പൂച്ചട്ടികളും ഉണ്ടാക്കിയിരുന്നുവെന്നുള്ളതിനു

വേണ്ട ലക്ഷ്യങ്ങൾ കാണ്മാനുണ്ടു്. പേർസ്യാക്കാരും ഈ കലയിൽ സാമൎത്ഥ്യമുള്ളവരായിരുന്നു. റോമൻസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പല സ്ഥലങ്ങളിലും റോമൻകാൎക്കു പ്രസ്തുത വ്യവസായത്തിലുണ്ടായിരുന്ന വൈദഗ്ദ്ധ്യത്തെ പ്രദർശിപ്പിക്കുന്നതിനു അവശിഷ്ടങ്ങൾ ഇക്കാലത്തും കണ്ടുവരുന്നു. മൺപാത്രങ്ങൾക്കു ആദ്യമായി മിനുസം കൊടുത്തു് ഭംഗി പിടിപ്പിച്ചതു് ഈജിപ്റ്റുകാരാണെന്നു് വിശ്വസിക്കപ്പെട്ടിരിക്കുന്നു. അവരിൽനിന്നു് ഈ വിദ്യ ബേബിലോണിയൻകാരും അസിറിയൻകാരും വശമാക്കി. യവനന്മാൎക്കു കവിടി ഉരുക്കിയൊഴിച്ചു് മൺപാത്രങ്ങൾ മിനുസപ്പെടുത്തുന്ന സമ്പ്രദായം അറിഞ്ഞുകൂടായിരുന്നു. ചൈനാക്കാർ സ്വയമേവ മനോജ്ഞമായ മൺപാത്രങ്ങളുണ്ടാക്കുന്നതിനുള്ള വിദ്യ ആദ്യമേ തന്നെ അറിഞ്ഞിരുന്നു. നല്ല ഗുണമുള്ള കളിമണ്ണു കണ്ടുപിടിക്കുന്നതിനുള്ള അന്വേഷണത്തിനിടയിൽ അവൎക്കു കയോളിൻ എന്ന സാധനത്തിന്റെ ഗുണവിശേഷം മനസ്സിലാക്കുന്നതിനു സംഗതിയായി. ഇതു കണ്ടു് അവർ പാത്രങ്ങളെ ഇംഗ്ലണ്ടിൽ നാർമൺകാർ ഭരിക്കുന്നതിനാരംഭിച്ച കാലത്തിനു മുമ്പുതന്നെ ഉണ്ടാക്കിക്കൊണ്ടിരുന്നു. ചൈനാക്കാരാണു് ജപ്പാൻകാരെ ഈ വിദ്യ അഭ്യസിപ്പിച്ചതു്. മൺപാത്രനിൎമ്മാണത്തിൽ മറെറാരുവൎഗ്ഗക്കാൎക്കും ഇവരെ അതിശയിക്കുന്നതിനു നാളതുവരെ സാധിച്ചിട്ടില്ല.

ചീനബ്ഭരണികളും പാത്രങ്ങളും മദ്ധ്യഏഷ്യാ വടക്കേ ആഫ്രിക്കാ മുതലായ മാൎഗ്ഗങ്ങളിൽക്കൂടിയാണു് യൂറോപ്പിൽ എത്തിയതു്. ഇതു പന്ത്രണ്ടാംശതകത്തിന്റെ

ആദ്യകാലത്തായിരുന്നു സംഭവിച്ചതു്. ചീനബ്ഭരണികളെ അനുകരിച്ചു് സാധനങ്ങളുണ്ടാക്കുന്നതിനു് അക്കാലത്തു് യൂറോപ്പുകാർ അശ്രാന്തമായ പരിശ്രമങ്ങൾചെയ്തു. എന്നാൽ വിജയം അത്ര വേഗത്തിൽ അവൎക്കു കരഗതമായില്ല. ചീനബ്ഭരണികൾക്കു് അവയുടെ മനോഹരമായ പ്രകാശവും ധാവള്യവും കൊടുത്തതു് ഏതുമാതിരി കളിമണ്ണാണെന്നു യൂറോപ്പിലെ കളിമൺവ്യവസായക്കാൎക്കു് കണ്ടുപിടിക്കുന്നതിനു കുറേക്കാലത്തേയ്ക്കു കഴിഞ്ഞില്ല. ക്രിസ്ത്വബ്ദം 1710-ൽ അതു ഒരു ജൎമ്മൻ രസതന്ത്രജ്ഞനാണു് ഒടുവിൽ മനസ്സിലാക്കിയതു്. ഇതു രഹസ്യമായി വയ്ക്കുന്നതിനു്, അദ്ദേഹം വളരെ കരുതൽ ചെയ്തു. എന്നാൽ അധികകാലതാമസം കൂടാതെ ഫ്രഞ്ചുകാൎക്കും ആസ്ത്രിയാക്കാൎക്കും ഈ രഹസ്യം മനസ്സിലാകുകയും അവരും പ്രസ്തുത വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്തു. 18-ാംശതകാവസാനത്തിനു മുമ്പിൽ ഇംഗ്ലണ്ടിൽ ഒരു പുതിയമാതിരി കളിമണ്ണുകൊണ്ടുള്ള വ്യവസായം തുടങ്ങി. എല്ലുചുട്ടെടുത്ത പൊടികൂട്ടി മൺപാത്രമുണ്ടാക്കുന്ന സമ്പ്രദായം ഒരാൾ പരീക്ഷിച്ചു വിജയം നേടി. ഈ സമ്പ്രദായത്താൽ ഭംഗിയും മാൎദ്ദവവും ഉള്ള ഒരുമാതിരി പശ ഉണ്ടാക്കാമെന്നും അതുപയോഗിച്ചുള്ള കളിമൺ വ്യവസായം വളരെ ലാഭകരമാണെന്നും കണ്ടതിനാൽ, അഭിനവമായ രീതിക്കു അധികമായ പ്രചാരവും അഭിവൃദ്ധിയും കാലതാമസംകൂടാതെ ഉണ്ടായി. യൂറോപ്പിലെ രാജ്യങ്ങളിലെല്ലാം തന്നെയും അമേരിക്കയിലും ഈ നൂതനസമ്പ്രദായം ക്ഷണേന വ്യാപിച്ചു.

കളിമണ്ണു കുഴിച്ചെടുത്താൽ, അതുകൊണ്ടു് കപ്പുകളും സാസറുകളും മററുസാധനങ്ങളും ഉണ്ടാക്കുന്നതിനു മുമ്പിൽ അതിനു പല പരിവത്തനങ്ങളും സംഭവിക്കുന്നു. കളിമണ്ണിൽ കണ്ടേക്കാവുന്ന മൺതരികളെ വേർപെടുത്തുന്നതിനു, അതിനെ വെള്ളത്തിൽ കലക്കി അരിച്ചു ഊററി എടുക്കുകയും അതിലുള്ള വെള്ളമെല്ലാം തെക്കിപ്പിഴിഞ്ഞു കളയുകയും വേണം. പിന്നീടു അതോടുകൂടി മേൽപ്പറഞ്ഞ എല്ലുപൊടി ചേൎത്തു വെള്ളമൊഴിച്ചു കുഴച്ചു പാകപ്പെടുത്തേണ്ടതാണു്. അനന്തരം യന്ത്രസഹായത്താൽ, വെള്ളം കൂട്ടി വീണ്ടും ഈ സാധനങ്ങളെ അരച്ചരച്ചു് നല്ല വഴക്കം വരുന്നതുവരെ പാകപ്പെടുത്തിയെടുക്കുന്നു. ഈ സ്ഥിതിയിലെത്തിയാൽ, അതിനെ ഉടനെ ഉപയോഗിച്ചു പാത്രങ്ങളാക്കുകയോ, സൗകര്യംപോലെ പാത്രങ്ങളുണ്ടാക്കുന്നതിനു പാളിപാളിയായി സൂക്ഷിച്ചു വെക്കുകയോ, ചെയ്യാം.

കളിമണ്ണുകൊണ്ടു് കപ്പുകളേയും സാസറുകളേയും മററു പാത്രങ്ങളേയും സ്വരൂപിച്ചെടുത്തതിൻെറശേഷം അവയെ ചൂടുള്ള ഒരു മുറിയിൽ നിരത്തിവയ്ക്കുകയും പിന്നെ ചുട്ടെടുക്കുകയും ചെയ്യുന്നു. പാത്രങ്ങൾ പരസ്പരം സ്പർശിക്കാതെ അടുക്കി ചൂളയിൽവച്ചു് തീകൊളുത്തി ആദ്യം കുറച്ചുനേരത്തേക്കു് സാവധാനത്തിലും പിന്നീടു് അതിതീക്ഷ്ണമായും പത്തുമണിക്കൂർ സമയം ചൂടുപിടിപ്പിക്കുന്നു. അതിനുശേഷം നാലഞ്ചുദിവസത്തേക്കു അനക്കാതെവച്ചു് അവ തണുത്തതിൻെറ ശേഷം ചൂള പൊളിച്ചെടുക്കുകയും പാത്രങ്ങൾ ഉപയോഗയോഗ്യങ്ങളായിത്തീരുകയും ചെയ്യുന്നു.

ഇതേ സമയത്തുതന്നെ വ്യവസായശാലയുടെ മററൊരുഭാഗത്തു ഗ്ലാസുണ്ടാക്കുന്നതിനുതകുന്ന സാധനങ്ങളെ ഒന്നിച്ചുചേൎത്തു് ഒരു പാത്രത്തിലാക്കി ഒരുക്കി ഒരു ഗ്ലാസു കട്ടയുണ്ടാക്കുന്നു. ഇതു തരിതരിയായി പൊടിച്ചെടുത്തു് വെള്ളത്തോടുചേൎത്തു കുഴച്ചു് ഒരുതരം കുഴമ്പുപോലെയാക്കി ചുട്ടെടുത്ത കപ്പുകളും സാസറുകളും മററു മൺകളി പാത്രങ്ങളും എല്ലായിടത്തും ഒരുപോലെ മിനുസം പിടിക്കുമാറു് അതിൽ അതി സൂക്ഷ്മതയോടെ മുക്കിയെടുക്കുന്നു. വീണ്ടും അവയെ ചൂളയിൽവച്ചു് മുൻപറഞ്ഞ പ്രകാരം ഗ്ലാസ്സു് ഉറച്ചുണങ്ങി പാത്രങ്ങളുടെ പുറത്തു ചിത്രവേല ചെയ്യുന്ന പാത്രങ്ങളെ ഒരിക്കൽക്കൂടി ചൂളയിൽ വച്ചു് ചൂടു പിടിപ്പിക്കേണ്ടതാകുന്നു.

---

# സ്നേഹം

'മധുരരസം എങ്ങനെയിരിക്കും' എന്നു് ആരെങ്കിലും ചോദിച്ചാൽ, 'അല്പം പഞ്ചസാര തിന്നുനോക്കുക' എന്നു് മറുപടി പറയുകയല്ലാതേ നിവൃത്തിയില്ലല്ലോ. പ്രേമത്തിൻെറ, അഥവാ സ്നേഹത്തിൻെറ സ്വരൂപത്തേയും മാഹാത്മ്യത്തേയും പററി നിർവചനം എഴുതുന്ന വിഷയത്തിലും ഈ കുഴപ്പം അനുഭവിക്കേണ്ടതായി വരുന്നു. സ്നേഹം സ്വാനുഭൂതിയാൽ മാത്രം അറിയപ്പെടാവുന്ന അദ്വിതീയമായ ഒരു സാത്വികമനോഭാവമാണു്.

വിചാരങ്ങൾ അന്തരാത്മാവിനെ ശബ്ദമൂലകമായി പ്രകാശിപ്പിക്കുന്നു. നമ്മുടെ വാക്കുകളെല്ലാം ഹൃദയവിപഞ്ചികയിൽനിന്നു് നിർഗ്ഗളിക്കുന്ന നിക്വണനങ്ങളാണു്. മനുഷ്യമനസ്സിൽ നിമിഷംപ്രതി കോടിക്കണക്കിനു് വിചാരപരമ്പര സംജാതമാകുന്നുണ്ടു്. അവയെല്ലാം രേഖപ്പെടുത്തുന്നതോ ധാരണയിലിരുത്തുന്നതോ തീരെ ദുസ്സാധമാകുന്നു. അവ കടലിൽ കല്ലോലമാലയ്ക്കൊപ്പം ഉണ്ടായി വളൎന്നു് നശിച്ചുകൊണ്ടേയിരിക്കയാണു്.

ഏതാദൃശങ്ങളായ ചിന്താസന്താനങ്ങളിൽ—പരിപാവനവും പരമോൽകൃഷ്ടവുമായ മനോഭാവങ്ങളിൽ—ഒന്നുതന്നേയാണു് സ്നേഹം അഥവാ പ്രേമം എന്നു് പറയപ്പെടുന്നതു്. ആ ദിവ്യരസായനം നുകരുവാൻ ഭാഗധേയം സിദ്ധിച്ചിട്ടുള്ള ശകുന്തളയോ ദുഷ്ഷന്തനോ പിന്നീടവതരിച്ചിരിക്കയില്ല. പ്രേമം അന്തഃകരണത്തിൻെറ അടി



സൌഭാഗ്യജീവിതം

ത്തട്ടിൽ അദൃശ്യമായി ലയിച്ചുകിടക്കുന്നു. വിഷവും അമൃതും ചിലപ്പോൾ പ്രേമത്തോട്ട് സംബന്ധിച്ചിരിക്കുന്നതായി ചിലക്ക് തോന്നിയേക്കാം. അത് പരമാണുപ്രായമായ മനസ്സിൽ, അതിലും പരമാണുവായി ലയിച്ചുകൊണ്ടു് അഖിലാണ്ഡഭാണ്ഡത്തെയും വ്യാപിക്കുന്നു. ആനന്ദവിഷാദങ്ങളും സുഖദുഃഖങ്ങളും കാമനിഷ്കാമങ്ങളും ഉളവാക്കുന്നതു് പ്രേമത്തിൻെറ വിലക്ഷണമായ ഒരു വ്യാപാരവിശേഷമത്രേ. പ്രേമം വിരുദ്ധധർമ്മങ്ങളുടെ അമ്മയാണു്. സന്തുഷ്ടന്മാരേ കുളിർപ്പിക്കുന്നതും സന്തപ്തന്മാരേ ഉണക്കി വറട്ടുന്നതും അതിൻെറ നിസൎഗ്ഗമായ സ്വഭാവമാകുന്നു. ആളും തരവുമനുസരിച്ചു് സ്വഭാവവും സംഗതിയും മാറിയേക്കാമെങ്കിലും അതിൻെറ സാക്ഷാൽ പ്രകൃതി ഒരു കാലത്തും വ്യത്യാസപ്പെടുന്ന ഒന്നല്ല.

ഉപഭോഗക്ഷമങ്ങളായ വസ്തുക്കളെ ആരാഞ്ഞു് പിടിക്കാനുള്ള വാസന മനുഷ്യനു് ജന്മസിദ്ധമാകുന്നു. ആശിക്കുന്ന പദാൎത്ഥത്തെ സംഭരിക്കുന്ന കാര്യത്തിൽ ഉണ്ടാകാറുള്ള ഉല്ക്കണ്ഠ സ്നേഹത്തിൻെറ പൂൎവ്വരൂപമത്രേ! സ്വച്ഛന്ദസഞ്ചരണോൽസുകങ്ങളായ ഹൃദയങ്ങളെ ബലാദാകൎഷിച്ചു് അവയുടെ പ്രാകൃതികമായ പ്രതിഭാസത്തെ നിവൎത്തി, അന്യോന്യം പരിബന്ധിക്കുന്ന മനോഭാവം സ്നേഹമാകുന്നു മനശ്ശാസ്ത്രത്തെ ആസ്പദമാക്കി സൂക്ഷ്മനിരീക്ഷണം നടത്തുകയാണെങ്കിൽ ഭാവം, ഭാവുകം, ഭാവ്യം എന്നിങ്ങനെ മൂന്നവസ്ഥാവിശേഷങ്ങൾ തന്തുപടരൂപങ്ങളെന്നവണ്ണം സംയുക്തമായി ഹൃദയത്തിൻെറ അടിത്തട്ടിൽ പററിക്കിടക്കുന്നതായി മനസ്സിലാക്കാൻ കഴിയും.

നിർമ്മലമായ പ്രേമം മനോമാലിന്യങ്ങളെ നിശ്ശേഷം സമ്മാർജ്ജനംചെയ്തു് സുരഭിലമാക്കുന്നു. പ്രേമചന്ദ്രികയാൽ അഭിവ്യാപ്തമായ മനസ്സിൽ സംസാരാന്ധകാരം എത്തിനോക്കുകപോലും ചെയ്യുകയില്ല. ജീവിതസന്താപങ്ങളെല്ലാം പ്രേമാനുഭവത്തിൻെറ അഭാവത്തിൽ നിന്നുത്ഭവിക്കുന്നവയത്രേ. നിസ്തുലമായ ആ മാനസികവികാരം മററു സകല മനോഭാവങ്ങളെക്കാളും സമുജ്ജ്വലവും അതു് അനശ്വരവുമാകുന്നു. ഒരാത്മാവിൽ മറെറാരാത്മാവിനെ ഇണക്കിരണ്ടും രണ്ടിനും അടിസ്ഥാനമായി കരുതുകയും, രണ്ടാത്മാവിൻെറയും സർവ്വവിധങ്ങളായ അനുഭാവങ്ങളും ഒന്നിൻെറതന്നെ വ്യാപാരങ്ങളായി നിശ്ചയിക്കുകയും ചെയ്യുന്നതു് ദിവ്യവും ഭവ്യവും ആയ സ്നേഹരസം നുകരുന്നവർമാത്രമാണു്. അതുപോലെ ഒരു വ്യക്തി മറെറാരു വ്യക്തിയുടെ ദർശനത്തെ ആശിക്കുകയും, ക്ഷണത്തിൽ സന്തോഷിക്കുകയും, അടുത്തനിമിഷത്തിൽ സഹവാസത്തെ പ്രത്യാശിക്കുകയും, പിന്നീടു് ദാക്ഷിണ്യപൂർവ്വം പെരുമാറുകയും ചെയ്യുന്നതു് അസാധാരണമല്ല; അതും പ്രേമത്തിൻെറ വിലാസംകൊണ്ടു് മാത്രമുണ്ടാകുന്ന ഒന്നാണു്. ഒരു വസ്തുവിനെ കാണുമ്പോൾ സുഖംതോന്നുകയും, കാണാതിരിക്കുമ്പോൾ സന്താപം പൊന്തുകയും ചെയ്യുന്നതും പ്രേമമുള്ള ഹൃദയത്തിലാകുന്നു. അതു് അന്യരുടെ ആനന്ദത്തിൽ നമ്മെ സുഖിപ്പിക്കുകയും സങ്കടത്തിൽ സന്തപിപ്പിക്കുകയും ചെയ്യുന്നു. തൻെറ സുഖങ്ങളേയും ശരീരത്തേയും ജീവനെത്തന്നെയും അന്യനുവേണ്ടി തൃണവൽക്കരിക്കാൻ പ്രണയം നിറഞ്ഞ ഹൃദയം എന്നും തയാറായിരിക്കും.

ആത്മത്യാഗം പ്രേമത്തിൻെറ പരമകാഷ്ഠയാകുന്നു. തീയിൽ പാററയെന്നപോലെ പ്രേമത്തിൽ ആത്മാവിനെ ആഹുതിചെയ്കയെന്നതു് അതിൻെറ അനന്യസാമാന്യവും ശ്രേഷ്ഠവുമായ ഒരു പരിധിയാണു്. നോക്കുക ഒരു മഹാകവിവാക്യം:—

"ത്തുമണം പൂശിയ ചമ്പകപ്പൂന്തേനിൽ
കാമിച്ചണയാത്തതെന്തു വണ്ടേ!
ജീവിതം ശോഭനമാക്കീടും പ്രേമമതം-
പ്പൂവിൽ വളത്തേണമെങ്കിലോ നീ
കേവലമാവട്ടമാശിച്ചു തന്നെ, തൻ-
പൂവൽമെയ് വെന്തെരിച്ചീടുമ്പോഴും
ഒട്ടുമേ മിണ്ടാതരുളുമപ്പാററയെ-
ശ്ശിഷ്ടനാം ദേശികനാക്കിയാലും."

സ്വാത്ഥരഹിതമായ ആത്മസമപ്പണം പ്രേമമുള്ളിടത്തു് ആവശ്യം ഭാവ്യമാകുന്നു. 'തന്നിഷ്ട'ത്തിനും 'താന്തോന്നി'ത്തത്തിനും അവിടെ അവകാശമില്ലതന്നേ.

പ്രേമം സ്വഗ്ഗത്തിലേ ഭാഷയാണു്; അതു് ലിഖിതമായ ഹൃദയത്താൽ മാത്രം വേദ്യവുമാകുന്നു. സൂര്യരശ്മികളേയോ നക്ഷത്രങ്ങളേയോ പരിസംഖ്യാനം ചെയ്തിട്ടുള്ളവക്കു് അതിൻെറ രഹസ്യവും അറിവാൻ കഴിഞ്ഞേക്കാം. യഥാത്ഥകവികൾ പ്രാണപുസ്തകത്തിൻെറ ഹൃദയപത്രങ്ങളിൽ ഈ ദേവഭാഷയെ തങ്കലിപികളിൽ കുറിക്കുന്നു. അതേ, ആ പുണ്യാത്മാക്കളാണു് യഥാത്ഥപ്രേമരസം നുകന്നിട്ടുള്ളവർ.

അറിവ് ആത്മാവിന് അലങ്കാരവും പ്രേമം അതിൻെറ ശോഭയുമാകുന്നു. ആത്മാവാകുന്ന കല്പവല്ലിയുടെ നവപല്ലവമായി ജ്ഞാനത്തെ ഗണിക്കാമെങ്കിൽ അതിൻെറ സുരഭിലമായ കുസുമമഞ്ജരിയായി പ്രേമത്തെപ്പരിഗണിക്കണം. ആദ്യത്തേതു് സ്വർഗ്ഗീയപ്രഭയും, രണ്ടാമത്തേതു് ത്രിദിവത്തിലേയ്ക്കു് കയറാനുള്ള സോപാനവുമാണ്. ഒന്നു് പഞ്ചസാരയും അപരം മധുരവുമാണ്. മഴവില്ലെന്നപോലെ പ്രേമം വിവിധവർണ്ണത്തിൽ വിലസുന്നു. അച്ഛൻ, അമ്മ, പുത്രൻ, ഭാര്യ, സോദരി, ഭൃത്യൻ, ഉദാസീനൻ എന്നിവരിലെല്ലാം ഒരുവൻെറ പ്രേമപ്രകടനങ്ങൾ ഈഷദീഷദ്വ്യത്യസ്തങ്ങളായിട്ടാണ് കാണപ്പെടുന്നതു്. "തിരനുരചുഴിയെന്നീ രൂപഭേദങ്ങ"ളോടുകൂടിയ ജലം പോലെയോ, ചിലപ്പോൾ തമാലനീലമായും ചിലപ്പോൾ അഭ്രശുഭ്രമായും മററുചിലപ്പോൾ ഘോരാന്ധകാരപരിപൂരിതമായും മററും കാണപ്പെടുന്ന ആകാശംപോലെയോ ഏകമായ പ്രേമം വാത്സല്യമധുരവും ലാളനാമസൃണവുമായ മാതാവിൻെറ ചുംബനാശ്ലേഷങ്ങളിലും, സോദരിയുടെ മാറിടത്തിൽ പിഞ്ചുകാലൂന്നി തത്തിക്കളിക്കുന്നതിലും, പ്രണയിനിയുമായുള്ള ലീലാവിനോദങ്ങളിലും മററും വളരെ വളരെ വിഭിന്നതയെ പ്രാപിച്ചിരിക്കുന്നു. ഇപ്രകാരം സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം പ്രേമം ഒരു സൂത്രധാരൻെറ നിലയിൽ മനോയവനികയുടെയുള്ളിൽ മറഞ്ഞുനിന്നുകൊണ്ടു് സമയോചിതങ്ങളായ വിവിധവേഷങ്ങളണിയിച്ചു്, പലപല വികാരങ്ങളെ പ്രദർശിപ്പിക്കാൻ നമ്മെ ലോകരംഗത്തിലേയ്ക്കു് വിടുകയാണ് എന്നൊരനുമാനം ചെയ്യാമെങ്കിൽ അതേറെക്കുറെ ശരിതന്നേയായിരിക്കും.

പ്രേമം നിത്യവും അനഘവും അനുപമവുമായ ഒരു വിശിഷ്ടസമ്പത്താകുന്നു. അതു് അങ്ങാടികളിൽ നിന്നു് വിലയ്ക്കു കിട്ടാവുന്നതോ, മലകളിൽനിന്നു് കുത്തിയിളക്കിയെടുക്കാവുന്നതോ ആയ ഒന്നല്ല. ചെററക്കുടിയിലും കൊട്ടാരക്കെട്ടിലിലും അതു് ഒന്നുപോലെ പരിലസിക്കുന്നു. അമ്പെയ്തു ലാക്കു് മുറിച്ചു് ധീരധീരന്മാരായ സാർവ്വഭൌമന്മാരുടെ തലതാഴ്ത്തിയ വില്ലാളിവീരനായ മദ്ധ്യമപാണ്ഡവനിൽപ്പതിഞ്ഞ രാജപുത്രിയായ പാഞ്ചാലിയുടെ ദൃഷ്ടിയിലും, കാലത്തുഴക്കു കഞ്ഞിവെള്ളം മോന്തി വല വീശാൻ പോയി അന്തിയാകുമ്പോൾ തിരിച്ചണയുന്ന കെട്ടിയോനിൽ' ആ വെട്ടുവത്തരുണികളുടെ "കടാക്ഷശാസ്ത്രപ്പകിട്ടുനേടാത്ത വിടൎന്നകണ്ണാ"ലുള്ള നോട്ടത്തിലും അടങ്ങിയിരിക്കുന്ന പരംപൊരുൾ ഒന്നുതന്നെയാണു്. അതു് നാകഭൂലോകങ്ങളെ ഒന്നിപ്പിക്കുന്ന ഒരൊററദ്ദിവ്യശൃാംഖലയാണു്. നശ്വരവും അസുന്ദരവുമായി അതിൽ യാതൊന്നുമില്ല. വസന്തൎത്തുവിൻെറ പ്രശാന്തസുന്ദരമായ ശാശ്വതനൎത്തനത്തിനും രമണീയവസ്തുക്കളുടെയെല്ലാം വിളയാട്ടത്തിനും അതു സങ്കേതമാണു്. അതു് അനുക്ഷണം നൂതനമായിക്കാണപ്പെടുന്ന ഒരു തേജഃപുഞ്ജമത്രേ! പ്രണയം വഴിഞ്ഞൊഴുകുന്ന കണ്ണിൽപ്പെടുന്ന പദാൎത്ഥങ്ങളെല്ലാം അഭിനവവും അഭിരാമവുമായിരിക്കും. "തിങ്കൾക്കളിർക്കതിരിലഞ്ജനവും വെളുക്കു"മല്ലോ. ഷേക്ക്സ്പീയർ മഹാകവി ഒരു കഥയിൽ വൃദ്ധയായ സഹധൎമ്മചാരിണിയോടു് അവളുടെ നായകനെക്കൊണ്ടു് പറയിക്കുന്നതിങ്ങനെയാണു്. "പ്രിയേ, എൻെറ കണ്ണു് ഭവതിയെ

നവയൌവന വിലാസിനിയായിത്തന്നേ കാണുന്നു.” “പ്രേമപരിപാകായത്തം വസ്തുനിസ്സൌന്ദര്യം നാമ”എന്നു മറെറാരു കവീശ്വരനും പറഞ്ഞിട്ടുണ്ടു്. പ്രണയി ഇഷ്ട ജനത്തെ നിമേഷശൂന്യങ്ങളായ മിഴികൾകൊണ്ടു് ഉററു് നോക്കി ആത്മവിസ്മൃതിപൂണ്ടു് നിഷ്പന്ദമായി നിന്നു പോകയെന്നതു് ഒട്ടും അപൂൎവ്വമല്ല. പ്രേമി കാണുന്നതും കേൾക്കുന്നതുമെല്ലാം സാധാരണീയമായിരിക്കയില്ല. പ്രണ യദൃഷ്ടിയിൽ പതിയുന്ന ലാവണ്യം അപൂൎവ്വവും അന്യാദൃ ശവുമാണു്. ആ ദൃഷ്ടിയുടെ സൂക്ഷ്മവീക്ഷണം അന്ധതിമിര പടത്തിലും ഇരുളടഞ്ഞ കന്ദരത്തിലും നിലീനമായ സൌന്ദ ൎയ്യത്തെ കണ്ടുപിടിക്കാറുണ്ടു്. നാഗരികാംഗനാരസിക നായ ദുഷ്ഷന്തൻെറ പ്രണയകടാക്ഷം, “മാനോടൊത്തു വളൎന്ന മന്മഥകഥാഗന്ധം ഗ്രഹിക്കാ”തെ സംസ്കാരശൂ ന്യയായി കാട്ടിൽക്കിടക്കുന്ന തപോധനോച്ഛ്വസിത ത്തിൻെറ ലാവണ്യസമുദ്രത്തിൽ കേരിമീൻകളി’ക്കുകയാ ണല്ലോ ചെയ്തതു്. കുഷ്ഠം പിടിച്ചു് വരണ്ട പ്രാണേശ്വ രൻെറ ഹിതമറിഞ്ഞു് ശുശ്രൂഷിക്കാനും, ആ കൈയലമ്പിയ എച്ചിലിലയിലേ ഉച്ഛിഷ്ടം ഭുജിക്കാനും ശീലാവ തിയെ പ്രേരിപ്പിച്ചതു് അവളുടെ നിൎവ്യളീകമായ ഭൎത്തൃ പ്രണയമല്ലേ? ഒരു കവി, ശ്വിത്രിണിയായ തൻെറ പത്നിയെ “പ്രിയദൎശനേ” എന്നുവിളിച്ചു് മാറോ ടണച്ചുപോലും! രസികാഗ്രേസരനായ മറെറാരാൾ പതിത യായ പത്നിയുടെ മലീമസമായ മാനസച്ചളിയിൽ ജന്മാ ന്തരത്തിലെങ്കിലും ഒരു പൊൻതാമരയുണ്ടായേക്കാമെന്നു് ഭാവനചെയ്തു് അതിൻെറ പരിമളം ആഘ്രാണംചെയ്തു

വെന്ന കഥയും ഇവിടെ സംസ്മരണീയമാണു്. ഭർത്താവിൻെറ ആജ്ഞയ്ക്കനുസരണമായി അഗ്നിപ്രവേശംചെയ്ത സീതാദേവിക്കു് അമൃതമജ്ജനാനന്ദമാണല്ലോ ലഭിച്ചതു്. ലക്ഷ്മണകുമാരനാൽ ഛേദിക്കപ്പെട്ട മേഘനാദൻെറ ശിരസ്സ് സുലോചനാദേവിയുടെ ദയനീയമായ വിലാപം കേട്ട സമയം അവളെ സാന്ത്വനവാക്യങ്ങൾകൊണ്ടു് സന്തോഷിപ്പിച്ചുപോലും! കിംബഹുനാ, പ്രേമത്തിനു് അസാദ്ധ്യമായി ലോകത്തിൽ ഒന്നുംതന്നെയില്ലെന്നാണു് ഭാരതീയകവിതകളിലെ തീരുമാനം. "അതു് വിരൂപത്തിൽ സൌന്ദര്യവും രമണീയവസ്തുവിൽ പരിശുദ്ധതയും, പാവനപദാർത്ഥങ്ങളിൽ ദിവ്യത്വവും തോന്നിക്കുന്നു." കൊന്ത്രമ്പല്ലും മുടന്തുകാലും പൂച്ചക്കണ്ണുമെല്ലാം വൈരൂപ്യസ്ഫോരകങ്ങൾ തന്നെയാണു്; എന്നാൽ പ്രണയക്കണ്ണുകളുടെ നോട്ടം അതിലൊന്നിലുമായിരിക്കയില്ല. ആ മിഴിയിൽ ആ വൈരൂപ്യംതന്നെ ലാവണ്യശേവധിയായി പ്രതീയമാനമാകുന്നു. രാധാദികളായ സുന്ദരീരത്നങ്ങളാൽ പരിവൃതനായ ശ്രീകൃഷ്ണഭഗവാൻ ആ കുബ്ജയെ പരിഗ്രഹിച്ചതിൻെറ രഹസ്യം ഇതുതന്നേയാകുന്നു. പ്രേമധനനായ അദ്ദേഹം അവളുടെ പ്രാകൃതത്വത്തേയോ, ആഭിജാത്യക്കുറവിനേയോമറ്റോ ആലോചനാവിഷയമാക്കിയില്ല. കണ്ടോ കേട്ടോ നിഷ്കാമമായി പൊട്ടുന്നനവേ പ്രത്യക്ഷമാകുന്ന പ്രണയം മററു് സർവ്വചിന്തകളേയും തന്നിൽ ലയിപ്പിക്കുന്നു.

പ്രേമം യഥാർത്ഥമായും നിഷ്കളങ്കമായും വികസിക്കുന്നതു് സംസ്കൃതവും പരിപൂതവുമായ ഹൃദയത്തിലാകുന്നു. മനസ്സംസ്കരണം വിദ്യാഭ്യാസനരീതിയെ ആസ്പദമാക്കിയുണ്ടാകേണ്ട ഒന്നാണു. ആധുനികവിദ്യാഭ്യാസരീതി മാനസശുചീകരണവിഷയത്തിൽ എത്രമേൽ പര്യാപ്തമാണെന്നതു് ചിന്താവിഷയമാകേണ്ടതാണു്.

---

# മനഃസംസ്കാരം

പരമാത്മവിഷയങ്ങളിൽ മനസ്സിരുത്തുവാൻ ഭാഗ്യം സിദ്ധിച്ചവരുടെ ശ്രദ്ധയെ സമാകൎഷണം ചെയ്യത്തക്ക വചനശൈലികൾ—വിശന്നുഴലുന്ന ജീവനു് ചില ആഹാരദ്രവ്യങ്ങൾ തികച്ചും സത്യമാണെന്നു് പിൽക്കാലത്തു ആൎക്കും തോന്നപ്പെടുന്ന ചില തത്വങ്ങൾ—അന്തഃകരണത്തിൽ ജനിച്ചുവളരുന്ന വിചാരപരമ്പരയെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനു് ദുഃഖഭൂയിഷ്ഠമായ പ്രാപഞ്ചികജീവിതത്തിൽ അവശ്യം ഉഴിഞ്ഞുവെയ്ക്കപ്പെടേണ്ട ഏതാനംനിമിഷങ്ങൾ—നമുക്കു് കവിവാണിയിൽ തെളിഞ്ഞുകാണാൻ കഴിയും. അവയിൽ നിന്നു് നമുക്കു് ആവോളം ആസ്വദിക്കാം; നമുക്കു് പഠിക്കാം; അവ നമ്മെ 'എന്നും കുന്നും' പ്രതീക്ഷിക്കും.

ലൌകികജീവിതത്തിന്റെ മോഹനമായ വശത്തെ കണ്ടുപിടിക്കുവാൻ ബദ്ധശ്രദ്ധനായ മനുഷ്യനു്,

"ഞാനാരാണു? ജനിച്ചതെന്തി? നെവിടെ-
പ്പോകുന്നു? വേണ്ടപ്പെട്ട-
ന്നോനാ? രെന്നിവനന്ത? മെങ്കിലെത്രതാൻ
പിന്നീടെനിക്കാസ്പദം?
നാനാത്വത്തൊടു കാണുമിപ്രകൃതിയെ-
സ്സൃഷ്ടിച്ചതാരെന്തിനെൻ-
ജ്ഞാനാഗോചരമാണിതൊക്കെ; യതിനാൽ-
ക്കത്തുന്നു ചിത്തം സദാ."

ഈ പദ്യത്തിൽ നിന്നു തെളിയുന്ന ചോദ്യങ്ങളെ പ്രയോഗിക്കുവാൻ സമയവും സൌകൎയ്യവുമുണ്ടോ? വേണ്ടാ; അവൻെറ ഹൃദയത്തിൽ ഈവക ചോദ്യങ്ങളുടെ ബാലാങ്കുരമെങ്കിലും ഉണ്ടാകാറുണ്ടോ? ഇല്ലതന്നെ. അവനതിനു് ഇടമില്ല. മനുഷ്യായുസ്സു തിട്ടപ്പെടുത്തിവച്ചിരിക്കുന്നതു നൂററിരുപതു വൎഷമാണുപോലും! നമ്മുടെ ആശയുടെ പരമാവധിയായ സംഖ്യയുമാണിതു്. അതിൽ നേർപകുതിയും ചിന്താശൂന്യമായ സുഷുപ്തിയാൽ ആവൃതമായിരിക്കുന്നു. ജാഗ്രദ്ദശയിലെ അർദ്ധഭാഗം ബാല്യത്തിനും വാർദ്ധക്യത്തിനുമായി മാററിവെച്ചേ മതിയാവൂ. വ്യാധിവിയോഗദുഃഖാ'ദികളാലും സേവാദിവൃത്തികളാലും അവശിഷ്ടാംശം അന്തരാന്തരാ ആക്രമിതമാവുകതന്നെ ചെയ്യും. ഈ നിലയിൽ ഒരുവനു തൻെറ ക്ഷീണഹൃദയത്തെ സന്തൎപ്പണം ചെയ്തു്, ഞാനാരാണു്, എന്നാദിയായ ചോദ്യങ്ങളിൽ ഒന്നിനെങ്കിലും ഒരു സമാധാനം കണ്ടുപിടിക്കുവാൻ സമയമെവിടെ? അതുപോകട്ടേ; നമ്മുടെ മനസ്സു് അതിൻെറ സ്വതഃസിദ്ധമായ വേഗതയോടുകൂടെ ആ ഭാഗ്യപ്രശ്ന പരീക്ഷയിലേയ്ക്കു് എന്തുകൊണ്ടു പ്രവേശിക്കുന്നില്ല? ആ പരീക്ഷയിൽ വിജയം സമ്പാദിച്ചു് ബിരുദം നേടുന്നപക്ഷം തൊഴിലില്ലാസ്സങ്കമ്മെററിയുടെ മുമ്പാകെ മൊഴി കൊടുക്കുവാനോ, ഉദ്യോഗസ്ഥമേധാവികളുടെ ദ്വാരപാലകത്വം യാചിക്കുവാനോ, നുണയും ചതിയും മാറാപ്പാക്കി നടപ്പാനോ ആൎക്കും ഇടവരികയില്ല. തനിക്കുവേണ്ട സമ്പത്തത്രയും ഇരുമ്പുപെട്ടിയേക്കാൾ സുരക്ഷിതവും സുശക്തവുമായ കരളിൽ സമുദിതമാകുന്ന

ത്തോടുകൂടി, "നമ്മെ ച്ചതിക്കുന്നതിനായി നമ്മുടെ ബുദ്ധിയെ നാമിത്രയുംകാലം അനുവദിച്ചതു് എത്രയോ വിവേകശൂന്യമായിപ്പോയി" എന്നു നാം അറിഞ്ഞുതുടങ്ങും. ആത്മാവു് അലസമായിരിക്കുമ്പോൾ അന്തഃകരണശക്തി ആൎക്കും അധീനമല്ല. അപ്പോൾ മനസ്സു തോന്നുന്നിടത്തേയ്ക്കു മനുഷ്യനെ നയിക്കുന്നു. ആ വ്യാമോഹത്തിൽനിന്നു് നാം നിവൃത്തരാവുമ്പോൾ നമ്മുടെ സമാധാനത്തിന്റെ ലംഘകന്മാർ ആരൊക്കെയാണെന്നു നാം നമ്മുടെ കരണങ്ങളോടു ചോദിക്കും; പരമാൎത്ഥം നാം അറിയും. അപ്പോൾ നാംതന്നെ വിളിച്ചുപറയും, "സ്വഹിതകരണധൂൎത്തേന്ദ്രിയൈൎവ്വഞ്ചിതോസ്മി"എന്നു്. "താന്തോന്നികളായ ഇന്ദ്രിയങ്ങൾതന്നെ എന്നെച്ചതിച്ചുകളഞ്ഞു.

സാംസാരികദൃഷ്ട്യാപ്രകൃതിയിലെ മോഹനങ്ങളായ വസ്തുക്കളെപ്പററിയുള്ള ആ ദുരാശ അല്പനേരത്തേയ്ക്കെങ്കിലും ഒന്നു് അടങ്ങട്ടെ; അതു് ഒരു നവോന്മേഷത്തിന്റെ കാല്യവേലയായി പരിണമിക്കട്ടെ. അതിനുശേഷമാവാം പ്രകൃതിപദാൎത്ഥങ്ങളുടെ മൂല്യത്തെ നിൎണ്ണയിക്കുവാൻ.

മരണത്തിന്റെ കരുത്തിരുണ്ട നിഴൽ ജനനംമുതൽ ജീവിതത്തെ ആവരണം ചെയ്തിരിക്കുന്നു. ക്ഷണപ്രഭാചപലമായ യൌവനം ജരയാൽ ആപീഡിതമാകുന്നു. പണക്കൊതിയുടെ തള്ളിച്ചകൊണ്ടു് വാസ്തവമായ സന്തോഷത്തിന്റെ കണികപോലും ഇല്ലാതാകുന്നു. കമനീമണികളുടെ കളവിലാസങ്ങളാൽ സമാകൃഷ്ടനാവുന്നതുകൊണ്ടു് മനസ്സമാധാനമെന്നതു ശൂന്യമായിത്തീരുന്നു. മാത്സൎയ്യ

ദോഷോപഹതസ്വഭാവികളാൽ ഗുണങ്ങളത്രയും തിരോഹിതങ്ങളാകും. വിഷവീൎയ്യമുള്ള സൎപ്പങ്ങളുടെ ശൂല്ക്കാരത്താൽ ആകുലിതമായ അടവീതടം ആവാസത്തിന് ഏതും യോഗ്യമാകയില്ല. രാജാവിൻെറ രക്ഷാകരം ഒരുവക ചെവികടിയന്മാരാൽ സംപൃക്തമാകാം. ഒരു നിശ്ചയവുമില്ലാത്ത പ്രകൃതമായതുകൊണ്ടു ധൈൎയ്യം നിശ്ശേഷം നീങ്ങിയേക്കാം. ദുർദ്ദിവസാഗമത്തെ സൂചിപ്പിക്കുന്നവയാണിവയെന്നു നാമപ്പോൾ നിശ്ചയമായും അനുമാനംചെയ്യും. അസുഖം അകത്തടത്തേ സ്പർശിക്കുമ്പോഴേ അഭ്യൂഹത്തോടു നാം സ്വാഗതം പറയു. നമ്മുടെ ശത്രുക്കളുടെ അധീനത്തിലല്ലാതെ, നമ്മുടെവകയായി നമുക്കു വല്ലതുമുണ്ടോ? യാതൊന്നുമില്ലെന്നു സധൈൎയ്യം തന്നെപറയാം.

ജീവിതമെന്നതു് ദൈവത്തിനു നല്കുവാൻ കഴിയുന്ന അനുഗ്രഹങ്ങളിൽവെച്ചു് അത്യല്കൃഷ്ടമായ ഒന്നാണെന്നു് തത്വജ്ഞാനികൾ പറയുന്നു. നല്ലൊരു ചോരത്തിളപ്പിൻേറയോ, മനസ്സിനെ സംതൃപ്തമാക്കി സ്വാധീനപ്പെടുത്താനുള്ള ഒരു സ്ഥിരനിശ്ചയത്തിൻേറയോ, സാഹായ്യംകൂടാതെതന്നെ ആ വികസിതമായ പുണ്യത്തെ നമ്മിൽ നിലീനമാക്കുന്ന ഒരു അപ്രമേയശക്തി നമുക്കു തന്നെയുണ്ടു്. "ഞാനൊരു സമ്പന്നനോ പിശുക്കനോ ആവാനൊരു"ങ്ങുകയില്ല; ഞാൻ കഴിഞ്ഞുകൂടുവാനുള്ള വകകൊണ്ടു തൃപ്തനാകും" എന്നാണു് അപൂൎണ്ണനായ വേദാന്തിയുടെ വാക്യം. "ഏതു ഭാവത്തിൻേറയും ഒളിയേന്തിയ ഭാഗംമാത്രം ദൎശിക്കപ്പെടുന്നവൎക്കു് ഈ ലോകം

നല്ലതുതന്നേ" എന്നാണയാൾ പ്രവചിക്കുന്നതു്. മരണം ജീവിതത്തിലെ സൽസ്വപ്നങ്ങൾക്കു വിഷയമാകാൻ പോകുന്നുവെന്നു്, കുഴിയിൽ കാൽനീട്ടിയിരിക്കുന്ന കാലത്തുപോലും മനസ്സിലാക്കാതെ, "ഞാനെന്തിനു മരണത്തെപ്പേടിക്കുന്നു?" എന്നു് മനുഷ്യർ അഹങ്കരിക്കുന്നു. ആശയുടെ അഭയസ്ഥാനമാകുന്ന—അതായതു്, ഭാഗ്യദിവസം ഉദിക്കുന്നതുവരെയുള്ള ദുർഭാഗ്യങ്ങളെ സഹിക്കുവാനുള്ള ആത്മശക്തി—സ്വരക്ഷ—പുരുഷത്വത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

ഓമനിച്ചു വളർത്തപ്പെട്ട ഒരു യുവാവു് സ്വജീവിതയാത്രാമാർഗ്ഗത്തിൽ കിടക്കുന്ന കഷ്ടതകളേയൊ ആകർഷണീയങ്ങളേയൊ കാണുന്നില്ല. പ്രപഞ്ചവും അതിൻെറ പകർച്ചയും അയാളുടെ പൂർവ്വനിശ്ചയങ്ങളെ പകുതിയും ദൂഷിപ്പിച്ചതായി അയാൾ കാണുന്നു. തൻെറ നിയമങ്ങളുടെ മര്യാദയെ പാലിക്കുന്നതിൽ തനിക്കു നേരിട്ട അശക്യതയെപ്പററി അപ്പോഴയാൾ നല്ലവണ്ണമറിയുന്നു. ദയയ്ക്കും സ്നേഹത്തിനും പകരം വെറുപ്പും വിരോധവും കാണുമ്പോൾ അയാളുടെ ഹൃദയം തൽപൂർവ്വമായി ഞെട്ടുകത്തിൻെറ മാതിരിയെ മനസ്സിലാക്കുന്നു. ജീവിതത്തിൽ താനുന്നിവച്ചിട്ടുള്ള നിശ്ചയങ്ങളിൽ ചിലതിൻേറയെങ്കിലും നിർവ്വഹണത്തിനു് അതു കുറേക്കൂടി കെട്ടതിയുണ്ടാക്കുന്നതാണു്. ഈ കുഴപ്പങ്ങൾക്കിടയിൽ അവിവേകിയും "തരംനോക്കി"യുമായ അമ്പൻ ഒന്നുരണ്ടുതവണയെങ്കിലും ക്രൂരമ്പിൻെറ മുനകൊണ്ടു് അയാളെ കുത്തിവെയ്ക്കാതിരിക്കയില്ല. അയാളുടെ

മനഃപ്രസാദം അപ്പോൾതന്നെ മങ്ങുകയായി. വിചാരപ്പ നിയുടെ മൂർച്ഛയിൽ ഭയം ജീവിതത്തെ കുത്തിത്തുളയ്ക്കുന്നു. രാഗം പരിവാരമൊന്നിച്ച് അയാളെ കരുമനപ്പെടുത്തിത്തു ടങ്ങുന്നതിനാൽ അയാളുടെ ഹൃദയം തനിക്കുതന്നെയും അധീനമല്ലാതാവുകയായി. യുവാവ് അവയുടെ പാദങ്ങ ളിൽ വീഴുന്നു; അവയെ തന്റെ മേലധികാരികളായി ഗണിക്കുന്നു; അടിമത്തത്തെ താൻതന്നെ തലയിൽ ചൂടു ന്നു. അതഃവരെ നല്ല ചോരത്തുടിപ്പാന്ന അയാളുടെ കപോലം അപ്പോൾ വെള്ളക്കൊടി പൊക്കിപ്പിടിക്കു കയായി.

വൃദ്ധനും ക്ഷീണിതനും ദയനീയമായ മനഃക്ലേശ ത്താലും അസ്വാസ്ഥ്യതകളാലും തങ്ങളുടെ ഓരോ നിമിഷ ത്തേയും വ്യർത്ഥമായി വ്യയംചെയ്തുകളയുന്നു. മരണമാകുന്ന കൊയ്ത്തുകാരൻ അരിവാളുമായി അടുത്തടുത്തു വരുന്നതു കണ്ടു് വൃദ്ധൻ ഭീതഭീതനായി വേഗംഭാവിച്ച് പുറകോട്ടി ഴയുന്നു. ജരയാകുന്ന പെൺപുലി ശരീരത്തെ തിന്നുതിന്നൊ ടുക്കുന്നു. ഒരിക്കലും തൃപ്തിയടയാത്ത ശത്രുക്കളെന്നപോലെ രോഗങ്ങൾ ദേഹത്തെ പിടികൂടി "താറുമാറാക്കുന്നു." പൊട്ടക്കുടത്തിൽനിന്നു വെള്ളമെന്നവണ്ണം വിലപിടിച്ച സമയം നമ്മെ വിട്ടൊഴിഞ്ഞുപോകുന്നു. ഇങ്ങിനെയൊ ക്കെയാണെങ്കിലും മനുഷ്യൻ ആത്മോപദ്രവകരങ്ങളായ ദുർവ്യവസായങ്ങളെ ചെയ്തുകൊണ്ടുതന്നെ ഇരിക്കയാണു് എന്നതു് വിസ്മയനീയംതന്നെ. ധമ്മപുത്രരുടെ തിരുവായ് മൊഴി ഇവിടെ സ്മർത്തവ്യമാകുന്നു.

"അഹന്യഹനി ഭൂതാനി
പ്രവിശന്തി യമാലയം;
ശേഷാ സ്ഥാവരമിച്ഛന്തി
കിമാശ്ചര്യമിതഃ പരം"

എന്നാൽ, ഇങ്ങനെയുള്ള "ഏടാകൂട"ങ്ങളിൽ നിന്നു വിമുക്തിനേടാൻ എന്താണുപായം?

ശിവനു വാസുകിയുടെ വിഷവീര്യത്തെപ്പററി പേടിയോ അമ്പിളിയുടെ അമൃതപൂരത്തിൽ ആനന്ദമോ ഇല്ല. കപാലമാല അണിഞ്ഞതിനേ സ്മരിച്ച് ഒരു അശുദ്ധചിന്തയോ ഗംഗാജലം ധരിച്ചിരിക്കുന്നതോർത്ത് ഒരു പാവനത്വവിചാരമോ അദ്ദേഹത്തിനില്ല. ചുടലച്ചാമ്പലിൽ വെറുപ്പോ, ഗൌരീസ്തനാലിംഗനത്തിൽ പ്രത്യേകമൊരു സുഖമോ ആ ഭാവനയിലില്ല. ഹിതത്തിനും അഹിതത്തിനും പരമശിവൻെറ മനോവൃത്തി തുല്യമാകുന്നു. അതിനു കാരണം അദ്ദേഹം ആത്മാരാമനാണെന്നതാണ്. അങ്ങനെയുള്ള ശിവബിംബത്തെ നാം ആരാധനാലക്ഷ്യമാക്കുക. കോടാനുകോടി ജന്മങ്ങളാൽ സമാർജ്ജിതങ്ങളായ മനോമാലിന്യങ്ങളെ നിശ്ശേഷം ദൂരീകരിക്കുവാൻ ഏതാദൃശമായ വിചാരത്തിൻെറ ശകലംമാത്രം മതിയാകും. ഗുണബ്രഹ്മത്തെ നീരസപ്പെടുന്നവരും, നിരാകാരമായ പരബ്രഹ്മത്തെമാത്രം ധ്യാനിക്കുന്നവരുമായ യോഗികളെക്കൊണ്ട് അനേകശക്തികളുടെ കൂട്ടത്തിൽ ഹരന് പ്രത്യേകപദം കല്പിച്ചതിൻെറ ആന്തരാർത്ഥം നമുക്കിപ്പോൾ അവ്യക്തമല്ലല്ലോ.

'എല്ലാററിനും നാഥനായ മഹേശ്വരൻ, സർവ്വജഗത്തിൻേറയും അന്തരാത്മാവായ ജനാർദ്ദനൻ എന്നിവരിൽ യഥാത്ഥദൃഷ്ട്യാ വിഭിന്നതയില്ല; എന്നാലും ബാലചന്ദ്രനെ മുടിയിലണിഞ്ഞ ദേവനിൽ എനിക്കു് അധികമായ ഭക്തിയുളവാകുന്നു' എന്നൊരു മഹാൻ പറയുന്നു. ജ്ഞാതമായ ഈ പക്ഷപാതം മനുഷ്യമനസ്സിൻെറ സ്വാഭാവികമായ ഒരു വിലാസമാണു്. ആ മനസ്സിനു് ഉഗ്രവിചാരവും സമുന്നതവും വികസിതവുമായ പരിശീലനവുമുണ്ടു്. സൽകവിതയുടെ ജീവൻ ഗോചരവസ്തുക്കളെ ഈ ലോകത്തിൽ ബലഹീനങ്ങളായിക്കാണുന്നു. അഗോചരമായ വസ്തുവിൻെറ രൂപം കവിതയെ ആശ്രയിച്ചു് ഹൃദയത്തെ സ്പർശിക്കുന്നു. അഭേദബുദ്ധിയോടുകൂടിയ ധ്യാനം നമ്മെ പ്രപഞ്ചത്തിൽ നിന്നു രക്ഷിക്കുന്നു. പ്രാപഞ്ചികജീവിതത്തിലെ സകല വ്യാകുലതകളേയും ആ വിചാരം അകററിക്കളയുന്നു. അജ്ഞാനത്തെ തള്ളിമാററി നമുക്കു് പ്രഹർഷണകാരണമായിത്തീരുന്നതും ആ സദ്ധ്യാനമൊന്നു മാത്രമാണു്. സാംസാരികോദ്വേഗങ്ങളാൽ പരിക്ഷീണിതമായ സർവ്വഹൃദയത്തിൽ നിന്നും സമുത്ഭൂതമാകുന്ന പ്രാത്ഥനാസമുച്ചയമത്രയും അദ്ദേഹത്തിൽച്ചെന്നു ലയിക്കുന്നു.

"ഏകാകീ നിസ്പൃഹഃ ശാന്തഃ
പാണിപാത്രാ ദിഗംബരഃ
കഥം ശംഭോർഭവിഷ്യാമി
കമ്മനിമ്മൂലനക്ഷമഃ"

അല്ലയോ പ്രഭോ; ഏകനും ആശാരഹിതനും ശാന്തനും ഭിക്ഷാത്ഥിയും ദിഗംബരനും ആയി അടിയൻ എന്നാണു് സകല കമ്മബന്ധങ്ങളേയും മോചിപ്പിക്കുവാൻ ശക്തനാവുക! അടിയനെന്നാണു് നിഷ്ക്കല്മഷമായ മനസ്സംസ്കാരം സിദ്ധമാവുക!

# വ്യവസായം

ഒരു കച്ചവടക്കാരൻ അയാളുടെ ചരക്കുകൾ ചെല വാക്കി പണമാക്കാൻ എപ്പോഴും പണിയെടുക്കുന്നു; പോർമല്ലനായ ഒരു പോരാളി അടർക്കിടയിൽ വെന്നി ക്കൊടി നാട്ടാൻ 'ഉരിശം' കൂട്ടുന്നു; മിടുക്കനും കരൾ തെളി ച്ചുമുള്ള വനുമായ കുട്ടി അറിവു നേടാനും മററുമായി തയാ റാവുന്നു; കൊതിച്ചതു കൈക്കലാക്കാൻ നല്ല നെഞ്ഞുറ പ്പോടുകൂടി ഞായത്തെത്തുടൎന്നു ചെയ്യുന്ന ഓരോ വേലയും ഓരോ "വ്യവസായ"മാകുന്നു.

ശരീരം പ്രവൃത്തിക്കായിരചിക്കപ്പെട്ടതാണു്. നമ്മുടെ മാനസികവും ശാരീരികവുമായ ശക്തിവിശേഷങ്ങളത്രയും വ്യവസായാനുകൂലങ്ങളാകുന്നു. അങ്ങനെയല്ലാത്ത പക്ഷം, കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും അനാവശ്യകങ്ങൾ തന്നെ. ഉദ്ദേശ്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ടവയെ അതറി ഞ്ഞു് ഉപയോഗപ്പെടുത്താതെ ഇരുന്നാൽ, അവ നിരൎത്ഥ ങ്ങളായ സൃഷ്ടികളാകുമല്ലോ. അതുകൊണ്ടു് അവ അലസ ങ്ങളാവാൻ അവസരം അരുളുന്നതു് ആശാസ്യമല്ല. ഇന്ദ്രി യങ്ങളെ മന്ദബലങ്ങളാക്കിയാൽ ജീവിതത്തെ മുന്നോട്ടു നയിക്കുവാൻ സാദ്ധ്യമല്ല. സാദ്ധ്യങ്ങളെ നേടുകയെന്ന താണു് ഇന്ദ്രിയങ്ങളെക്കൊണ്ടുള്ള ഫലം; അവയ്ക്കു പര്യാ പ്തമായ പ്രവൃത്തി നാം കൊടുക്കുന്നില്ല എങ്കിൽ, അനന്ത ങ്ങളും അജയ്യങ്ങളുമായ ആശകളാൽ മനുഷ്യജീവിതം കണ്ണീർതൂവിത്തന്നെ കുഴിയിൽ പെട്ടുപോകുന്നു. വ്യവസാ യികൻ പ്രകൃതിയിലെ ദൃശ്യങ്ങളെ പരിഷ്കരിക്കുകയും പരി

പാലിക്കുകയും ചെയ്യുന്നു. അയാൾ വേണ്ടപ്പെട്ടവയെ വേണ്ടുന്നയിടങ്ങളിൽ ഉറപ്പിക്കുന്നു; ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവയെ ഉപയോഗപ്പെടുത്തുന്നതിനായി സന്നദ്ധങ്ങളാക്കുകയും ചെയ്യുന്നു.

സാന്മാർഗ്ഗികമായി, ആഴിയിൽ തിരയെന്നോണം ചെയ്യപ്പെടുന്ന അനുചിന്തനം മനസ്സിൻെറ നല്ലൊരു വ്യവസായമാണ്. ഓരോ വിഷയത്തിലും സമീചീനമായ ഭാവനയെ ഉത്തേജിപ്പിക്കുന്നതിനുള്ള ശക്തിയെ അതു് ഹൃദയത്തിനു കൊടുക്കുന്നു. ഓരോ കാര്യങ്ങളിലും നിരന്തരമായി വ്യാപരിപ്പിക്കുന്നു എന്നതുകൊണ്ടു് ഹൃദയം അചിരേണ അതിശയനീയമായ പ്രഭാവത്തെ പ്രാപിക്കുന്നു.

ശാരീരികമായ പരിശ്രമം ഇന്ദ്രിയങ്ങളെ ശുദ്ധങ്ങളും സുഖാത്മകങ്ങളുമാക്കുന്നു. ശരീരത്തിൽ അങ്ങുമിങ്ങും കെട്ടിക്കിടക്കുന്ന അഴുക്കുകളേയും, മാംസപിണ്ഡങ്ങളേയും അകററി, അലഞ്ഞുകിടക്കുന്ന രോമസുഷിരാദികളെ തുറക്കുവാൻ ആ പരിശ്രമം കൂടിയേ കഴിയൂ. അതാതംഗങ്ങൾക്കു് ആവശ്യമുള്ള ബലത്തെ സംഭരിക്കുവാനും ശരീരധാരണത്തിനു വേണ്ടത്ര ചൂടിനെ എല്ലായിടത്തും സമീകരിച്ചു നിറുത്തുവാനും വ്യവസായം ഒഴിക്കാൻപാടില്ലാത്ത ഒന്നാണ്. ദൈഹികമായ പരിശ്രമം കൂടാതെ ആരോഗ്യപരിപാലനം ചെയ്വാനോ, ജീവിക്കാൻ തന്നെയോ സാദ്ധ്യമല്ല. എപ്പോഴും നല്ലവണ്ണം ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിലേ മാധുര്യവും നൈർമ്മല്യവും കലന്ന ജലം ലഭിക്കുകയുള്ളൂ. ദുർഗ്ഗന്ധപൂർണ്ണവും രോഗാണുസങ്കലിതവുമത്രെ തടാ

കജലം. കാരേററവു സുഖിക്കാൻ പററിയ സ്ഥലം കല്ലറയല്ല; മൈതാനമാണു്. എന്നു് ഏവരും സമ്മതിക്കും. ഇരുമ്പിരുന്നാൽ തുരുമ്പുപിടിക്കും; ചിരകാലം പെട്ടിയിൽ പൂട്ടിവെയ്ക്കപ്പെടുന്ന കനകാഭരണത്തിൻെറ പോലും കാന്തിക്കൊരു മങ്ങലുണ്ടായിപ്പോകുന്നു. ഒരു തുടച്ചുമിനുക്കൽ കൂടാതെ അതു് ഉപയോഗിക്കാൻ വിലാസിനിമാരൊക്കെ ഒന്നു മടിക്കും. ഉഴുതുകീറി വിതയ്ക്കപ്പെട്ട ഭൂമിയിൽ നിന്നു് വിശിഷ്ടഫലങ്ങളുളവാകുന്നു; തരിശുനിലത്താകട്ടെ താളും തകരയും തെരുതെരെ വളരുകയായി.

ഇരിക്കുന്നതു് ഇരുന്നു നരകിക്കും; ഇളകുന്നതു് ഇളകിയുറയ്ക്കും. സകല ജീവജാലവും പരിശ്രമംകൊണ്ടു് ആരോഗ്യത്തെ സുരക്ഷിതമാക്കുന്നു. വിധിനിശ്ചയത്തിനു് അനുഗുണമായവിധം താന്താങ്ങളുടെ കർമ്മങ്ങളിൽ വ്യാപരിക്കുവാൻ സമുത്സുകങ്ങളാവുകയും ചെയ്യുന്നു. നമ്മുടെ അകത്തും പുറത്തുമുള്ള ശക്തികളെ അനുസ്യൂതമായ അഭ്യാസംകൊണ്ടു് അനുഗുണങ്ങളായ കർമ്മങ്ങളിലേക്കു് സംക്രമിപ്പിക്കാൻ നമുക്കു സാധിക്കണം; നിരന്തരമായ പരിശ്രമം നമുക്കുണ്ടായിരിക്കണം; അത്രേ വേണ്ടു.

ആലസ്യം അഥവാ മടി, ലോകത്തെ നിരന്തരദുഃഖത്തിലിട്ടു നട്ടം തിരിക്കുന്നു. ഒരുവൻ ആയുഷ്കാലത്തിൽ അനുഭവിക്കുന്ന ദുരിതങ്ങളിൽ ഏററിയകൂറും മടിയുടെ സന്താനമാണെന്നു നിഷ്പ്രയാസം പറയുവാൻ കഴിയും. സിമർമാൻ (Zimmerman) ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്.

"Which is real hereditary sin of humanity?
Do you imagine that I shall say pride or luxury
Or ambition ? No! I shall say indolence
He who conquers that, can conquer all."

ലോകത്തിന്നു പരമ്പരയായി വന്നുകൂടുന്ന പാപം ഏതാണു്? അഹങ്കാരം, ദുർവ്യയസ്വഭാവം, അതികൊതി ഇവയിൽ വല്ലതുമാണോ?' ആരെങ്കിലും ഇങ്ങനെയൊന്നു ചോദിക്കട്ടെ; ഞാൻ പറയും, 'മടിയാണു് ആ ദുരിതം' എന്നു്. ആരാണോ ഒന്നാമതായി മടിയെ ജയിക്കുന്നതു് അവൻ ലോകത്തെ ജയിക്കും.

മേൽപറഞ്ഞ വാക്യങ്ങളുടെ അന്തരാൎത്ഥം വളരെപ്പേരും ആലോചിക്കുന്നില്ല. വംശപാരമ്പര്യമായി വന്നുകൂടുന്ന പാപമാണു് മടി എന്നു് എങ്ങനെ പറയാം? മനുഷ്യസ്വഭാവം തന്നെ മടിയുടെ ബദ്ധശത്രുവാകുന്നു എന്നു പ്രായേണ പണ്ഡിതന്മാർ സമ്മതിക്കുന്നു. എന്നാലും ലോകത്തിൽ മടിയന്മാർ ഒന്നല്ല, രണ്ടല്ല, ആയിരവുമല്ല എന്നു് എല്ലാവൎക്കും അറിയാവുന്നതുതന്നെ.

പ്രകൃതി, ആലസ്യത്തെ അല്പവും സഹിക്കുന്ന കൂട്ടത്തിലല്ലയെന്നതു്, അതിനെ ഒന്നു പരിശോധിച്ചാൽ ആൎക്കും അറിയാം. എന്നാൽ പിന്നെ ആ പ്രകൃതി എങ്ങനെ ആലസ്യമവലംബിക്കാനാണു്! ഗേഥേ പറയുന്നു;-

"സന്തതവികൃതേഃ പ്രകൃതേർ-
ന വിരാമോ ദൃശ്യതേ ജാതു!
സാ കില നിന്ദതിജഡതാം
ദുരിതപ്രായാം ദുരന്തതാം ച."

വിജ്ഞാനസ്ഫുടിതമായ എല്ലാ ഹൃദയത്തിൽനിന്നും ഇതേ അഭിപ്രായമാണു് ലോകത്തിൽ പരന്നിട്ടുള്ളതു്. നമ്മുടെ പരിതസ്ഥിതികളും ഇതിനെത്തന്നെ വെളിവാക്കുന്നു. നാമൊരാഴിക്കരയിൽ ചെന്നിരിക്കുമ്പോഠം, തിരകഠം ചുരുട്ടിക്കൊണ്ടുതന്നെ ഇരിക്കുന്ന കടലിൻെറ മിനക്കെടാത്ത ചെയ്വനകളേയോ, എത്ര വെട്ടിക്കിളച്ചു കളഞ്ഞാലും പിന്നെയും പിന്നെയും തലയുയർത്തി വരുന്ന മുത്തങ്ങാപ്പുല്ലിൻെറ നെറിയുററ ഉണർച്ചയേയൊ മറേറാ കാണുമ്പോഠം നേരറിയും, "എപ്പോഴും മാറിമാറി നിറം പകൎന്നുകൊള്ളുന്ന 'പ്രകൃതി' ഇടവിടാതെ ജോലി ചെയ്തു കൊണ്ടുതന്നെ ഇരിക്കയാണു്" എന്നു്!

'അങ്ങാദിത്യൻ' അംഗങ്ങളിലെങ്ങും സ്ഥലംപിടിച്ചിട്ടുള്ള പ്രകൃതിദേവി സൃഷ്ടിസംഹാരാദി കാൎയ്യങ്ങളിൽ എന്നും ജാഗരൂകയായിത്തന്നെ വൎത്തിക്കുന്നു. ഒരു നദി പറഞ്ഞുംകൊണ്ടു പോകയാണു്:—

"വരട്ടെ മാനവൻ, വരാതിരിക്കട്ടെ
ശരിക്കു ഞാൻ യാത്ര തുടൎന്നിടും ദൃഢം"

പ്രകൃതി മററുള്ളോൎക്കുവേണ്ടി എന്നും പണിയെടുക്കുന്നു; മനുഷ്യനോ, മിണ്ടാതിരുന്നു് മനപ്പാൽ നുകരുന്നു. പരിഷ്കാരത്തിൻെറ പിടിച്ചുകയററം പ്രായേണ ചെറുപ്പക്കാരെ "അനങ്ങാപ്രാണി" കളാക്കിയിട്ടുണ്ടു്. എൻെറ "മുത്തശ്ശി" പറയാറുണ്ടായിരുന്നു,

"അനങ്ങിയാലാമയമൊന്നിനൊന്നു
കനക്കുമാറുള്ളൊരു നിൻെറദേഹം
കാറേററവെന്നാൽമതി പഞ്ഞിപോലെ
പറന്നുപോവാ; നിതുതന്നെ ലോകം."
"ആരോഗ്യനാശത്തിനു ഹേതു കാല-
വ്യത്യാസമാവാം ചിലനേര, മെന്നാൽ
മിക്കപ്പൊഴും തന്നുടെ വൃത്തിയത്രേ
തൻദേഹസൌഖ്യത്തിനു മുഖ്യഹേതു."

ചിലർ പൂർവ്വസ്വത്തിനെക്കൊണ്ടും, മററുചിലർ വിധിവാമത്തെപ്പഴിച്ചും, വേറൊരു കൂട്ടർ കാലസ്ഥിതിയെ വിനിന്ദിച്ചും തങ്ങളുടെ ആലസ്യത്തെ മൂടിവെയ്ക്കുന്നു. അഥവാ അവരാരും തങ്ങളെ വഴിപിഴപ്പിക്കുന്നതു മൂത്ത മടിയാണെന്നറിയുന്നില്ല. തൊഴിലെടുക്കാത്തവരുടെ ഇടയിൽ തൊഴിലില്ലായ്മക്കമ്മെററി കമ്മട്ടം കാട്ടിപ്പിരിയുകയല്ലാതെ എന്തു ചെയ്‌വാനാണ്!!

കാലമറിഞ്ഞു വേലയെടുക്കുന്ന ചെറുചെറുപ്പുള്ള മിടുമിടുക്കന്മാരാണ് ലോകചരിത്രത്തെ പ്രശസ്തതരമാക്കുന്നവർ. മടിയനായ പണക്കാരൻ, താൻ കുടിക്കുന്ന ബെഡ് കാഫി പാവങ്ങളുടെ വിയപ്പുതുള്ളികളാണെന്നു എന്നറിയും; താൻ വമിക്കുന്ന ചുരുട്ടുപുക സാധുക്കളുടെ ജാഠരാഗ്നി കരിഞ്ഞു പൊങ്ങുന്നതാണെന്ന് എന്നു മനസ്സിലാക്കും; താൻ ശാപ്പിടുന്ന ചതുർവിധവിഭവങ്ങൾ പട്ടിണിപ്പരിഷയുടെ പചിക്കപ്പെട്ട മജ്ജാസ്ഥിമേദസ്സുകളാണെന്ന് എന്നറിവാൻ തുടങ്ങും. അന്നുമാത്രം നമുക്കു മനുഷ്യചരിത്രത്തിൻെറ ഒരു സജീവരൂപം കാണാം.

അന്നു ലോകത്തിൻെറ ഒരു സുവൎണ്ണകാല്യവേല നമുക്കു കാണാം. അന്നുതന്നെ നമുക്കു ലോകത്തിൻെറ ഒരു സുവൎണ്ണജാതകം എഴുതാം. രണ്ടോ ഒന്നോ പണക്കാരുടെ സന്തോഷച്ചിരി, രണ്ടുകോടിപ്പാവങ്ങളുടെ നിലവിളിയുടെ ഫലമാണെന്നുവന്നാൽ, ആ ലോകസ്ഥിതി എത്രമേൽ നിഷ്ടുവും ബീഭത്സവുമായിരിക്കും?

അലസതയാകുന്ന "പിള്ളതീനി"യുടെ അരുമസ്സന്താനങ്ങളാണു് അനന്തങ്ങളായ രോഗാണുക്കൾ.

"അനുദ്യോഗം മഹാരോഗോ
നരം രഹസി ഹന്തി വൈ,
ആപാതതഃ സുഖാകാരോ
മഹാദുഃഖാകരോഹി സഃ"

എല്ലുമുറിയെപ്പണിചെയ്യാതെ പല്ലുമുറിയെത്തിന്നുന്നവർ 'പിച്ച'യ്ക്കും പിച്ചയാണെന്നു് പിച്ചക്കൂടാതെതന്നെ പറയാം. തനിക്കോ മറെറാരുത്തനൊ വേണ്ടി ഒന്നും ചെയ്യാനാവാത്ത ഒരുവൻെറ പിറവി പറവയുടേതിനേക്കാൾ പരമകഷ്ടം തന്നെ. മറെറാരാൾ ഉരുളയുരുട്ടി വായിൽത്തന്നാൽ പിന്നീടും 'അതു പാകപ്പെട്ടത്താൻ പല്ലും നാക്കും നോക്കിക്കൊള്ളും; അല്ലെങ്കിൽ അതിറങ്ങേണ്ടാ' എന്നു കരുതുന്ന കുഴിമടിയന്മാർ ഇന്നൊട്ടും അപൂൎവ്വമല്ല. ഒരു വാത്സല്യമുള്ള പിതാവു് തൻെറ അരുമ മകനോടു് ഒരിക്കൽ പറഞ്ഞു.

"മന്യേഹമനിശം വത്സ,
ജഡതാം ജീവഘാതിനീം;
വർദ്ധിതഹേന്ദ്രിയഗ്രാമ
തയാജീവോ നിപാത്യതേ."

തൊഴിലൊന്നുമെടുക്കാത്തവൻെറ സങ്കല്പസൃഷ്ടികളാണു് ലോകത്തിലെ മിക്ക ആപത്തുകളും. കുത്തും വെട്ടും കൊല്ലുംകൊലയുമെല്ലാം അവൻെറ പ്രവൃത്തികളാകുന്നു. വ്യായാമരാഹിത്യം ഹൃദയശരീരങ്ങളെ അതിദുർബലങ്ങളാക്കുന്നു. സ്വസ്ഥൻെറ ജീവിതം നിഷ്പ്രയോജനവും ആപൽബഹുലവും, അവൻെറ ആയുസ്സ് അത്യല്പവുമായിത്തീരുന്നു. ഒരുവനു ജീവിതത്തിൽ സഞ്ചയിക്കുവാൻ കഴിയുന്ന ദുഷ്കൃത്യങ്ങളിൽ അതിപ്രധാനമായതു് ആലസ്യവും തൽഫലങ്ങളുമാണു്. ദുർജ്ജനങ്ങളുടെ പ്രാണപ്രേയസിയായ ജഡത, സകല ദുരിതങ്ങളുടേയും ജനനിയാണു; തൻെറ മക്കളാൽ പോഷിപ്പിക്കപ്പെടുന്ന അവൾ ആദ്യം തൻെറ ഭർത്താവിനെ കൊല്ലുന്നു, പതിയുടെ നാശത്തോടുകൂടി അവളും സ്വയം നാശമണയുന്നു.

മേല്പറഞ്ഞതിൽനിന്നു വിശ്രമം അനാവശ്യകമാണെന്നു അർത്ഥമാക്കാൻ പാടില്ല. നിദ്ര, വിശ്രമത്തിൻെറ പത്നിയും, ഉണർച്ചയുടെ മാതാവുമാകുന്നു. എങ്കിലും അതിനെ ഒരു നിശ്ചിതപരിധിയിലല്ല നിറുത്തുവാൻ പാടുള്ളു. ഒരു വിദഗ്ദ്ധ പണ്ഡിതനു് ആറും, വനിതാജനത്തിനു് ഏഴും, ബുദ്ധിശൂന്യനായ മനുഷ്യനു് എട്ടും മണിക്കൂറുകൾവീതം ഉറങ്ങാമെന്നാണു് പാശ്ചാത്യ കവികളിൽ പലരും പറഞ്ഞിട്ടുള്ളതു്. ജീവിതയാപനത്തിൽ ഇന്നു കാണപ്പെടുന്ന തിക്കംതിരക്കും നിമിത്തം പരിക്ഷീണിതരാകുന്നവർക്കു് ഉറക്കം ഒരു നല്ല തണലാണെന്നുള്ളതിനു സംശയമില്ല. എന്നാലും അതിനിദ്ര അനാശാസ്യമാണു്.

'ആലശീല' അണുപോല്യമില്ലാത്ത ഒരു കുട്ടി എപ്പോഴും ഉത്സാഹശീലനായിത്തന്നെ കാണപ്പെടുന്നു. കളിക്കുമ്പോൾ ആ കുഞ്ഞിനുള്ള ആനന്ദം കുറച്ചൊന്നുമല്ല. അതാതിന്ദ്രിയങ്ങൾക്കു വിഷയമാകുന്ന വ്യാപാരങ്ങളെ അനുകരിക്കുന്നതിൽ, കുഞ്ഞു് എപ്പോഴും ഉണന്നിരിക്കും. കാൽതല്ലിയും കയ്യടിച്ചും നിരന്തരമായ വ്യാപാരത്തോടു പരിചയപ്പെടുന്ന ബാലൻെറ അവയവങ്ങൾ ധവളപക്ഷചന്ദ്രൻെറ കലകളെന്നവണ്ണം അനുദിനം വിരിഞ്ഞു വളൎന്നുവരുന്നു. ബാലന്മാർ സ്വസ്ഥമായി അധികനേരം കിടക്കുവാൻ താല്പൎയ്യപ്പെടുന്നില്ല. സൂൎയ്യനുദിച്ചാൽ കുഞ്ഞുങ്ങളുടെ കൺപീലികൾ വിടരുകയായി. കിടപ്പു മിക്കവാറും ഒരു സൊല്ലയെന്നാണു് അവരുടെ ഭാവം. വയസ്സന്മാർ ദീൎഘനിദ്രയെ ഭയന്നു് എത്രദൂരം അകലുവാൻ അതിപരിശ്രമം ചെയ്യുമോ അത്രദൂരം അത്രശ്രമം നിദ്രയേ വിട്ടുമാറാൻ കുഞ്ഞുങ്ങൾ ത്വരിക്കുന്നു. "ഹന്ത! നൽസ്വൎഗ്ഗംതാൻ ബാല്യകാലം" എന്നു് പറഞ്ഞ കേരള മഹാകവി ലോകപരമാൎത്ഥവേദിയാണു്. കുട്ടിക്കാലം അനിമിഷാവസ്ഥയുടേയും അത്യാനന്ദത്തിൻേറയും ലീലാരംഗമാകുന്നു. ബാലനും വൃദ്ധനും ഈശ്വരസാമീപ്യം അധികമുള്ളവരത്രേ! കുട്ടികൾ വളരുംതോറും അവരെ ഐഹികക്ലേശങ്ങൾ അലട്ടുന്നു. പാശ്ചാത്യഭവഭൂതിയെന്നു പറയപ്പെടാവുന്ന വേർഡ്സ്വൎത്ത് മഹാകവി പറഞ്ഞിട്ടുണ്ടു്.

"Heaven lies about us in our infancy;
Shades of the prison-house begin to close
upon the growing boy."

ശൈശവേ വസതി സർവതോപിനഃ
പാലനൈകനിരതോ ജഗല്പതിഃ;
സംസൃതി വ്യസനബന്ധലഗ്നഷാൽ
ബാലകോപി ഭവിതാശനൈശ്ശനൈഃ"

ശാഠ്യംപിടിച്ചാലും കുഞ്ഞുങ്ങളെ നിലത്തുകിടന്നു പരിചയിപ്പിക്കാനുത്സാഹിക്കുന്ന "അമ്മമാരുടെ" തുമ്പില്ലായ്മയെ എത്ര നിന്ദിച്ചാലും മതിവരാൻതരമില്ല. 'അമ്മമാരുടെ' ഈ നിർബന്ധബുദ്ധിയാണു് കുട്ടികളിൽ ആലസ്യബീജത്തെ അങ്കുരിപ്പിക്കുന്നതെന്നു പറഞ്ഞേ പററൂ.

മടി മനുഷ്യൻെറ ശരീരത്തിൽ വീടു കെട്ടിപ്പാക്കുന്ന ഒരു വലിയ ശത്രുവാകുന്നു. ഉത്സാഹത്തെപ്പോലെ ഒരു ഉററ ബന്ധു വേറെയില്ല. എന്തെന്നാൽ ആ ചങ്ങാതി നമ്മുടെ ഒരുമിച്ചുണ്ടായാൽ തളർച്ച നമ്മെ തീണ്ടുകയേ ഇല്ല.

പൌരുഷമെന്ന പേർകൂടി പര്യായരൂപത്തിലുപയോഗിക്കാവുന്ന ഉദ്യമം സ്വാധീനത്തിലായവന്ന ദൈവം വിദൂരത്തിലല്ല. ആദ്യം താൻപാതി, രണ്ടാമത്തു ദൈവം പാതി. ഈ പാതികൾ പരസ്പരം കലന്നു് ഒന്നായി ത്തന്നെ ഇരിക്കയാണു്. മുജ്ജന്മ സംസ്കാരങ്ങളാൽ ലബ്ധമായ കമ്മശക്തിയെ ദൈവമെന്നു പറയുന്നു; ആ പൂർവ്വജന്മസമ്പത്തിനെ പരിശ്രമംകൊണ്ടു ക്ഷണേന കരസ്ഥമാക്കാം. ഉദ്യമത്തിൻെറ അടുക്കൽതന്നെയാണു് ദൈവം കുടിയരുളുന്നതു്. സകല ജനത്താലും വാഴ്ത്തപ്പെടുന്നതും

കരുമനകളെല്ലാം അകററിക്കളെയുന്നതും, ആനന്ദപ്പൂന്തേൻ ചൊരിയുന്നതും, പലതരത്തിലുമുള്ള തടസ്സങ്ങളെ ഒന്നോടെ വെട്ടിത്തുലയ്ക്കുന്നതുമായ ഉദ്യോഗം തന്നെ ദൈവം. Lord Clorendon എന്ന പാശ്ചാത്യകവി പറഞ്ഞിട്ടുണ്ട്:—

"വിദ്യാ ന സാസ്ത്രിജഗതീതികിലാനവദ്യ
യോദ്യോഗിനാഭവതിസാധയിതും ന യോഗ്യാ
ഉദ്യോഗ ഏവ സകലോകതികലാതിശായീ
സദ്യോ ദദാതി ഭുവി മാന്യപദം ജയാനാം."

പാശ്ചാത്യപണ്ഡിതർ പറയുന്ന തത്വജ്ഞാപലം (Philosopher's Stone) ഈ പരിശ്രമംതന്നെയാണ്. ഏതു ലോഹങ്ങളും മററും സ്വർണ്ണമാവുന്നതും, ദാരിദ്ര്യം ഭയന്നോടുന്നതും, മംഗലദേവത അടുക്കൽ വന്നു പുഞ്ചിരി പൊഴിക്കുന്നതും, ഉത്സാഹഫലത്താലാണ്. ഉത്സാഹിയെ ലക്ഷ്മീദേവിയും, മന്ദനെ മൂധേവിയും വരിക്കുന്നു. അതാണു പരമാർത്ഥം. അതറിഞ്ഞാൽ സർവം ശുഭം.

KOTT
ARY

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M03 KOS.H Acc. No. 4505

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

ന03
KOS.H

4505

കോശി എം. ൽ.

ഹൃദ്യോപന്യാസങ്ങൾ.

KOTTAYAM PUBLIC LIBRARY

Call No 1703 KOS.H Acc. No 4505

Author കോശി എം. ജെ.

Title ഹൃദ്യം പ്രസംഗങ്ങൾ.

Indic Digital Archive Foundation

cm

gpura.org